THE MALANKARA SABHA

മലങ്കരസഭ

മാർച്ച് 2015

The Official Media of Malankara Orthodox Syrian Church

Rs : 15

ശുശ്രൂഷയുടെ
അരകെട്ടലിലൂടെ ...

രക്ഷാകരമായ
ഉയിർപ്പു
പെരുന്നാളിലേയ്ക്ക്...

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക

മസ്ക്കറ്റ്

- **പ. കാതോലിക്ക ബാവായുടെ ശ്ലൈഹീക സന്ദർശനം**
- **പീഡാനുഭവ വാരാചരണം**
- **2014-2015 തണൽ ജീവകാരുണ്യ പദ്ധതിയുടെ സമാപനം**

2015 മാർച്ച് 26 മുതൽ ഏപ്രിൽ 4 വരെ



മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ഈ വർഷത്തെ ഹാശാ ശുശ്രൂഷകൾക്ക് മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ **പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ** തിരുമനസ്സു കൊണ്ട് നേതൃത്വം നൽകുന്നു.

സന്ദർശനവേളയിൽ ഇടവകയുടെ 2014-2015 സാമ്പത്തിക വർഷത്തിലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും **'മാർ തേവോദോസ്യോസ് തണൽ ജീവകാരുണ്യ'** പുരസ്കാര ദാനവും പരിശുദ്ധ കാതോലിക്കാ ബാവാ നിർവ്വഹിക്കും. ജീവകാരുണ്യ മേഖലയിലെ നിസ്വാർത്ഥ സേവനവും, നിർദ്ധനരുടെ ക്ഷേമത്തിനുവേണ്ടി നൽകുന്ന സംഭാവനകളും, പരിഗണിച്ചാണ് അവാർഡ് സമ്മാനിക്കുന്നത്.

പ്രതീക്ഷയുടെ കിരണങ്ങൾ
RAYS OF HOPE

തണൽ
2014 - 2015

വി. ഫാ. ഡേവിസ് ചിറമേൽ
കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യ ചെയർമാൻ

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ തണൽ ജീവകാരുണ്യ പദ്ധതിയിലൂടെ വൃക്കരോഗികളെ സഹായിക്കുന്ന ദൗത്യമാണ് ഈ വർഷം ഇടവക ഏറ്റെടുത്തത്. പദ്ധതിയുടെ ഭാഗമായി നൂറോളം വൃക്കരോഗികളെ സഹായിക്കുവാൻ ഇടവകയ്ക്ക് സാധിച്ചു.

'തണൽ' ജീവകാരുണ്യപദ്ധതിയുടെ സമാപനസമ്മേളനം 2015 മാർച്ച് 27-ാം തീയതി വൈകുന്നേരം 6-ന് പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. ഇടവക മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ സ്മരണാർത്ഥം ഇടവക ഏർപ്പെടുത്തിയിരിക്കുന്ന **'മാർ തേവോദോസ്യോസ് തണൽ ജീവകാരുണ്യ പുരസ്കാരം'** സമ്മേളനത്തിൽ കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യ ചെയർമാനും പ്രമുഖ ജീവകാരുണ്യ പ്രവർത്തകനുമായ **ഫാ. ഡേവിസ് ചിറമേലിന്** പരിശുദ്ധ ബാവാ തിരുമേനി സമ്മാനിക്കും.

P. O. Box 984, P. C. 100, Muscat, Sultanate of Oman • Tel. +968 24 702606 • Fax. +968 24 790811 • www.mgocm.org



മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

www.malankarasabhaonline.in
malankarasabha1946@gmail.com
sabhamasika@yahoo.com

ലക്കം 3, പുസ്തകം 72, മാർച്ച് 2015

5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
കുരിശു മരം..

8 രോഗ പ്രതിസന്ധിയും..
ഓർമ്മ
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

10 സത്യം ക്രൂശിക്കപ്പെടുന്നു...
പ്രഭാഷണം
- ഫാ. സജി വർഗീസ് അമയിൽ

12 കൃഷിയിലേയ്ക്ക്..
സമകാലികം
- മുല്ലക്കര രത്നാകരൻ എം.എൽ.എ.

15 പരീക്ഷാ മികവിലൂടെ
വിദ്യാഭ്യാസം
- സുനിൽ ഡി. കുരുവിള

17 കാതോലിക്കാ ദിനം...
ലേഖനം
- ഡോ. ജോർജ് ജോസഫ്

19 കഷ്ടാനുഭവത്തിന്റെ...
പ്രഭാഷണം
- ഫാ. ജോൺ റ്റി. വർഗീസ്, കുളക്കട

26 വേവ് ലെങ്ത്...
ഫിഫ്ത് ജനറേഷൻ
- സഖേർ

34 ഋഷി രാജ്സിംഗ്..
അതിഥി
- ഫാ. ദീപു ഫിലിപ്പ്

സമ്യഗ് ദർശനം,
വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ...



കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ (പാമ്പാടി തിരുമേനി) 50-ാം ഓർമ്മ
ഏപ്രിൽ. 5 മുതൽ
പാമ്പാടി ദയറായിൽ

President
Dr. Zacharias Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Deepu Philip for Orthodox Viswasa Paripalana Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam Kottayam-04;

To Contact Malankara Sabha
For Subscription queries
sabhamasika@yahoo.com
For Editorial queries
malankarasabha1946@gmail.com

www.malankarasabhaonline.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

BRIEFLY

മാർച്ച് 22 ഞായർ മലങ്കര ഓർത്തഡോക്സ് സഭാ ദിനം. (കാതോലിക്കാ ദിനം)
2015-ലെ കാതോലിക്കാദിന നിധി സമാഹരണത്തിലൂടെ 10 കോടിയിലധികം രൂപ സമാഹരിക്കും.

മാനേജിംഗ് കമ്മറ്റി മാർച്ച് 19-ന് പഴയ സെമിനാരിയിൽ നടക്കും. പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കും.

യുവജന പ്രസ്ഥാനത്തിന്റെ 2015 ലെ ചിന്താവിഷയം: 'അവൻ വളരേണം', ഞാനോ കുറയേണം' യോഹ. 3:30.

മാർച്ച് 29 ഓശനാ ഞായറാഴ്ച ഏപ്രിൽ 3 ദുഃഖവെള്ളിയാഴ്ച, ഏപ്രിൽ 5 ഈസ്റ്റർ.

കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ (പാമ്പാടി തിരുമേനി) ചരമ സുവർണ്ണ ജൂബിലി ആഘോഷം ഏപ്രിൽ 5 മുതൽ

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രധാന ശുശ്രൂഷകരുടെ വിവര ശേഖരണം നടത്തുന്നു. പൂരിപ്പിച്ച ബയോഡേറ്റാ ഫോം ഏപ്രിൽ 30-ന് മുമ്പായി സെക്രട്ടറി ശുശ്രൂഷാ സംഘം, മിനോറാ, വെൺമണി ചെങ്ങന്നൂർ എന്ന വിലാസത്തിൽ ലഭിക്കണം.

www.facebook.com/malankarasabha
(മലങ്കരസഭ മാസികയുടെ ഫെയ്സ് ബുക്ക് അക്കൗണ്ട്)

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം.
വിലാസം :
www.catholicatenews.in

മലങ്കരസഭ

10 മാർച്ച് 2015

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

ഗുരുസ്മരണ



പാമ്പാടി തിരുമേനി

പാമ്പാടി തിരുമേനി വാർദ്ധക്യകാലത്തു പള്ളിയോടുചേർന്നു തന്റെ സ്വന്തം കബർമുറി പണിതിരുന്നു. നോമ്പുകാലങ്ങളിലും മറ്റും വളരെ സമയം പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി അതിൽ കഴിഞ്ഞിരുന്നു. അക്കാലങ്ങളിൽ അദ്ദേഹത്തെ സന്ദർശിച്ചിരുന്ന കുട്ടികളായ ഞങ്ങൾക്കു വളരെ അത്ഭുതവും ഭയവും ഉണ്ടാക്കിയ സംഗതിയായിരുന്നു അത്. പള്ളിയുടെ സെമിത്തേരിയിൽ ഒറ്റയ്ക്കുപോകുന്നതും മറ്റും ഉളവാക്കിയിരുന്ന ഭയം ഞങ്ങൾക്കറിയാമായിരുന്നു. മരിക്കുന്നതിനു മുൻപു തന്നെ ഒരാൾ സ്വന്തം ശവക്കുഴിയുണ്ടാക്കി, അതിന്റെ മുകളിൽ സ്ലാബിട്ടിരുന്നു പ്രാർത്ഥിക്കുകയും വിശ്രമിക്കുകയും ചെയ്യുന്നത് അന്ന് ഒരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല.

പിൽക്കാലത്താണ്, മരണഭയത്തെ മറികടന്ന വിശുദ്ധനായ ആ തിരുമേനി എന്താണു ചെയ്തുകൊണ്ടിരുന്നത് എന്ന് അൽപമെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു സന്യാസിയുടെ ജീവിതം മരണത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പാണ് എന്നു സന്യാസപ്രസ്ഥാനം പഠിപ്പിച്ചു. അതുകൊണ്ടു മരണത്തെക്കുറിച്ചുള്ള നിരന്തരധ്യാനം ആവശ്യമായിവരുന്നു. ഇവിടെയാണ് ഒരു സന്യാസിയും ലൗകികജീവിതം നയിക്കുന്ന ഒരു വ്യക്തിയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിലൊന്ന്. ലൗകികൻ ഏറ്റവും അധികം ഭയപ്പെടുന്നതു മരണത്തെയാണ്. ഒരളവിൽ എല്ലാ ജീവികളും അങ്ങനെയാണ്. മനുഷ്യേതരജീവികൾ വാസനാബലംകൊണ്ടു മരണത്തിൽനിന്നു കുതറിമാറാൻ ശ്രമിക്കുന്നു. മനുഷ്യൻ ബുദ്ധികൊണ്ടും ശാസ്ത്രീയ വൈദ്യവിദ്യകൊണ്ടും മരണത്തിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്നു. ലൗകികമനുഷ്യൻ ഒരിക്കലും ശാന്തമായ മനസ്സോടെ മരണത്തെ നേരിടുന്ന പ്രശ്നമേയില്ല.

എന്നാൽ, തന്റെ ജീവിതത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ യുഗാന്ത്യദർശനത്തിലൂടെ മുൻകൂട്ടി കാണുന്ന സന്യാസി ബോധപൂർവം, സമചിത്തതയോടെ മരണത്തിനായി തയ്യാറെടുക്കുന്നു. 'വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോട് കൂടെയിരിക്കുന്നത് എനിക്കേറെയിഷ്ടം' എന്നു പറയുന്ന പൗലോസ് ശ്ലീഹാ ഇങ്ങനെ മരണത്തെ സന്തോഷപൂർവം സ്വാഗതം ചെയ്യുന്നു. കാരണം, ഞെരുക്കവും ഞരക്കവുമുള്ള ഈ ഇടുങ്ങിയ ക്ഷണികജീവിതത്തെ പ്രകാശപൂർണമായ നിത്യമണവറയുമായി തട്ടിച്ചുനോക്കാനുള്ള ഉൾക്കാഴ്ചയും ആത്മധൈര്യവും നേടിയ വിശുദ്ധനായിരുന്നു അദ്ദേഹം.

പരദേശിയായി കഴിയുന്ന ആൾ എത്രമാത്രം സന്തോഷത്തോടെയാണോ തന്റെ സ്വന്തം ഭവനത്തിലെത്തുന്ന ഭാവിസന്ദർഭം മനസ്സിൽ കാണുന്നത് അതുപോലെയാണ് ഈ ലോകജീവിതം നയിക്കുന്ന പരിശുദ്ധന്മാരും ശുദ്ധിമതികളും മരണത്തിന്റെ വാതിലിലൂടെ സ്വന്തം ഭവനത്തിലെത്തിച്ചേരാൻ തീഷ്ണമായി ആഗ്രഹിക്കുന്നത്. ഒരു തീർത്ഥാടനകേന്ദ്രത്തിലേക്കു വലിയ ആത്മീയ ഒരുക്കത്തോടെയും ആഗ്രഹത്തോടെയും ബഹുദൂരം സഞ്ചരിക്കുന്ന തീർത്ഥാടകൻ താൻ സന്ദർശിക്കാൻ പോകുന്ന പള്ളിയുടെ ഗോപുരത്തിന്റെ അതിവിദൂരദർശനം ആദ്യമായി ലഭിക്കുമ്പോൾ ആനന്ദപൂർണനായിതീരുന്നതുപോലെയാണു വിശുദ്ധന്മാർക്കു മരണത്തിന്റെ വിദൂരദർശനം. മരണത്തെ ഭയപ്പെടുകയും അതിൽനിന്നു തെറ്റിയൊഴിയാൻ ശ്രമിക്കുകയും ചെയ്യുന്ന ലൗകിക മനുഷ്യർക്ക് ഇതൊരിക്കലും മനസ്സിലാക്കാനാവില്ല.

ഓർത്തഡോക്സ് ആധ്യാത്മികതയിൽ ഏറ്റവും വലിയ വിജയമായി കരുതുന്നതു മരണഭയത്തിന്മേലുള്ള വിജയമാണ്. മനുഷ്യന്റെ എല്ലാ തിന്മകളും ഉത്ഭവിക്കുന്നതു മരണഭയത്തിൽ നിന്നാണ്. മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളായ ആർജ്ജനത്വരയും അക്രമവാസനയും ഉപഭോഗാസക്തിയും ഇന്ദ്രിയ സുഖാന്വേഷണവും മരണത്തെക്കുറിച്ചുള്ള ഭയത്തിൽനിന്ന് ഉടലെടുക്കുന്നു. അതുകൊണ്ടാണു സന്യാസജീവിതത്തിലും പൊതുവേ ആധ്യാത്മികതയിലും മരണഭയത്തെ മറികടക്കുന്നത് ഏറ്റവും വലിയ നേട്ടമായി കരുതപ്പെടുന്നത്. തന്റെ സ്വന്തം ശവക്കുഴിയുടെ മേൽ പാദങ്ങൾ ഉറപ്പിച്ച് പ്രശാന്തമാനസനായി ദൈവസ്തുതി നടത്തുന്ന ഒരാൾ ഈ ആത്യന്തികഭയത്തെ ചവിട്ടിമെതിക്കുകയാണ്.

– ഫാ.ഡോ.കെ.എം. ജോർജ്

EDITORIAL BOARD

പ്രസിഡന്റ്
ഡോ. സഖറിയാസ് മാർ അപ്രേം
മെത്രാപ്പോലീത്താ
Phone: 0481-2578500, 2578499

ചീഫ് എഡിറ്റർ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 9447141639

മാനേജിംഗ് എഡിറ്റർ
ഫാ. ദീപു ഫിലിപ്പ്
Mob:- 9446996224

സബ് എഡിറ്റർ
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

സർക്കുലേഷൻ മാനേജർ
കെ. എ. ജോൺ
Mob:- 9744648617

അംഗങ്ങൾ
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. ഡോ. പിസി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

Cover & Graphic Designing:-
Jinto Kurichy at
Malankara Sabha

www.malankarasabhaonline.in

വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റപ്രതി:15 രൂപ
ഒരുവർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ
6 വർഷം: 1000 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം. പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

www.facebook.com:
malankarasabha

മഹാപുരോഹിത സന്ദേശം

2015-ലെ **കാതോലിക്കാദിനം** അഥവാ **സഭാദിനം** മാർച്ച് മാസം 22-ാം തീയതി (പരിശുദ്ധ വലിയനോമ്പിലെ 36-ാം ഞായറാഴ്ച) പരിശുദ്ധ സഭ ഒന്നാകെ യഥോചിതം ആചരിക്കുകയാണല്ലോ. സത്യവിശ്വാസത്തിൽ വേരൂന്നി അനുദിനം വളർന്നുവരുവാനും കൂദാശകളിൽ അധിഷ്ഠിതമായ ആരാധനാ ജീവിതം നയിക്കുവാനും നാം പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന് ഓർക്കണം. നമ്മുടെ കുടുംബങ്ങളുടെ വിശുദ്ധീകരണമാണ് പരിശുദ്ധ സഭയുടെ ആത്മീയ വളർച്ചയ്ക്ക് ഏറെ ആവശ്യമായിരിക്കുന്നത് എന്ന ബോദ്ധ്യത്തോടെ തികഞ്ഞ ദൈവാശ്രയത്തോടും, വിനയത്തോടും കൂടി വിശുദ്ധിയിൽ ജീവിക്കുവാൻ നാം നിങ്ങളേവരേയും ആഹ്വാനം ചെയ്യുന്നു. അനുദിന പ്രാർത്ഥനകളും, നോമ്പനുഷ്ഠാനങ്ങളും ജാഗ്രതയോടെ നിർവ്വഹിച്ചുകൊണ്ട് നന്മ പ്രവൃത്തികളിലൂടെ ദൈവീകരായി വളരുവാൻ ഏവരും ഉത്സാഹിക്കണം. പരിശുദ്ധ സഭയുടെ അഭിമാനത്തിനും സമ്പന്നമായ അതിന്റെ പൈതൃകത്തിനും അനുസൃതമായ നിലയിൽ കാതോലിക്കാദിനം ആചരിക്കുന്നതിന് നിങ്ങൾ ഏവരും പ്രത്യേകം ശ്രദ്ധിക്കണം. പതിവനുസരിച്ചുള്ള എല്ലാ പരിപാടികളും, കേന്ദ്രനിർദ്ദേശപ്രകാരം നമ്മുടെ എല്ലാ പള്ളികളിലും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. അന്നേ ദിവസം രാവിലെ കാതോലിക്കേറ്റ് പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണം. വി. കുർബ്ബാനയെ തുടർന്ന് പരിശുദ്ധ സഭയുടെ വിശ്വാസം, പാരമ്പര്യം, സ്വാതന്ത്ര്യം, നമ്മുടെ പൂർവ്വിക പിതാക്കന്മാരുടെ ധീരമായ നിലപാടുകൾ എന്നിവയെപ്പറ്റി വിശ്വാസികളെ പ്രബോധിപ്പിക്കണം. തുടർന്ന് സഭാദിന പ്രതിജ്ഞ എടുക്കണം. കാതോലിക്കാദിനാചരണം അങ്ങേയറ്റം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഇടവക ഭരണസമിതിയുടെ ആലോചനയോടെ വികാരിമാർ നേതൃത്വം നൽകണം.

പ്രിയ മക്കളെ, കാതോലിക്കാദിനത്തോടനുബന്ധിച്ചുള്ള ധനസമാഹരണം ഈ വർഷവും ക്രമീകരിച്ചിട്ടുണ്ട്. പരിശുദ്ധ സഭയുടെ വിവിധ ആവശ്യങ്ങൾക്കുള്ള പ്രധാന വരുമാന സ്രോതസ്സ് ഈ സംരംഭത്തിൽ നിന്നും ലഭിക്കുന്ന തുകയാണ്. മാത്രമല്ല മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദിയോടനുബന്ധിച്ച് വിവിധ തലങ്ങളിലായി നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും, നിർധനരുടെ ഉന്നമനത്തിനും, വൈദികരുടെയും ശുശ്രൂഷകരുടെയും ക്ഷേമത്തിനും, ആത്മീയ സംഘടനകളുടെ പുരോഗതിക്കും മറ്റുമായി നടത്തുന്ന പദ്ധതികൾക്ക് കൂടുതൽ തുക ആവശ്യമായിരിക്കുകയാണ്. ആയതിനാൽ 2015-16 വർഷത്തിൽ പത്ത് കോടി രൂപാ എങ്കിലും കാതോലിക്കാദിന പിരിവിലൂടെ ശേഖരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്. കാതോലിക്കാദിനനിധി ശേഖരണത്തിൽ ഇടവക വികാരിമാർ പ്രത്യേകം താൽപര്യം പുലർത്തുകയും ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിക്കുകയും ചെയ്യണം. ഈ തുകയോടുകൂടി സഭാദിന കാണിക്കയും, റശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ അടച്ച് സഭയെ സഹായിക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ആവശ്യപ്പെടുന്നു.

നമ്മുടെ രക്ഷകനായ യേശുമശിഹായുടെ രക്ഷാകരമായ ഉയിർപ്പ് പെരുന്നാൾ ആത്മ വിശുദ്ധിയുടെ നിറവിൽ ആചരിപ്പാൻ നമുക്ക് സംഗതിയാകണം. കുരിശിലൂടെയുള്ള ഉത്ഥാനത്തിന്റെ മഹത്വം നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനവും അനുഭവവുമായി തീരട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

EDITORIAL

കുരിശു മരം



CROSS: The Tree of Life

കുരിശ് 'വിജയക്കൊടിയും' ക്രിസ്തീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകവുമാണ്.

പ്രത്യാശയുടേയും ജീവന്റേയും അടയാളവും. ഉയിർപ്പിന്റേതും.

'

ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തി ആത്മകണ്ണാൽ നോക്കി വന്ദിക്കേണ്ടതാകുന്നു. കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നത് കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനേയും തന്റെ കുരിശുമരണത്തേയും വന്ദിക്കുകയത്രേ.

- പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

* * *

ക്രിസ്തുവിന്റെ സഹനം, തിരസ്ക്കരണം, ക്രൂശീകരണം ഇവയിൽ പങ്കാളിയായാൽ മാത്രമേ ഒരുവൻ ക്രിസ്തുവിന്റെ ശിഷ്യനായി തീരുന്നുള്ളൂ. ക്രൂശ് എന്നാൽ കഷ്ടത, അപമാനം, തിരസ്ക്കരണം എന്നിവയാണ്. ഇത് യേശുവിന്റെ ശിഷ്യത്വത്തിലെ അഭേദ്യ ബന്ധമാണ്.

- ഡീട്രിച്ച് ബോൺഹോഫർ

* * *

ഗുരുക്കന്മാരുടെ ഏറ്റവും വലിയ ശക്തി സൈനിക ശക്തിയല്ല. വിനയവും ക്ഷമയും കൊണ്ടുണ്ടാകുന്ന ആദ്ധ്യാത്മീക ശക്തിയാണ്. യേശു എന്ന മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുന്നു. എങ്കിലും, യേശുവിലെ ദൈവപുത്രൻ ചിരഞ്ജീവിയാണ്.

- മുനി നാരായണ പ്രസാദ്

* * *

'

യേശുവിന്റെ പീഡാനുഭവം, ക്രൂശാരോഹണം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയുടെ സമഗ്രവും ഏകവുമായ പ്രതീകമാണ് കുരിശ്. ക്രിസ്തീയ വിശ്വാസത്തിന്റെ മൗലിക പ്രമാണങ്ങൾ ഉറപ്പിച്ചിരിക്കുന്നത് കുരിശിന്റെ അടിത്തറയിലാണ്. കാൽവറിയിൽ പ്രകാശം പരത്തിയ സ്നേഹം, ത്യാഗം, ക്ഷമ എന്നിവയോടുള്ള താദാത്മ്യമാണ് 'കുരിശിന്റെ വഴി'യിൽ അനുദിനം വെളിപ്പെടുന്നത്.

കാൽവറി ക്രൂശിലെ പ്രാണാർപ്പണം വിസ്മയനീയവും ദൈവിക രഹസ്യം നിറഞ്ഞതുമായിരുന്നു. മുൾക്കിരീടം ധരിച്ച്, കുരിശ് തോളിൽ വഹിച്ച്, കാൽവറി കയറിയ യേശുവിന്റെ കൈകളും കാലുകളും കുരിശിൽ ആണികൊണ്ട് തറയ്ക്കപ്പെട്ടു പ്രപഞ്ച സ്രഷ്ടാവും മാലാഖമാരുടെ നാഥനും കുരിശിൽ തറയ്ക്കപ്പെട്ടു. ജീവവൃക്ഷമാകുന്ന മശിഹാ തമ്പുരാൻ വിനയപ്പെട്ട് അധിക്ഷേപവും അപഹാസവും സ്വീകരിച്ച് ക്രൂശിലേക്ക് കയറി, സ്വമനസ്സാലെ മരണത്തിന് ഏല്പിച്ചു കൊടുത്തു. 'കുരിശിന്മേൽ തറയ്ക്കപ്പെട്ടവൻ, മഹിമയോടെ മൂന്നാം നാൾ ജീവിച്ചെഴുന്നേറ്റു. സഹനവും, മരണവും, ഉയിർപ്പും സമന്വയിപ്പിക്കുന്ന കുരിശ്, ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ 'സ്ലീബായായി'. ഇത് രക്ഷാകരമായ കഷ്ടാനുഭവവും ജീവദായകമായ അനുഭവവുമാണ്.

ആരാധനാ ക്രമങ്ങളിൽ *രക്ഷാകരമായ കുരിശ്, ജീവകരമായ സ്ലീബാ, വിജയകരമായ കുരിശ്, ജീവനുള്ള കുരിശ്* എന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. കുരിശിനെ *വിജയത്തിന്റെ പാത, രക്ഷയുടെ ആയുധം, അജയ്യമായ ഭുജം, മഹത്തരമായ അടയാളം, ജീവിപ്പിക്കുന്ന മുദ്ര* എന്നു വിശേഷിപ്പിക്കുന്നു.

കുരിശിന്റെ അർത്ഥവും വ്യാപ്തിയും ധ്വനിപ്പിക്കുന്ന ശക്തമായ പ്രതീകമാണ് *കുരിശുമരം*. ജീവവൃക്ഷമാകുന്ന മശിഹാതമ്പുരാൻ കുരിശിലേക്ക് കയറി എന്നും *ജീവനുള്ള കുരിശ്* പാപത്തെ ക്രൂശിൽ തറച്ചു എന്നും *കുരിശുമരത്തിന്മേൽ നീ തറയ്ക്കപ്പെട്ടു* എന്നുമാണ് പീഡാനുഭവ ശുശ്രൂഷയിലുള്ളത്. *ജീവമരം, കുരിശുമരം, ജീവനുള്ള കുരിശ്* എന്നീ പ്രതീകങ്ങൾ കുരി

EDITORIAL

ശിന്റെ സജീവതയേയും ജീവദായകതയേയും വിളിച്ചറിയിക്കുന്നു. ജീവനും ജീവദായകവുമായ കുരിശ് പ്രത്യാശയുടേതാണ്. കുരിശുമരത്തിലെ ജീവൻ അമൃതത്ത്വം നൽകുന്നു. മരം എപ്പോഴും വളർച്ചയുടെ പ്രതീകമാണ്. തണൽ, കുളിർമ, സംരക്ഷണം, ശുദ്ധീകരണം എന്നിവ പകരുന്നു. *ജീവമരം* എന്ന *കുരിശു മരം* ജീവന്റെയും പ്രത്യാശയുടെയും സമൃദ്ധിയുടെയും അടയാളമാണ്. അതിനാൽ *കുരിശു തണ്ടിന്മേൽ വയ്ക്കപ്പെട്ട മഹാദീപം* എന്നും *നീതി സൂര്യൻ കുരിശിൽ തറയ്ക്കപ്പെട്ടു* എന്നും *ഞങ്ങൾക്കുവേണ്ടി സ്ലീബായിൽ തൂങ്ങി* എന്നും യേശുവിന്റെ പീഡാനുഭവത്തെ പ്രകീർത്തിക്കുന്നു. 'ജീവകരമായ സ്ലീബാ', 'രക്ഷാകരമായ അടയാള'മായതിനാൽ സഭയെ കുരിശുകൊണ്ട് സംരക്ഷിക്കണമെ എന്ന് പ്രാർത്ഥിക്കുന്നു. കാൽവറിയിലെ ക്രൂശുമരണം പുണ്യാകരമായ ജീവനുള്ള ബലിയാണ്. 'കുരിശിന്റെ മാർഗ്ഗം' യഥാർത്ഥ വഴിയും സത്യവും ജീവനും പങ്കിടുന്നതാണ്.

പഴയ നിയമത്തിലെ പല സംഭവങ്ങളും പ്രവചനങ്ങളും കുരിശിന്റെ രക്ഷാകരമായ പദ്ധതിയെ മുൻകൂട്ടി വെളിപ്പെടുത്തുന്നതായി ഗുരുക്കന്മാർ വ്യാഖ്യാനിക്കുന്നു. സംഹാര ദൂതനെ തടയുന്നതിന് കറുമ്പടി മേലും കട്ടിളക്കാൽ മേലുമുള്ള രക്തം തേക്കൽ (പുറ. 12 .23), മോശ കയ്യിൽ ധരിച്ച അടയാളവും 'കണ്ണുകളുടെ നടുവിലെ നെറ്റിപ്പട്ടയും' (പുറ. 14.6), ശത്രുക്കളുടെ പരാജയത്തിനായി മോശയുടെ കൈ ഉയർത്തലും (പുറ. 17: 8 - 15), മരുഭൂമിയിൽ മോശ നാട്ടിയ പിത്തള സർപ്പവും (സംഖ്യ 21. 6 - 9), കുരിശിന്റെ മുൻകുറികളാണ്. 'മരത്തിൽ തൂങ്ങി മരിച്ചവൻ (പുറ. 21 . 22), മിശിഹായുടെ കഷ്ടാനുഭവ ദർശനം (സങ്കി.22), നെറ്റിയിലെ രക്ഷാകരമായ അടയാളം (യെഹസ്കി 9:3 -6) എന്നിവ പാപത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള രക്ഷയുടെ അടയാളമായി വ്യാഖ്യാനിക്കുന്നു.

കുരിശിന്റെ മഹത്തായ ദർശനം യേശു വെളിപ്പെടുത്തുന്നത് 'ക്രൂശ് എടുത്ത് എന്നെ അനുഗമിക്കുക' എന്ന പ്രഖ്യാപനത്തിലാണ് (മത്ത 10 : 38 - 39, 16 : 24 - 25, മർക്കോ. 8: 34 -35, ലൂക്കോ 9 : 23 - 24, 14 :27). നിന്ദയും തിരസ്കാരവും മുൾക്കിരീടവും വിമോചനവും കുരിശിന്റെ വഴിയാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തിന്റെ അന്തസത്ത കുരിശിന്റെ ജീവിതമാണ്. പരസ്യ ശുശ്രൂഷയിൽ മൂന്നു പ്രാവശ്യം യേശു പീഡാനുഭവത്തേയും, ക്രൂശു മരണത്തേയും സൂചിപ്പിക്കുന്നു. (മത്താ 16 : 21, 17 : 22, 22-23, 20 : 18 - 19). യേശുവിനെ അനുഗമിക്കുന്നവർ 'ക്രൂശിനെ' സ്വീകരിക്കുവാൻ ആഹ്വാനം ചെയ്യുന്നു (ലൂക്കാ 9: 22 - 24).

കുരിശിന്റെ അടയാളം ക്രിസ്തുവിന്റെ മഹത്തരമായ രണ്ടാം വരവിന്റെ പ്രതീകമായും (യശ്ശ. 11.10 - 12, മത്തായി 24: 30) ആശീർവാദത്തിന്റെ ചിഹ്നമായും. അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന്റെ ഭാവമായും കണക്കാക്കുന്നു. വിശ്വാസത്തിന്റെ പരിചയായ കുരിശ് (എഫേ 6,16) വിശുദ്ധ മാമോദീസായിൽ കൂടി ആദ്യം ലഭ്യമാകുന്നു. കുരിശിന്റെ അടയാളം ദൈവജനത്തിന്റെ അടയാളമാണ് (ഗല 5:11, 6 : 14). വിശുദ്ധീകരിക്കപ്പെട്ട് സഭയെ ശുശ്രൂഷിക്കുവാനും സഭയുടെ കൂദാശാനുഭവത്തിൽ പങ്കു ചേരുവാനും വിശ്വാസികളെ 'കുരിശിന്റെ അടയാളത്തിലൂടെ' സജ്ജമാക്കുന്നു.

ഓർത്തഡോക്സ് ആരാധന ക്രമത്തിൽ കുരിശ് നിത്യ ജീവൻ അവകാശമാക്കുന്നതിന്റെ വാഗ്ദാനമാണ്. കുരിശിനെ ഏദൻ തോട്ടത്തിലെ ജീവ വൃക്ഷമായി താരതമ്യം ചെയ്തിട്ടുണ്ട് (ഉല്പ. 2:9, 3 :22 - 24). വലിയ മാർ ബസേലിയോസ് (+330 - 379), 'ക്രിസ്ത്യാനികൾ ജീവവൃക്ഷമായി' തീരണമെന്ന് (സങ്കീ. 1 : 1 -3) പ്രബോധിപ്പിക്കുന്നു. കുരിശ് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തേക്കുള്ള ഗോവണിയാണ് (1 തിമോ. 2:5, എബ്രാ 8 : 6 ; 9 :15, 12 : 24). ക്രൂശിതനായ യേശുവിന്റെ ജീവിതം യാക്കോബ് കണ്ട ഗോവണിയുടെ പ്രതീകമാണ് - മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കാഴ്ചയുടെ അനുഭവം. കുരിശ് യേശുവിന്റെ രക്ഷാ പ്രവർത്തനങ്ങൾ സംവേദിപ്പിക്കുന്നതിന് മാത്രമുള്ളതല്ല. കുരിശ് മനുഷ്യ വർഗ്ഗത്തെ രൂപാന്തരപ്പെടുത്തുവാനുമുള്ളതാണ്. ക്രൂശിന്റെ അനുഭവത്തിൽ എത്തിച്ചേരുമ്പോഴാണ് യഥാർത്ഥ രൂപാന്തരം. ശുഭ്രമായ ജീവജലനദിയും ജീവവൃക്ഷവും ക്രിസ്തീയ പ്രത്യാശയുടെയും ജീവന്റെയും പുതുലോക പ്രതീകവുമാണ് (വെളി. 22:1-5).

ഭൗതീക മോഹങ്ങളെ പരിത്യജിക്കുക, ക്രിസ്തു വിശ്വാസത്തിൽ ഉറച്ചു നിൽക്കുക (എബ്രാ 12 : 2 - 3), ക്രിസ്തു സ്നേഹം വെളിപ്പെടുത്തുക (യോഹ. 15:13) എന്നിവയിൽ അടിസ്ഥാനമിട്ടെങ്കിൽ മാത്രമേ, കുരിശിന്റെ സ്നേഹവും ശിഷ്യത്വവും പൂർണ്ണമായി ഉൾക്കൊള്ളുവാൻ കഴിയൂ. ക്രിസ്തുവിന്റെ കുരിശ് ബലിയർപ്പണത്തിന്റെയും പരിത്യാഗത്തിന്റെയും ശുശ്രൂഷയാണ്. ജീവൻ പങ്കിടുന്നതും ജീവിപ്പിക്കുന്നതുമായ ജയകരമായ മുദ്രയാണിത്.

> “ കുരിശു വരയ്ക്കുന്നത് 'കുരിശു വഹിക്കുവാനും, ക്രൂശിക്കപ്പെടുവാനു'മാണ്. തിന്മകളെയും പ്രലോഭനങ്ങളേയും സ്വാർത്ഥതകളെയും പരിത്യജിക്കുവാൻ കഴിയണം. കാൽവറിയിൽ വെളിപ്പെട്ട ക്രിസ്തു സ്നേഹത്തോടുള്ള സമ്പൂർണ്ണ സമർപ്പണമാണിത്. പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും ഇത് നിർവഹിക്കണം. ”

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ചീഫ് എഡിറ്റർ
karingattilachan@gmail.com



ഓർമ്മ

രോഗപ്രതിസന്ധിയും പ്രതികരണവും





■ **ഫാ. ഡോ. റ്റി. ജെ. ജോഷ്വാ**

ഇംഗ്ലണ്ടിലെ പഠനം പൂർത്തിയാക്കിയ ശേഷം പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രത്യേക താല്പര്യപ്രകാരമാണ് ഫാ. കെ. ജി. ജോർജ് (ഗീവർഗീസ് മാർ ഈവാനിയോസ്) സെമിനാരിയിൽ അദ്ധ്യാപകനായി എത്തുന്നത്. അദ്ദേഹത്തിന്റെ ജീവിതനിഷ്ഠകളും, പ്രാർത്ഥനാനുഭവവും, സെമിനാരി സമൂഹത്തിന് ഏറെ പ്രയോജനപ്രദമായിരിക്കും എന്ന പ്രതീക്ഷ എല്ലാവർക്കുമുണ്ടായിരുന്നു. എന്റെ ഇളയ ഒരു സഹോദരനെപ്പോലെ ഞാൻ അദ്ദേഹത്തെ കാണുകയും അത്തരത്തിലുള്ള സൗഹൃദം പുലർത്തുകയും ചെയ്തു. എക്കാലത്തും ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ എന്നെ വീക്ഷിക്കുകയും അത്തരത്തിലുള്ള ബഹുമാനവും പരിഗണനയും എനിക്കു നൽകുകയും ചെയ്തു. അന്തർമുഖനും, മിതഭാഷിയുമായിരുന്ന ഫാദർ കെ. ജി. ജോർജ്ജ് മറ്റുള്ളവരുമായി ഇടപഴകുവാൻ അധികം താല്പര്യമെടുത്തിരുന്നില്ല. സെമിനാരിയിലെ വാർഡൻ എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് അദ്ദേഹത്തെ ഭയമായിരുന്നു. ഡിസിപ്ലിൻ പാലിക്കുക എന്ന കാര്യത്തിൽ കർക്കശക്കാരനായിരുന്നതാണ് അതിന്റെ കാരണം.

അങ്ങനെ സന്തോഷപ്രദമായി സെമിനാരി ജീവിതം തുടരുമ്പോൾ അദ്ദേഹത്തിന് ചില അസുഖങ്ങൾ അനുഭവപ്പെട്ടു. വിദഗ്ദ്ധ ചികിത്സയ്ക്കായി കോലഞ്ചേരി ഹോസ്പിറ്റലിൽ പോയി. അവിടെ രണ്ടാഴ്ചയിലധികം ചെലവിട്ടെങ്കിലും രോഗനിർണ്ണയം വരുത്തുവാൻ അവിടുത്തെ ഡോക്ടർമാർക്കു കഴിഞ്ഞില്ല. അവിടെ നിന്നും തിരിച്ചു വന്ന് കോട്ടയത്തുള്ള കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ പലവിധ പരിശോധനകളും നടത്തി. ഒടുവിൽ ലിംഫോമ (കാൻസർ) ആണെന്ന നിഗമനത്തിൽ അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർ പത്രോസ് മത്തായി വന്നെത്തി. ഉടൻതന്നെ അദ്ദേഹം സെമിനാരിയിൽ വിളിച്ചറിയിച്ചു. വിദഗ്ധ ചികിത്സയ്ക്കായി വെല്ലൂർ മെഡിക്കൽ മിഷൻ ആശുപത്രിയിലോ മദ്രാസിലെ അടയാർ ഹോസ്പിറ്റലിലോ ഒട്ടും വൈകാതെ കൊണ്ടുപോകണം. ആ സന്ദേശം എനിക്കാണു കിട്ടിയത്. പിറ്റേ ദിവസം തന്നെ മദ്രാസിനു പോകാൻ തീരുമാനിച്ചു.

കാൻസർ എന്ന പേരു കേൾക്കുമ്പോൾ തന്നെ പലർക്കും ഭയമാണ്. മരണവാറണ്ടുമായിട്ടാണ് ആ രോഗം വന്നെത്തുന്നത് എന്ന ചിന്തയാണുള്ളത്. എന്നെ രണ്ടു പ്രാവശ്യം ഈ മാരകരോഗം ഇരയാക്കിയതാണ്. ആദ്യം എന്റെ നാവിലും പിന്നീട് താടിക്കു കീഴെയുള്ള ഒരു ഗ്രന്ഥിയിലുമായിരുന്നു. രണ്ടു പ്രാവശ്യവും രോഗം നേരത്തേ കണ്ടു പിടിക്കാനും തക്കസമയത്ത് വിദഗ്ധമായ ചികിത്സ ലഭിക്കാനും ഇടയായതുകൊണ്ട്, രണ്ടു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇപ്പോഴും ഞാൻ ആരോഗ്യവാനായിരിക്കുന്നു. കാൻസറിന്റെ കടന്നാക്രമണത്തെ പ്രതിരോധിക്കാനും ചെറുത്തു തോല്പിക്കാനും കഴിയും എന്നുള്ളതായിരുന്നു ഫാ. കെ. ജി. ജോർജിനെ അടയാറിലേക്കു അനുഗമിക്കാൻ എന്നെ യോഗ്യനാക്കിയത്.

പ്രാർത്ഥനാനിരതനും, താപസവര്യനുമായ ഫാ. കെ.ജി. ജോർജ് അവിടുത്തെ ഡോക്ടേഴ്സിന്റെ ശ്രദ്ധ പിടിച്ചു പറ്റി. മെഡിക്കൽ സൂപ്രണ്ടായിരുന്ന ഡോക്ടർ ശാന്ത, വളരെ ആദരവോടെയാണ് ഇടപെട്ടത്. ചില സൗജന്യങ്ങൾ അവിടെ ഉണ്ടായിരുന്നു. അത് പ്രയോജനപ്പെട്ടു. നമ്മുടെ സമൂഹത്തിലെ ക്യാൻസർ രോഗത്തിന്റെ വ്യാപ്തി മനസ്സിലായത് അടയാറിൽ എത്തിയപ്പോഴാണ്. ബോംബെയിലെ ബർളാ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും ഞാൻ സന്ദർശിച്ചിട്ടുണ്ട്. എല്ലാ പ്രായത്തിലുള്ളവരെയും ഈ രോഗം ബാധിക്കും. ശരീരത്തിന്റെ ഏത് അവയവത്തിനും ഇതു ബാധിക്കാം ഇന്ന് ഈ രോഗബാധിതരുടെ സംഖ്യ എത്രയധികം വർദ്ധിച്ചിരുക്കുന്നു. ഒരാൾ പറയുകയുണ്ടായി, പത്തുപേരെ കണ്ടാൽ അവരിൽ ഒരാൾക്ക് ഈ രോഗം ബാധിച്ചിട്ടുണ്ടാകും. അതിശയോക്തിയുണ്ടെങ്കിലും രോഗത്തിന്റെ വ്യാപ്തി ആരെയും ഞെട്ടിക്കത്തക്ക വിധത്തിലാണ്.

രോഗത്തിന്റെ ആരംഭദശയിൽ തന്നെ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ ചികിത്സ മൂലം സുഖപ്രാപ്തി സാധ്യമാണ്. വിദഗ്ധ ചികിത്സ യഥാസമയം ലഭിക്കണമെന്നു മാത്രം. പലപ്പോഴും വളരെ വൈകിമാത്രമാണു രോഗനിർണ്ണയമുണ്ടാവുക. അതിനു പല കാരണങ്ങൾ കാണാം. കാര്യമായ അസുഖങ്ങളോ വേദനകളോ ഒന്നും പ്രത്യക്ഷത്തിൽ അനുഭവപ്പെട്ടില്ല എന്നു വരാം. ഉണ്ടാകുന്ന അസുഖങ്ങൾക്കു കാരണം ശരിക്കും മനസ്സിലാക്കാതെ തെറ്റായ ചികിത്സകൾ നടത്തി സമയം വൈകിച്ചു എന്നു വരാം. ചികിത്സിക്കുന്ന ഡോക്ടർ രോഗനിർണ്ണയത്തിൽ പരാജയപ്പെട്ടു എന്നും വരാം. ഏത് അവയവത്തിനും ഈ രോഗം ബാധിക്കുന്നു എന്നതും പരിഗണിക്കേണ്ടതാണ്. ചില അവയവങ്ങൾക്കു ബാധിച്ചാൽ വേഗത്തിൽ വ്യാപിക്കാനും മാരകമായി പരിണമിക്കാനുമിടയുണ്ട്.

മൂന്നു ചികിത്സാ ക്രമങ്ങളാണുള്ളത്. ഒന്ന് ശസ്ത്രക്രിയ ആണ്. അർബുദം ബാധിച്ച ശരീരഭാഗം സൂക്ഷ്മമായും വിദഗ്ധമായും ശസ്ത്രക്രിയയിൽക്കൂടി നീക്കം ചെയ്യുക. എത്ര തന്നെ വിദഗ്ധമായി ശസ്ത്രക്രിയ നടത്തിയാലും, മറ്റു കോശങ്ങളിലേക്കും വ്യാപിക്കാനിടയുണ്ട് എന്നതു കൊണ്ട്,

റേഡിയേഷൻ നടത്തി അണുക്കളെ കരിച്ചു കളയുന്നു. ശരീരത്തിന്റെ എല്ലാ ഭാഗത്തും റേഡിയേഷൻ സാധ്യമല്ല. അതുകൊണ്ട് കിമോത്തെറാപ്പി എന്ന മൂന്നാമത്തെ മാർഗ്ഗവും അവലംബിക്കുന്നു. ശക്തമായ ഔഷധം ശരീരത്തിൽ കുത്തി വയ്ക്കുന്നതാണ് ഈ ചികിത്സ. ഇതിനു ചില പാർശ്വഫലമുണ്ടാകും. മുൻകാലങ്ങളിൽ കഠിനമായ ഛർദ്ദി അനുഭവപ്പെട്ടിരുന്നു. ഇപ്പോൾ അതിനെ അതിജീവിക്കാൻ തക്ക പ്രതിവിധി സാധ്യമാണ്. മുടികൊഴിയുക എന്നുള്ളതാണ് മറ്റൊരു പാർശ്വഫലം. പിന്നീട് കിളിർത്തു വരുമെങ്കിലും, തല മൊട്ടയായിത്തീരുന്ന കാഴ്ച സഹതാപമുണർത്തും.

ശാരീരികമായ അസ്വാസ്ഥ്യങ്ങൾക്കു പുറമേ, സാമ്പത്തികമായ ഭാരവും കടന്നെത്തും. കുത്തി വയ്ക്കാനുള്ള ഔഷധത്തിന്റെ വില ആയിരങ്ങളുടെ സംഖ്യയിലാണ്. കുത്തിവയ്പ് ആവർത്തിക്കപ്പെടുമ്പോൾ സാധാരണക്കാരനായ ഒരുവന്റെ നേട്ടമെല്ലാം ചോർന്നു പോയിരിക്കും. പുതിയ മരുന്നുകൾ പരീക്ഷിക്കുവാനാകും ഡോക്ടർ പ്രയോഗിക്കുന്നത്. അതിന്റെ വില താങ്ങാനാവാത്തതുമായിരിക്കും. എന്നാലും പ്രത്യാശ അർപ്പിച്ചുകൊണ്ട് ആ ഔഷധവും പ്രയോഗിക്കും. ഒടുവിൽ രോഗി കടന്നു പോകും; ഭവനക്കാരുടെ സമ്പാദ്യം കാലിയാവുകയും ചെയ്യും.

പാശ്ചാത്യ രാജ്യങ്ങളിൽ, പരിശോധനകൾ നടത്തി കാൻസറാണെന്നു കണ്ടെത്തിയാൽ അക്കാര്യം രോഗിയോടു തന്നെ തുറന്നു പറയും. സുഖപ്രാപ്തിയുടെ സാധ്യതയും ഡോക്ടർ രോഗിയോടു വെളിപ്പെടുത്തും. ഇവിടെ രോഗിയോട് രോഗവിവരം അറിയിക്കയില്ല. രോഗിക്ക് ഭയാശങ്കകളും ഉൽക്കണ്ഠകളും നിരാശകളും ഒക്കെ ഉയർത്തുമെന്ന ചിന്തയിലാണ് രോഗവിവരം അറിയിക്കാത്തത്. ഒരു ഡോക്ടർ സ്വന്തം ഭാര്യക്ക് ശ്വാസകോശത്തിനു കാൻസറാണെന്ന് അറിഞ്ഞിട്ടും അവരെ മനസ്സിലാക്കിയത് ക്ഷയരോഗമാണെന്നായിരുന്നു. മരണം വരെ ആ രോഗി തന്റെ രോഗ വിവരം അറിഞ്ഞിരുന്നില്ല.

രോഗിയെ അറിയിക്കുന്നത് ആശാസ്യമോ എന്ന ചോദ്യം അവശേഷിക്കുന്നു. രണ്ടു വിധത്തിലുള്ള അഭിപ്രായങ്ങളും ഉന്നയിക്കപ്പെടാം. സ്വാനുഭവത്തിൽ നിന്ന് എനിക്കു പറയാനുള്ളത് രോഗി യഥാർത്ഥ വിവരം അറിയുന്നതാണ് നല്ലതെന്നത്രേ. ജീവിതത്തെക്കുറിച്ച് ശരിയായ ദർശനം വളർത്തിയെടുത്തതുകൊണ്ടാവാം രണ്ടു പ്രാവശ്യം രോഗം ബാധിച്ചപ്പോഴും ഭയമോ ആശങ്കയോ കൂടാതെ നേരിടാൻ എനിക്കു കഴിഞ്ഞത്.

കാൻസറിന്റെ ലോകമായ അടയാറിലെ കാര്യം പരാമർശിച്ചപ്പോഴാണ് ഈ രോഗത്തെപ്പറ്റിയും, ചികിത്സാരീതിയെക്കുറിച്ചുമൊക്കെ വ്യവഹരിക്കാൻ ഇടയായത്. അടയാറിലെ ചികിത്സ ഫാ. കെ.ജി. ജോർജിന് വളരെ തൃപ്തികരമായിരുന്നു. ഡോക്ടേഴ്സിന്റെ സമീപനത്തെക്കുറിച്ച് പ്രശംസയോടും അഭിനന്ദനത്തോടുമാണ് അദ്ദേഹം സംസാരിച്ചിട്ടുള്ളത്. ആ സ്ഥാപനത്തിന് ഒരു ലക്ഷം രൂപാ അടുത്ത സമയത്ത് അയച്ചുകൊടുത്തതായി സഹചാരികളിൽ നിന്നും മനസ്സിലാകുന്നു. ഫാ. ജോർജ് അവിടുത്തെ ചികിത്സ നടക്കുന്നതിനിടയിൽ എല്ലാവരെയും ഞെട്ടിക്കയും പരിഭ്രാന്തരാക്കുകയും ചെയ്ത ഒരു സംഭവമുണ്ടായി. രക്തസമ്മർദ്ദത്തിന് മാറ്റം സംഭവിക്കയും അദ്ദേഹം അബോധാവസ്ഥയിലേക്കു വഴുതുകയും ചെയ്തു.

മരണദൂതൻ വന്നതാണോ എന്ന സംശയം ജനിപ്പിച്ചു. എനിക്കു കുറിച്ചിയിൽ എന്റെ ഭവനത്തിലേക്കു ഒരു ഫോൺ സന്ദേശം! രോഗി വളരെ ആസന്നനിലയിലാണ്, വേഗം അവിടേക്ക് എത്തിച്ചേരണമെന്ന്. ഞാൻ ആകെ പരവശനായ ഒരു സന്ദർഭം. മരണാനന്തരമുള്ള കാര്യങ്ങളെപ്പറ്റിയൊക്കെ ചിന്തിക്കാൻ ഞാൻ പ്രേരിതനായി. പക്ഷേ ഒരു മണിക്കൂറിനുശേഷം മറ്റൊരു ഫോൺ വാർത്ത. ജോർജച്ചൻ എഴുന്നേറ്റിരുന്നു കുരിശു വരച്ചു പ്രാർത്ഥിക്കുന്നു എന്ന്! എന്ത് ആശ്വാസമായിരുന്നു ആ വാർത്ത നൽകിയത്. (മെഡിക്കൽ ഭാഷയിൽ അദ്ദേഹം ഒരു "കോമാ"യിൽ (അബോധാവസ്ഥ) ആയിരുന്നു. വേഗത്തിൽ ബോധം തിരിച്ചെത്തി സാമാന്യ നിലയിലേക്കു വരികയായിരുന്നു. അത് അദ്ദേഹത്തിനുണ്ടായ ഒരു വലിയ ദർശനമായിരുന്നു എന്ന് അദ്ദേഹം സാക്ഷിക്കുന്നുണ്ട്. പരുമലത്തിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയ പരിശുദ്ധന്മാരെയൊക്കെ ദർശിക്കാനും, ദിവ്യാനുഭൂതിയിലെത്തുവാനും സാധിച്ചു എന്നതാണ്. ഏതായാലും അടയാറിൽ നിന്നു മടങ്ങിയെത്തി ആരോഗ്യം വീണ്ടെടുത്ത നാൾ മുതൽ മരണം വരെ

ശേഷം 45-ാം പേജിൽ

വൈദിക സെമിനാരി
വൈസ് പ്രസിഡന്റ്



കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരി വൈസ് പ്രസിഡന്റായി നിയമിതനായ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ.

നാഗ്പൂർ: സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സെമിനാരി വൈസ് പ്രസിഡന്റായി നിയമിതനായ ബോംബെ ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ.



good friday

"പീലാത്തോസ് അവനോട് സത്യം എന്നാൽ എന്ത് എന്ന് പറഞ്ഞു"
യോഹ. 18:38

സത്യം ക്രൂശിക്കപ്പെടുന്നു...

■ ഫാ. സജി വർഗ്ഗീസ് അമയിൽ

സത്യത്തിന്റെ പരികർമ്മണം നടത്തേണ്ട ഒരു ന്യായാധിപന്റെ വിലാപമാണിത്. നീതിപീഠങ്ങൾ സത്യത്തെ തിരിച്ചറിയേണ്ട കാലത്ത് സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെടുമ്പോൾ പീലാത്തോസിന്റെ കോടതിയിൽ ഉയർന്ന എന്താണ് സത്യം എന്ന ആ ചോദ്യം ഇന്നും പ്രകമ്പനം കൊള്ളും. കോടതിമുറിയിൽ ഉയരുന്ന വാദപ്രതിവാദങ്ങളുടെ നിഴലും പൊരുളും തിരിച്ചറിഞ്ഞുള്ള സത്യത്തിന്റെ സംരക്ഷണമാണ് ഒരു ന്യായധിപൻ/ഭരണാധികാരി നിർവ്വഹിക്കേണ്ടത്. എന്നാൽ ക്രിസ്തുവിനെ വിസ്തരിച്ച കോടതിയിൽ സത്യം കൺമുൻപിൽ നിൽക്കുമ്പോൾ ആ ന്യായാധിപൻ വിലപിക്കുകയാണ് എന്താണ് സത്യമെന്ന്. സത്യം തമസ്ക്കരിക്കുന്നിടത്താണ് ക്രുശുകൾ ഉയർത്തപ്പെടുന്നത്. ന്യായ അന്യായങ്ങളുടെ പൊരുൾ തിരിച്ചറിഞ്ഞ് കുറ്റവാളിയുടെ കുറ്റം സംശയരഹിതമെന്നേ തെളിയിക്കപ്പെടുമ്പോൾ മാത്രമേ നീതിപീഠങ്ങൾ വിധിപ്രസ്താവം നടത്താറുള്ളൂ. ഇവിടെ അവനിൽ യാതൊരു കുറ്റവും കാണുന്നില്ല എന്ന് സംശയരിഹതമെന്യേ പ്രസ്താവിക്കയും നിങ്ങളവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ എന്ന് വിധി പ്രസ്താവിക്കുകയും ചെയ്യുന്ന ന്യായവിസ്താരത്തിന്റെ പൊള്ളത്തരമാണ് വെളിവാകുന്നത്. ഇത് ഇന്നും നീതിപീഠങ്ങളെ വിസ്മയിപ്പിക്കുന്നുണ്ടാവും.

കയ്യെത്തുന്ന അകലത്ത് സത്യം നിലകൊണ്ടപ്പോൾ അത് കൈനീട്ടി തൊടാൻ കഴിയാതെ ഇരുട്ടിൽ തപ്പുകയാണ് പീലാത്തോസ് എന്ന ന്യായാധിപൻ. ഭാരതത്തിന്റെ അപ്പോസ്തോലനായ തോമാശ്ലീഹായോട് നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, വിലാപ്പുറങ്ങളെ കൈനീട്ടി തൊട്ടുകൊള്ളുക എന്ന് ക്രിസ്തു നിർദ്ദേശിക്കുമ്പോൾ വ്യക്തമാകുന്നത് സത്യത്തെ കൈനീട്ടി തൊടാനുള്ളത് എന്നാണ്. രാഷ്ട്രീയ തിമിരം ബാധിച്ചവർക്കും, സ്വകാര്യതാല്പര്യങ്ങൾ സംരക്ഷിക്കേണ്ടവർക്കും പക്ഷപാതതാല്പര്യങ്ങൾ സംരക്ഷിക്കേണ്ടവർക്കും സത്യത്തെ അറിയുവാൻ താല്പര്യമില്ലാതെ അലസമായി ചോദിക്കാം പീലാത്തോസിനെപ്പോലെ എന്താണ് സത്യമെന്ന്. സത്യത്തെ അറിയുവാൻ ആഗ്രഹിക്കുന്നവർ അലസമായ ചോദ്യമല്ല ഉന്നയിക്കേണ്ടത് സത്യത്തെ തൊട്ടുമനസ്സിലാക്കാനുള്ള ആത്മാർത്ഥമായ അന്വേഷണമാണ് നടത്തേണ്ടത്. കൺമുമ്പിലെ സത്യം മറന്ന് വിധിപ്രസ്താവം നടത്തിയതിന് പീലാത്തോസ് തന്റെ ജീവിതം കൊണ്ടാണ് വിലപറഞ്ഞത്. സത്യത്തെ ബലികൊടുക്കുന്ന ഏതൊരാൾക്കും ചരിത്രം കാത്തുസൂക്ഷിക്കുന്ന അനിവാര്യമായ വിധിയാണത്.

സത്യത്തെ ക്രൂശിക്കുവാൻ ലോകം എപ്പോഴും കൂട്ടുപിടിക്കുന്നത് ഉപഭോഗ താല്പര്യങ്ങളുടെ ഊതിപ്പെരുപ്പിക്കലാണ്.

ക്രിസ്തു എന്ന പരമമായ സത്യത്തെ ഇല്ലാതെയാക്കാൻ നാലു ശ്രമങ്ങൾ നടക്കുന്നു. ഈ ശ്രമങ്ങളെയാണ് നാം ധ്യാനിക്കേണ്ടത്.

1. പണത്തിന്റെ കൗശലം (Money Manipulation)

"അവർ അവന് മുപ്പതു വെള്ളിക്കാശ് തൂക്കിക്കൊടുത്തു" (മത്തായി 26:15).

സത്യത്തെ ക്രൂശിക്കുവാൻ ലോകം എപ്പോഴും കൂട്ടുപിടിക്കുന്നത് ഉപഭോഗ താല്പര്യങ്ങളുടെ ഊതിപ്പെരുപ്പിക്കലാണ്. യൂദായുടെ മനസ്സിലെ അധികാരത്തെപ്പറ്റിയും സമ്പത്തിനെപ്പറ്റിയും ഉള്ള നഷ്ടബോധങ്ങളെ ഭംഗിയായി

ചൂഷണം ചെയ്ത് സത്യത്തെ ഒറ്റുകൊടുക്കാൻ അവനെ പ്രേരിപ്പിക്കുന്നു. നസ്രായനായ യേശുവിനെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം പകരം നിങ്ങൾ എനിക്കെന്തുതരും എന്ന ചോദ്യം ഉപഭോഗതയുടെ തിമിരം ബാധിച്ച ഒരു ശിഷ്യന്റെ ചോദ്യം മാത്രമല്ല സമൂഹത്തിൽ പിന്നീടാവർത്തിച്ച എല്ലാ ശിഷ്യന്മാരുടെയും ചോദ്യമാണ്. മുപ്പതു വെള്ളിക്കാശിന്റെ പ്രലോഭനമുയർത്തി യൂദാമാരെ കൈക്കാര്യം ചെയ്യാനുള്ള മിടുക്ക് എന്നും ഹന്നാൻ/കയ്യാപ്പ അധികാരവർഗ്ഗത്തിനുണ്ട്. ആ മിടുക്കാണ് സത്യത്തെ അന്നും ഇന്നും നിരന്തരം ക്രൂശീകരണത്തിന് വിധേയമാക്കുന്നത്. മുപ്പതു വെള്ളിക്കാശ് യൂദായുടെ വ്യക്തിത്വത്തെ അടിമുടി മാറ്റിയെഴുതുകയാണ്. ഒരു ശിഷ്യൻ തന്റെ ഗുരുവിനെ ഗുരോ എന്ന് വിളിക്കുന്നത് എത്ര വിനയപൂർവ്വവും ആദരപൂർവ്വവുമാണ്. എന്നാൽ ഉപഭോഗതയ്ക്ക് കീഴ്പ്പെട്ട യൂദയ്ക്ക് അതൊരു അടയാളം മാത്രമാണ്. ഗുരുവിനെ ചുംബിക്കുന്ന ശിഷ്യൻ ഗുരുശിഷ്യബന്ധത്തിന്റെ പാരമ്യതയാണ് വെളിപ്പെടുത്തേണ്ടത്. എന്നാൽ ഗത്സമനയിലെ ചുംബനത്തിന്റെ പിന്നിൽ ഉപഭോഗ തൃഷ്ണ ബാധിച്ച ഒരു ശിഷ്യന്റെ ആർത്തി അല്ലാതെ ആത്മാർത്ഥത ലേശമില്ല. യെരുശലേം ദേവാലയത്തിന്റെ ഭണ്ഡാരപ്പെട്ടിക്കു സമീപം ചിതറിക്കിടക്കുന്ന നാണയത്തുട്ടുകൾ ആർത്തിയെ പ്രണയിക്കുന്ന ശിഷ്യരോടുള്ള മുന്നറിയിപ്പാണ്. ചിതറിക്കിടക്കുന്ന നാണയത്തുട്ടുകൾ പെറുക്കി എണ്ണാൻ പോലും ആളില്ലാതെ, സ്തോത്രകാഴ്ചപ്പെട്ടിയിൽ പോലും ഇടം കിട്ടാതെ അവഗണിക്കപ്പെടുമ്പോൾ പണത്തിന്റെ പ്രലോഭനത്തിൽ സത്യത്തെ ക്രൂശിക്കുവാൻ കൂട്ടുനിൽക്കുന്നവർക്ക് കാലം കരുതിവയ്ക്കുന്ന മുന്നറിയിപ്പാണിത്.

2. നിയമത്തിന്റ കൗശലം (Law Manipulation)

"മഹാപുരോഹിതന്മാരും ന്യായാധിപ സംഘമൊക്കെയും യേശുവിനെ കൊല്ലേണ്ടതിന് അവന്റെ നേരേ കള്ള സാക്ഷ്യം അന്വേഷിച്ചു" (മത്തായി 26:59)

നിയമങ്ങൾ വളച്ചൊടിച്ച് വ്യാഖ്യാനിക്കപ്പെടുമ്പോൾ സത്യം ക്രൂശിക്കപ്പെടും എന്നത് തർക്കമറ്റ വസ്തുതയാണ്. സന്നദ്രിസംഘത്തിന്റെയും ന്യായാധിപസംഘത്തിന്റെയും കൂടിവരവുകൾക്ക് രാത്രിസമയം അനുവദനീയമായിരുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ വിചാരണയ്ക്ക് അവർ നീക്കിവയ്ക്കുന്നത് രാത്രിയുടെ ഇരുണ്ടയാമങ്ങളെയാണ്. ഏതുവിധേനെയും സത്യത്തെ ക്രൂശിക്കാനുള്ള വെമ്പലാണ് ഇവിടെ അനാവൃതമാകുന്നത്. സത്യത്തെ സംരക്ഷിക്കേണ്ട നിയമങ്ങൾ അതിന്റെ ദുർവ്യാഖ്യാനങ്ങൾ മൂലം സത്യത്തിന്റെ അന്തകർ ആയി മാറുന്ന ഗതികേടിനാണ് ലോകം പലപ്പോഴും സാക്ഷ്യം വഹിച്ചിട്ടുള്ളത്. ക്രിസ്തുവിന് നിയമം ഒരു വാതിലും പരീശന്മാർക്ക് നിയമം ഒരു മതിലും ആയിരുന്നു എന്നാണ് പറയാറ്. നിയമത്തിന് മതിലുകൾ മാത്രമേ ഉള്ളുവെങ്കിൽ അത് പ്രതീക്ഷയുടെ യാതൊരു കിരണങ്ങളെയും സൃഷ്ടിക്കുകയില്ല. ഉള്ളിലെ വായു ചുടായി ജീവന്റെ സാധ്യതകളെ നശിപ്പിക്കാം എന്നല്ലാതെ മതിലുകൾക്ക് മറ്റൊന്നും ചെയ്യുവാൻ ആവില്ല. എന്നാൽ നിയമം വാതിലായി മാറിയാൽ ചില വഴികൾ തുറക്കുവാനും ചില വഴികൾ അടയ്ക്കുവാനും അവയ്ക്ക് കഴിയും. നിയമം ഇന്നും സാധാരണക്കാരന്റെ പ്രതീക്ഷയാണ്. നിയമവ്യവസ്ഥയുടെ അന്ത്യം ലോകാവസാനത്തിനു തുല്യമാണ്. സത്യമേവജയതേ എന്ന ആപ്ത വാക്യവും കണ്ണടച്ചിരിക്കുന്ന നീതിദേവതയും സത്യത്തിന് കാവൽ നിൽക്കുന്ന നിയമ വ്യവസ്ഥിതിയുടെ പ്രതീകങ്ങളാണ്. ജാതി, മത, വർഗ്ഗ, വർണ്ണ സ്വാധീനങ്ങൾ അവയുടെ അവിശുദ്ധ കൂട്ടുകെട്ടുകൾ നീതിപീഠങ്ങളെ സ്വാധീനിക്കുവാൻ തുടങ്ങിയാൽ സത്യം ആത്യന്തികമായി ക്രൂശിക്കപ്പെടും എന്നതിന് ക്രൂശ് അല്ലാതെ മറ്റൊരു ഉദാഹരണമില്ല.

3. അധികാരത്തിന്റെ കൗശലം (Power Manipulation)

"ബറാബാസിനെ വിട്ടുകൊടുക്കേണ്ടതിന് ചോദിപ്പാൻ മഹാപുരോഹിതന്മാർ പുരുഷാരത്തെ ഉത്സാഹിപ്പിച്ചു കൊണ്ടിരുന്നു" (മർക്കോസ് 15:11).

കുറ്റമില്ലാത്ത രക്തത്തെ തലമുറയിലേക്ക് ഏറ്റെടുക്കാനുള്ള ആവേശം ജനങ്ങളുടെ സിരാപടങ്ങളിൽ കുത്തിനിറയ്ക്കുന്ന അധികാരവർഗ്ഗം എന്നും സത്യത്തിന്റെ കശാപ്പുകാരാണ്. ക്രൂരതകൊണ്ട് അന്നത്തെ സമൂഹത്തിന് പേടിസ്വപ്നമായ ബറബാസിനെ ചോദിക്കുവാൻ എത്രയെളുപ്പമാണ് ജനക്കൂട്ടത്തിന് സാധിച്ചത്. സത്യം തുടച്ചുനീക്കുവാൻ എത്രയെത്ര ബറബാസുമാർ പിന്നീട് ചരിത്രത്തിൽ മോചിപ്പിക്കപ്പെട്ടു എന്നോർത്തുവയ്ക്കുക.

ന്യായാധിപന്മാരും ഭരണാധികാരികളും സത്യം മുമ്പിൽ നിൽക്കെ സത്യമെന്താണ് എന്നുചോദിച്ചാൽ വീണ്ടും കാൽവറികൾ ഒരുക്കേണ്ടിവരും. ക്രിസ്തു ഒരിക്കലായി കാൽവറിയിൽ മരിച്ചു. വീണ്ടും നമ്മുടെ ഹൃദയങ്ങളിൽ മരിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു ഒരിക്കലായി യൗസേപ്പിന്റെ കല്ലറയിൽ നിന്ന് ഉത്ഥാനം ചെയ്തു. വീണ്ടും ഉത്ഥാനം ചെയ്യേണ്ടത് നമ്മുടെ ഹൃദയങ്ങളിലാണ്.

സത്യത്തെ ബലികൊടുത്ത് ബറബാസുമാർ നിർവിഘ്നം സഞ്ചരിക്കുന്ന കാലത്തോട് നാം പൊരുത്തപ്പെട്ടുവരുന്നു. ബറബാസുമാരെ പുറത്തിറക്കുവാൻ ആ വഴി സത്യത്തെ ക്രൂശിക്കുവാൻ എന്നും കൂട്ടുപിടിക്കുന്നത് ജനശക്തിയെയാണ്. സത്യം ഏതുവിധേനെ വന്നാലും അതിനെ കണ്ണുംപൂട്ടി എതിർക്കുക അധികാര പ്രമത്തത ബാധിച്ചവരുടെ ലക്ഷണങ്ങളാണ്. ഓശാന പാടിയവരെക്കൊണ്ട് ക്രൂശിക്കുക എന്നുപറയിക്കുന്ന തന്ത്രങ്ങൾ പീലാത്തോസിന്റെ അരമനയിൽ നിന്ന് തുടങ്ങി ഇന്ന് ചരിത്രത്തിൽ എമ്പാടും വ്യാപിച്ചിരിക്കുന്നു. പരമമായ സത്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ജനാധിപത്യത്തിലൂടെ പിറക്കേണ്ടതെങ്കിലും വിഭാഗീയ സങ്കുചിത താല്പര്യങ്ങൾ ഊതിപ്പെരുപ്പിച്ച് ഇന്ദ്രപ്രസ്ഥം സ്വന്തമാക്കുന്ന അധികാരസമീക്ഷകൾ നമുക്കു പരിചയമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാമ്പത്തിക സാംസ്കാരിക മൂലധനം നഷ്ടപ്പെട്ടവരുടെയും ആദിവാസികളുടെയും ദളിതരുടെയും സ്ത്രീകളുടെയുമൊക്കെ അവകാശങ്ങൾ ചില ബാറബാസുമാർ സ്വന്തമാക്കുമ്പോൾ ജനശക്തി ശരിയായി ദിശയിൽ തെളി

ശേഷം 47-ാം പേജിൽ



ഹൃദയപൂർവ്വം കൃഷിയിലേയ്ക്ക്...

■ **മുല്ലക്കര രത്നാകരൻ എം.എൽ.എ.** (മുൻ കൃഷി മന്ത്രി)

സ|മ|കാ|ലി|കം

കൃഷിയിലേക്കു മടങ്ങുക. ഒരു പിടി വിത്തു മുളപ്പിച്ചുകൊണ്ട്, ഒരു ചെടി നട്ടു നനച്ചു കൊണ്ട്, ഒരു കുടുംബ കൂട്ടായ്മ സൃഷ്ടിച്ചു കൊണ്ട്, ഹൃദയങ്ങൾ തമ്മിലുള്ള പാലം നമുക്കു നിർമ്മിച്ചു തുടങ്ങാം. കൃഷി നമുക്കു ഭക്ഷണം മാത്രമല്ല, നമ്മിൽ ക്ഷമ കൂടി സൃഷ്ടിക്കുകയാണ്. കൃഷി നാളേക്കുവേണ്ടി ഒരു പ്രതീക്ഷ നമ്മളിൽ ബാക്കി വെയ്ക്കുന്നുണ്ട്. എവരേയും കൂട്ടിച്ചേർക്കുവാനുള്ള ഒരു വാതിൽ തുറന്നിടുന്നുണ്ട്.

'തിന വിതച്ചാൽ തിന കൊയ്യും വിന വിതച്ചാൽ വിന കൊയ്യും' എന്ന പഴഞ്ചൊല്ല് അന്വർത്ഥമാക്കുകയാണ് കേരളത്തിലെ കാർഷിക രംഗം. കൃഷി മുഖ്യ ജീവിത ഉപാധിയായിരുന്ന ഒരു കാലത്തിൽ നിന്നും കൃഷി അന്യം നിന്നു പോകുന്ന ഒരു കാലത്തിലേക്കു കേരളീയ സമൂഹം സ്വയം കൃതാനർത്ഥങ്ങളായ നടപടികളിലൂടെ നടന്നെത്തുകയായിരുന്നുവെന്നു കാണാം. കാർഷിക കേരളത്തിന്റെ പെരുമ കടൽ കടന്നെത്തിയിരുന്ന ഒരു ഭൂത കാലത്തിന്റെ സൂര്യശോഭ മാഞ്ഞു പോയതെങ്ങനെയെന്ന് ഇനിയെങ്കിലും നാം നെഞ്ചു നോവോടെ ചിന്തിച്ചില്ലെങ്കിൽ മലയാളിയുടെ ഐഡന്റിന്റിയായ നെല്ലും നാളീകേരവും പോലും കിട്ടാക്കനികളാകുന്ന കാലം അനതിവിദൂരമല്ല. അപ്രകാരം സംഭവിച്ചാൽ മലയാളിയുടെ സാംസ്ക്കാരികാടിത്തറ തന്നെ അതു തകർത്തെറിയും. കാരണം നമുക്കറിയാം തെങ്ങോലകളും. നെല്ലേലകളും അന്യം നില്ക്കുന്ന കേരളം ആത്മാവില്ലാത്ത ഒരു ശരീരം മാത്രമായിരിക്കുമെന്ന്! വിശുദ്ധ ബൈബിൾ പറയുമ്പോലെ 'ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയാലും സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം'. നാം ലോകത്തിന്റെ അതിരുകളെ ഭേദിപ്പിച്ചിരിക്കാം. സമ്പത്ത് ആർജ്ജിച്ചിരിക്കാം. പക്ഷേ സ്വത്വം നഷ്ടപ്പെട്ടാൽ പിന്നെ എന്തു ഗരിമയാണു മലയാളി സമൂഹത്തിന് അവകാശപ്പെടാനാവുക!

കൃഷിയുടെ തകർച്ചയിൽ നിന്നു വേണം സമകാലിക കേരളത്തിന്റെ സാമൂഹ്യ പ്രശ്നങ്ങളെ നാം സമീപിക്കേണ്ടത്. ഇന്നത്തെ ഏറ്റവും സുപ്രദാനമായ പ്രശ്നം നമ്മുടെ നാട്ടിലെ കുടുംബങ്ങളുടെ തകർച്ചയാണെന്നു പറയാതെവയ്യ. കൂടുമ്പോൾ ഇമ്പമുണ്ടായരുന്ന ഒരു ഇടം എന്നിടത്തുനിന്നും വല്ലപ്പോഴും വന്നു പോവുകയും പലപ്പോഴും അടച്ചിടുകയും ഒന്നിച്ചാൽ പിന്നെ പരസ്പരം മിണ്ടാതിരിക്കുകയോ, മിണ്ടിപ്പോയാൽ വഴക്കായിത്തീർക്കുകയോ ചെയ്യുന്ന ഒരു വാസസ്ഥലം മാത്രമായി നമ്മുടെ കുടുംബങ്ങൾ വളരെ വേഗം മാറിക്കൊണ്ടിരിക്കുന്നു. ആദികാലത്ത് എന്തിനുവേണ്ടിയാണോ മനുഷ്യൻ ഈ സൂക്ഷ്മമായ സാമൂഹിക അടിസ്ഥാന ഘടകത്തെ സൃഷ്ടിച്ചത് അതിന്റെ ഉദ്ദേശ്യശുദ്ധി തന്നെ ഇപ്പോൾ തകിടം മറിഞ്ഞിരിക്കുന്നു. ഈ ദുരവസ്ഥയ്ക്കു കാരണം തേടി നാം അലഞ്ഞു നടക്കേണ്ടതില്ല. അതു കൃഷിയുടെ തകർച്ചയിൽ നിന്നും ആരംഭിച്ച് കൃഷിയുടെ തകർച്ചയിൽ തന്നെ അവസാനിക്കുന്ന ഒരു പ്രതിഭാസമാണെന്നു നമുക്കു കാണാൻ കഴിയും. അപ്പോൾ കൃഷിയിലേക്കു മടക്കയാത്ര നടത്തിക്കൊണ്ടല്ലാതെ നമ്മുടെ കുടുംബങ്ങളുടെ തകർച്ചയും സാംസ്ക്കാരിക ശോഷണവും ജീവിത മൂല്യത്തകർച്ചയും സർവ്വോപരി മാനുഷിക കൂട്ടായ്മയും സൗഹൃദവും നമുക്കു തിരിച്ചു പിടിക്കാനാകില്ല. ഇതിലേക്കു സഞ്ചരിക്കുന്നതിനു മുമ്പ് ചില വസ്തുതകൾക്കൂടി പരിശോധിക്കേണ്ടതുണ്ട്.

കാർഷിക കേരളം പ്രശ്നമുഖരിതമാണ്. ഇന്ത്യയിൽ ആദ്യം ഭൂപരിഷ്കരണം പ്രാബല്യത്തിലാക്കിയ സംസ്ഥാനമാണ് കേരളം. തേയില കാപ്പി, റബ്ബർ, ഏലം എന്നീ നാലു വിളകൾ ഒഴികെയുള്ള കൃഷിഭൂമിക്കു പരിധി നിശ്ചയിച്ചു. ഇതുമൂലം നമ്മുടെ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, തെങ്ങ് എന്നിവയുടെ കൃഷിഭൂമി തുണ്ടു വല്ക്കരണത്തിനു വിധേയമായി. ഇവ കൃഷി ചെയ്യുന്ന ഭൂമിയിൽ നാലേക്കറിലധികം ഉള്ളതു അത്യപൂർവ്വമായി. പല കാര

'ഘർവാപ്പസി' അല്ല വേണ്ടത് 'കൃഷി വാപ്പസി' ആണ്. എന്തെന്നാൽ കുടുംബത്തിന്റെ സാംസ്ക്കാരികാടിത്തറ ഭദ്രമാകുന്നത് കൃഷി നൽകുന്ന കൂട്ടായ്മയിലാണ്. ആദിമ മനുഷ്യനിൽ നിന്നും ആധുനിക മനുഷ്യനിലേക്കുള്ള നിരന്തര സഞ്ചാര പഥങ്ങളിൽ ഏറ്റവുമധികം കൂട്ടായ്മകൾ സൃഷ്ടിച്ചതും പങ്കുവയ്പുകൾ നടത്തിയതും കൃഷിയിലൂടെയായിരുന്നല്ലോ. ലോകത്തിന്റെ മുഴുവൻ സാംസ്ക്കാരികാടിത്തറ സൃഷ്ടിച്ചതും കാർഷിക സത്കർമ്മം തന്നെയാണ്.

ണങ്ങളാൽ പിന്നീട് ഇവയുടെ ഉല്പാദന ക്ഷമതയും ഗണ്യമായി കുറഞ്ഞു വരികയായിരുന്നു. പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ കാര്യത്തിലാണ് വിസ്തീർണ്ണത്തിലും മറ്റും വലിയ കുറവുകളാണ്. 1970 കളിൽ 8.5 ലക്ഷം ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നത് ഇന്ന് 2.5 ലക്ഷം ഹെക്ടറിൽ പോലും ഇല്ലാത്ത അവസ്ഥയിലെത്തി. കഴിഞ്ഞ മൂന്നു ദശകങ്ങളായി ഇതിന്റെ ആക്കം ഭയാനകമാം വിധം വർധിച്ചിട്ടുമുണ്ട്. അമ്പതുകളിൽ സംസ്ഥാനത്തിനാവശ്യമായ നെല്ലരിയുടെ പകുതിയോളം കേരളത്തിൽ തന്നെ ഉല്പാദിച്ചിരുന്നുവെന്ന വസ്തുത നമുക്കു വിസ്മരിക്കാനാകില്ല. ഇപ്പോഴത്തെ സ്ഥിതി അതി ദയനീയമാണ്. കേവലം ഇരുപതു ശതമാനത്തോളം മാത്രമായി നമ്മുടെ നെല്ലുല്പാദന വിഹിതം കുറഞ്ഞുപോയിരിക്കുന്നു! നാളികേരത്തിന്റെ സ്ഥിതിയും വ്യത്യസ്ഥമല്ല. കൃഷി വിസ്തൃതിയിലും ഉല്പാദ ക്ഷമതയിലും വലിയ തിരിച്ചടിയാണുണ്ടായിരുന്നത്. ഒരു കാലത്ത് ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെട്ട കൊപ്രായുടെ 90 ശതമാനവും കേരളത്തിലായിരുന്നുവെങ്കിൽ ഇപ്പോൾ അതിന്റെ മൂന്നിലൊന്നു പോലും നിർവ്വഹിക്കുവാൻ നമുക്കു കെല്പില്ലാതെ വന്നിരിക്കുന്നു. കേരളത്തിന്റെ ശരാശരി നാളികോല്പാദനം തമിഴ്നാടിന്റെ പകുതിയും ആന്ധ്രാപ്രദേശിന്റെ മൂന്നിലൊന്നും പോലുമില്ലാത്ത ഒരു അവസ്ഥയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. കേരളത്തിൽ റബ്ബർ ഒഴിച്ചുള്ള എല്ലാ മുഖ്യ വിളകളിലെയും ഉല്പാദനക്ഷമതയിൽ വലിയ ഇടിവാണുണ്ടായിരിക്കുന്നത്. റബ്ബറിനാകട്ടെ വിലത്തകർച്ച മൂലം പിടിച്ചു നില്ക്കാനാകാത്ത സ്ഥിതിയും!.

കേരളത്തിന്റെ സമ്പദ്ഘടനയിൽ കാർഷിക മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ പങ്കു കഴിഞ്ഞ ആറു ദശകങ്ങളായി എഴുപത്തഞ്ചു ശതമാനത്തിൽ നിന്നും കുറഞ്ഞു കുറഞ്ഞു കേവലം ഇരുപത്തഞ്ചു ശതമാനത്തിലേക്കു കൂപ്പുകുത്തിയിരിക്കുകയാണ്. വാസ്തവത്തിൽ കേരളത്തിന്റെ സമ്പദ്ഘടന ഇന്നൊരു കാർഷിക അധിഷ്ഠിത സമ്പദ്ഘടനയല്ല. കേരളത്തിലെ മുഖ്യ ജനവിഭാഗങ്ങൾ കൃഷിയെ ആശ്രയിച്ചല്ല അവരുടെ ജീവിതം നിർവ്വഹിച്ചുപോരുന്നതും. പക്ഷേ, കൃഷിയുടെ ശൂന്യത നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെയാകെ സമാധാനത്തകർച്ചയും കൂട്ടായ്മത്തകർച്ചയ്ക്കും കുടുംബ ശൈഥില്യങ്ങൾക്കും കാരണമായിട്ടുണ്ട് എന്ന നിസ്സംശയ വസ്തുതയാണ് കൃഷിയിലേക്കുള്ള മടക്കം എന്ന ഒറ്റ മൂലിയെക്കുറിച്ച് നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. സഹാനുഭൂതിയും കാരുണ്യവും മുറ്റി നിന്ന മനുഷ്യ സമൂഹം ഇന്നു കുടുത്ത സ്വാർത്ഥതയുടെ മതിലുകൾക്കുള്ളിലാണ്. അതുകൊണ്ടാണ് ജീവികളിൽ ഏറ്റവും ദുഷ്ടതയുള്ള ജന്തുവായി മനുഷ്യൻ മാറിയത്. അതുകൊണ്ടാണ് അവൻ തന്നോടും മറ്റുള്ളവരോടും ക്രൂരതകൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നും ഇപ്പോഴെങ്കിലും നാം തിരിച്ചു പോകാൻ തയ്യാറല്ലെങ്കിൽ ആർക്കും നമ്മെ രക്ഷിക്കാനാകുമെന്നു കരുതാനാവില്ല.

മനുഷ്യൻ സൃഷ്ടിച്ച ഏറ്റവും സാർത്ഥകമായ കൂട്ടായ്മയാണല്ലോ കുടുംബം. കുടുംബത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് സ്നേഹനിർഭരവും ത്യാഗസുരഭിലവുമായ മനസ്സുകളുടെ കൂട്ടായ്മയിലാണ്. സ്നേഹവും ത്യാഗവും അന്യം നിലിക്കുന്ന മനസ്സുമായി അഹന്തയുടെ ആനപ്പുറത്തു കയറി സഞ്ചരിക്കുന്നവർ വാസ്തവത്തിൽ ജീവിക്കുകയല്ല; വെറുതെ കഴിഞ്ഞു കൂടുകയാണ്. ഓരോരുത്തരും എപ്പോഴും പൊട്ടിത്തെറിക്കാവുന്ന ഓരോ അഗ്നിപർവ്വതങ്ങളാണ്. ഒരു വീടിന്റെ ഒരു മുറിക്കും മറ്റൊരു മുറിക്കുമിടയിൽ വൻകരകളുടെ അകലം കാത്തുസൂക്ഷിച്ചു പോരുന്നവർക്ക് കുടുംബത്തിന്റെ പവിത്രമായ കൂട്ടായ്മകളുടെ നിർവൃതി ചുരത്തുന്ന മധുരമായ ഒരോർമ്മപോലും ഒരു ജന്മത്തിൽ ബാക്കിയുണ്ടാകില്ല. അവർ യാന്ത്രികമായി നിമിഷങ്ങളെ അഭിമുഖീകരിക്കുകയും സാങ്കേതികമായി മാത്രം ജീവിച്ചിരിക്കുകയും ചെയ്യുന്നു. ഒരിക്കലും സംതൃപ്തി ലഭിക്കാത്തവരും എല്ലാ കാര്യങ്ങളിലും അസന്തുഷ്ടിയുള്ളവരുമായ ഇത്തരക്കാരുടെ എണ്ണം ഗണ്യമായ വിധം ഓരോ കുടുംബത്തിലും ഉയർന്നിരിക്കുന്നു എന്നതാണ് അനുഭവം. ഈ പെരുക്കം കേരളീയ സമൂഹം നേരിടുന്ന വലിയൊരു സാമൂഹിക വിപത്തായി വളർന്നിരിക്കുന്നു. ഇതിന്റെ ഫലമായുണ്ടാകുന്ന അസമാധാനവും അതിക്രമങ്ങളുമാണ് നമ്മുടെ കുടുംബ ജീവിതത്തെ ശിഥിലമാക്കുന്നതും സാമൂഹികാന്തരീക്ഷത്തെ കലുഷിതമാക്കുന്നതും. ഈ സംഘർഷഭൂരിതമായ ജീവിതാന്തരീക്ഷത്തിൽ നിന്നും മടങ്ങിപ്പോകാൻ കൃഷിയിലേക്കു മടങ്ങുകയല്ലാതെ മറ്റൊരു വഴിക്കും ഫലപ്രദമായി നമ്മുടെ മുമ്പിലില്ല. ഇവിടെ 'ഘർവാപ്പസി' അല്ല വേണ്ടത് 'കൃഷി വാപ്പസി' ആണ്. എന്തെന്നാൽ കുടുംബത്തിന്റെ സാംസ്ക്കാരികാടിത്തറ ഭദ്രമാകുന്നത് കൃഷി നൽകുന്ന കൂട്ടായ്മയിലാണ്. ആദിമ മനുഷ്യനിൽ നിന്നും ആധുനിക മനുഷ്യനിലേക്കുള്ള നിരന്തര സഞ്ചാര പഥങ്ങളിൽ ഏറ്റവുമധികം കൂട്ടായ്മകൾ സൃഷ്ടിച്ചതും പങ്കുവയ്പുകൾ നടത്തിയതും കൃഷിയിലൂടെയായിരുന്നല്ലോ. ലോകത്തിന്റെ മുഴുവൻ സാംസ്ക്കാരികാടിത്തറ സൃഷ്ടിച്ചതും കാർഷിക സത്കർമ്മം തന്നെയാണ്. കലയും സംഗീതവും സാഹിത്യവും പച്ചപിടിച്ചു വളർന്നതും പൂത്ത് ഫലസമൃദ്ധമായതും കൃഷിയിടങ്ങളിൽ നന്നു തന്നെയാണ്.

ഇപ്പോൾ നമ്മുടെ ഭക്ഷ്യവസ്തുക്കളുടെ മുന്തിയ പങ്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരേണ്ടതായിട്ടാണിരിക്കുന്നത്. ഭക്ഷണം വിളമ്പാനുള്ള വാഴയില പോലും ഇതിൽ പെടുന്നു എന്നു പറയുമ്പോൾ സംഗ

marriage — MATRIMONIAL CLASSIFIEDS

BRIDE WANTED

Mangalore settled Orthodox Parents seek alliance for their son 33/175, B.Tech, working in infosys, Mysore from parents of God-fearing & qualified girls.

m4marry: 3862061
Ph: 09901658868

BRIDE GROOM WANTED

Orthodox parents invite proposals for their daughter, born and bought up outside Kerala, 28/163, B.Pharm, MBA, employed in MNC, from parents of professionally qualified, God fearing Orthodox boys.

Mob : 09737322048

BRIDE GROOM WANTED

Orthodox parents invite proposals for their daughter 22 years, B.Tech, E.C. (First Class), Fair and smart. Preference will be given to Orthodox well qualified God fearing Engineers.

Mob : 07043791245
frissacthomas@gmail.com

തിയുടെ ഗൗരവം കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ. പച്ചക്കറികളും പഴവർഗ്ഗങ്ങളും പലവ്യഞ്ജനങ്ങളും അരിയും മറ്റും തടസ്സം കൂടാതെ അതിർത്തി കടന്നെത്തിയില്ലെങ്കിൽ കേരളീയൻ പട്ടിണി കിടക്കേണ്ട ഗതികേടിലാണ്. ഇപ്രകാരം വന്നുചേരുന്ന സാധനങ്ങളിൽ മാരകമായി കീടനാശിനികളും രാസവളങ്ങളും മറ്റും വൻ തോതിൽ ലയിച്ചിരിക്കുന്നതിനാൽ ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളിൽ നാം ഇപ്പോൾ ഏറെക്കുറെ ബോധവൻമാരാണെങ്കിലും നമുക്കു മുമ്പിൽ മറ്റുപകരമില്ലാത്ത ദുരവസ്ഥയാണിപ്പോൾ! രോഗങ്ങളുടെ തറവാടായി കേരളം മാറിക്കൊണ്ടിരിക്കുന്നു. നാം കഴിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ നിന്നു തന്നെയാണ് രോഗങ്ങൾക്കുള്ള ചേരുവയും ലഭിക്കുന്നത് എന്നത് മനസ്സിലാക്കുവാൻ ഒരു ഗവേഷണബുദ്ധിയുടേയും കാര്യമില്ല. അതുകൊണ്ടുതന്നെ മുൻപു സൂചിപ്പിച്ചതുപോലെ കൃഷിയിടങ്ങളിലേക്കു മുൻവിധിയില്ലാതെ മടങ്ങുക എന്ന ഏക പോംവഴി മാത്രമേ നമുക്കു മുമ്പിലുള്ളു. ഈ സാഹചര്യത്തിൽ കൃഷി എപ്രകാരമായിരിക്കണം എന്നതും പ്രാധാന്യമുള്ള കാര്യം തന്നെയാണ്.

പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചുകൊണ്ടു മാത്രമേ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുനതിനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും നമുക്കു കഴിയുകയുള്ളു. പ്രപഞ്ചത്തിനു ഒരു താള ക്രമമുണ്ട്. അതിലുള്ള സകലതിനേയും നിയന്ത്രിക്കുന്ന ഒരു നിയമമുണ്ട്. അതൊരു അന്ധനിയമമല്ല കാരണം അന്ധമായ നിയമങ്ങൾക്ക് ഒരിക്കലും ജീവജാലങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കാനാവില്ല. സർവ്വചരാചരങ്ങളോടുള്ള പ്രാർത്ഥനാ നിർഭരമായ ഒരു തരം സംവേദനത്തിന്റെ നിർവൃതിയാവണം ഒരാൾ കൃഷിയിലൂടെ പ്രതീക്ഷിക്കേണ്ടത്. പ്രകൃതിയോടുള്ള ഇണക്കത്തോടെയുള്ള ഒരു തരം പരിചരണമാവണം കൃഷി. അത് ഈ ജൈവ പ്രപഞ്ചത്തോടുള്ള സൗഹൃദത്തിലധിഷ്ഠിതമായ ഒരു സഹകരണമാണ്. ഇതാവണം കൃഷിയുടെ ദർശനവും തത്വവും. ഒരു വിത്തു മുളച്ചു പൊന്തി, പച്ചവിരിച്ചു വളർന്നു പടർന്നു പന്തലിച്ച് പൂക്കളും പഴങ്ങളും നല്കുന്നതിനിടയിൽഎന്തെന്തു സത്കർമ്മങ്ങളാണ് അത് അനുഷ്ഠിക്കുന്നത്! കർഷകൻ അനുഷ്ഠിക്കുന്നതും ഇത്തരമൊരു മഹാധർമ്മമാണ്. ജീവനെ പോറ്റി വളർത്തി, മണ്ണിനേയും പ്രകൃതിയേയും പരിപാലിച്ച് ജൈവ പ്രപഞ്ചത്തിനുവേണ്ടി സാർത്ഥകവും ഉദാത്തവുമായ കർമ്മത്തിലേർപ്പെടുകയാണയാൾ. അതുകൊണ്ടാണിവിടെ ഓരോ ജീവനും പുലരുന്നത്. ഇത്രയേറെ സംതൃപ്തിയേകുന്ന മറ്റെന്തൊരു പുണ്യപ്രവർത്തിയാണ് ലോകത്തിലുള്ളത്. കൃഷി ഒരർത്ഥത്തിൽ സകല പ്രാർത്ഥനകളേക്കാൾ മഹത്തരമാണ്!

ഇനി എല്ലാ കുടുംബങ്ങളും കൃഷിയിലേക്കു മടങ്ങുക. ഒരു പിടി വിത്തു മുളപ്പിച്ചുകൊണ്ട്, ഒരു ചെടി നട്ടു നനച്ചുകൊണ്ട്, ഒരു കുടുംബ കൂട്ടായ്മ സൃഷ്ടിച്ചു കൊണ്ട്, ഹൃദയങ്ങൾ തമ്മിലുള്ള പാലം നമുക്കു നിർമ്മിച്ചു തുടങ്ങാം. കൃഷി നമുക്കു ഭക്ഷണം മാത്രമല്ല, നമ്മിൽ ക്ഷമ കൂടി സൃഷ്ടിക്കുകയാണ്. കൃഷി നാളേക്കുവേണ്ടി ഒരു പ്രതീക്ഷ നമ്മളിൽ ബാക്കി വെയ്ക്കുന്നുണ്ട്. ഏവരേയും കൂട്ടിച്ചേർക്കുവാനുള്ള ഒരു വാതിൽ തുറന്നിടുന്നുണ്ട്. സർവ്വോപരി കൃഷിയിൽ ചേതോഹരമായ ഒരു പങ്കു വയ്പുണ്ട്. ഹൃദയഹാരിയായ ഒരു സൗന്ദര്യവും അത്മനിർവൃതിയിലധിഷ്ഠിതമായ ഒരു സംതൃപ്തിയുണ്ട്. അതിനാൽ കൃഷിയെ നമുക്കു നെഞ്ചോടു ചേർത്തു വയ്ക്കാം?. ■

സെന്റ് ബേസിൽ ബൈബിൾ സ്ക്കൂൾ

ശാസ്താംകോട്ട: സെന്റ് ബേസിൽ ബൈബിൾ സ്ക്കൂളിന്റെ 93-ാമത് വേദപഠന ക്ലാസ്സ് ഏപ്രിൽ 7-ന് 5 മണിക്ക് ആരംഭിക്കും (സ്ത്രീകൾ മാത്രം). 94-ാമത് ബാച്ച് മെയ് 3-ന് 5 മണിക്ക് (പുരുഷന്മാർ മാത്രം) ആരംഭിക്കുന്നു.

പഠന കോഴ്സുകൾ

1. സർട്ടിഫിക്കറ്റ് ഇൻ ബിബ്ലിക്കൽ സ്റ്റഡീസ്-C.B.S. (ഒരു മാസത്തെ ബൈബിൾ പഠനം)
2. ഡിപ്ലോമ ഇൻ ബിബ്ലിക്കൽ സ്റ്റഡീസ്-D.B.S. (രണ്ടു വർഷത്തെ കറസ്പോണ്ടൻസ് കോഴ്സ്)

അപേക്ഷിക്കുക:
സെന്റ് ബേസിൽ ബൈബിൾ സ്ക്കൂൾ,
ലേക്വ്യൂ, മുതുപിലാക്കാട് പി.ഒ., പോരുവഴി-690520,
കൊല്ലം. ഫോൺ: 0476-2831712, 9847837017, 9526763518

EDUCATION

പരീക്ഷയിലൂടെ... മികവോടെ

> വീട്ടിലേയും വിദ്യാലയത്തിലേയും അന്തരീക്ഷം കുട്ടികളുടെ പഠനത്തെ സ്വാധീനിക്കും അവരുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കാൻ അദ്ധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് സ്നേഹത്തോടെ ശ്രമിക്കണം.

■ സുനിൽ ഡി. കുരുവിള

പരീക്ഷ ഒരു യുദ്ധമല്ല. അതു നമ്മുടെ കഴിവുകൾ, അറിവ് ക്രിയാത്മകത, ചിന്താശക്തി, ഓർമ്മ, ബുദ്ധിശക്തി, ഭാവന, ഭാഷ എന്നിവ അളക്കാനുള്ള ഏറ്റവും മികച്ച ഒരു പ്രക്രിയയാണ്. നമ്മൾ പ്രശ്നത്തെ എങ്ങനെ സമീപിക്കുന്നു. ആശയ വിനിമയ മികവ്, തീരുമാനശേഷി, നേതൃത്വപാടവം ഇവയൊക്കെ പരീക്ഷയുടെ സ്വഭാവമനുസരിച്ച് പരിശോധിക്കപ്പെടുന്നു. നമുക്ക് നമ്മെ തിരിച്ചറിയാനും, മാതാപിതാക്കൾക്കും അധ്യാപകർക്കും നമ്മെ വസ്തു നിഷ്ഠമായി മനസ്സിലാക്കാനും പരീക്ഷ സഹായിക്കും. തുടർന്ന് എന്തു പഠിക്കണം, നമ്മുടെ അഭിരുചി, പഠനശേഷി ഇവയെല്ലാം ഈ പ്രക്രിയയിലൂടെ വിലയിരുത്തപ്പെടുന്നു. കുട്ടികളുടെ ലക്ഷ്യബോധം, ഉത്തരവാദിത്വബോധം എന്നിവയും പരീക്ഷാഫലം വിളിച്ചു പറയും. അതിനാൽ പരീക്ഷ നമ്മെ സഹായിക്കാനുള്ള, തിരിച്ചറിയാനും വിലയിരുത്താനുമുള്ള മികച്ച പ്രക്രിയായി വേണം കരുതാൻ. ജീവിത പരീക്ഷക്കുവേണ്ടിയുള്ള ഒരു മുൻ ഒരുക്കം! നമ്മൾ എത്ര മിടുക്കുള്ളവരായിരുന്നാലും എങ്ങനെ പഠിക്കുന്നു എന്നിതനെ ആശ്രയിച്ചിരിക്കും പരീക്ഷയിലുള്ള പ്രകടനം, പഠനം പരീക്ഷയ്ക്കുവേണ്ടി മാത്രം അല്ല ജീവിത വിജയത്തിനുവേണ്ടി കൂടിയാണ് എന്ന് തിരിച്ചറിയുക. ഇഷ്ടപ്പെട്ട് പഠിക്കുക!

ഇനിയുമുള്ള ഓരോ നിമിഷവും വിലപ്പെട്ടതാണ് എന്ന് മനസ്സിലാക്കി ചിട്ടയായി പഠിക്കുക, സമയം നഷ്ടപ്പെടുമ്പോൾ മാർക്കും നഷ്ടപ്പെടുന്നു.

ടൈംടേബിൾ തയ്യാറാക്കി പഠിക്കുക. ടൈംടേബിൾ അനുസരിച്ച് പഠിത്തം മുന്നേറുന്നു എന്ന് ഉറപ്പ് വരുത്തുക. വേണമെങ്കിൽ ആവശ്യമായ മാറ്റം വരുത്തുക.

പ്രയാസമുള്ള വിഷയങ്ങൾ കൂടുതൽ സമയം പഠിക്കുക; എന്നും പഠിക്കുക.

പഠിക്കുന്നതിൽ അഭിമാനിക്കുക. അറിവു നേടുന്നതിൽ സന്തോഷിക്കുക. ആത്മവിശ്വാസം കൂടുന്നത് തിരിച്ചറിയുക.

ചിട്ടയായിട്ടുള്ള പഠനം ജീവിതത്തിലും മികവ് കൈവരിക്കാനും ചിട്ടയോടെ മുന്നേറാനും സഹായിക്കും. ഉന്നതമായ ലക്ഷ്യങ്ങൾ ആഗ്രഹിക്കാൻ ധൈര്യം നൽകും.

പഠിക്കാനിരിക്കും മുൻപ് പ്രാർത്ഥിക്കുക. പ്രാർത്ഥന ധൈര്യവും ഏകാഗ്രതയും കൂട്ടും. പഠിക്കാൻ കിട്ടുന്ന അവസരത്തിനു ദൈവത്തോടു നന്ദിയുള്ളവരായിരിക്കുക.

വിശ്രമം, ആഹാരം, അൽപം വ്യായാമം മികച്ച പഠനത്തിന് അനിവാര്യമാണ്. ആറു മണിക്കൂറെങ്കിലും ഉറങ്ങാൻ പ്രത്യേകം ശ്രദ്ധിക്കണം.

സങ്കീർണ്ണമായ വിഷയങ്ങൾ പഠിക്കുമ്പോൾ കുറിപ്പെഴുതി പഠിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം. ചെയ്തുപഠിക്കേണ്ട കണക്ക് മുതലായവ ചെയ്തു തന്നെ പഠിക്കണം.

അന്നന്നു പഠിച്ച കാര്യങ്ങൾ ഉറങ്ങുന്നതിന് മുൻപ് ഓർത്തു നോക്കുക. ഓർക്കാത്തത് ഒന്നുകൂടി പഠിച്ചിട്ട് ഉറങ്ങുക.

പഴയ ചോദ്യപേപ്പറുകൾ ഉത്തരമെഴുതി പഠിക്കുക.

അദ്ധ്യാപകർ പരീക്ഷാകാലത്ത് നൽകുന്ന ഉപദേശങ്ങൾ ശ്രദ്ധിക്കുക. ക്ലാസിൽ നടത്തുന്ന മാതൃകാപരീക്ഷകൾ തികഞ്ഞ ഗൗരവത്തോടെ എഴുതുക.

പഠിക്കുമ്പോൾ ആത്മാർത്ഥമായി ശ്രദ്ധപതിപ്പിച്ചാലേ വായിച്ചത് മനസിൽ പതിയൂ. ടിവി, ഫോൺ മുതലായവ പരീക്ഷാ കാലത്ത് പൂർണ്ണമായും ഒഴിവാക്കുക. പത്രം വായിക്കുന്നതും ന്യൂസ് കേൾക്കുന്നതും മടിക്കേണ്ട..

പഠിത്തത്തിൽ ഏകാഗ്രത കിട്ടുന്നില്ലെങ്കിൽ പ്രശ്നം എന്താണെന്ന് മനസിലാക്കി അത് ഒഴിവാക്കുക. ഇഷ്ടപ്പെട്ട്, താത്പര്യത്തോടെ പഠിക്കുമ്പോൾ കൂടുതൽ ഗ്രഹിക്കാൻ കഴിയും.

ഒരു ലക്ഷ്യത്തോടെ, എത്ര മാർക്ക് വേണം, എവിടെ തുടർന്നു പഠിക്കണം. ആരാവണം എന്നൊക്കെ ആസൂത്രണം ചെയ്ത് പഠനത്തെ സമീപിക്കുക. ഇത് പഠന താത്പര്യം വർദ്ധിക്കാൻ കാരണമാകും.

പഠനമുറി പ്രകാശവും, വായുസഞ്ചാരവുമുള്ളതായിരിക്കണം.

പഠന സമയത്ത് അതിൽ മാത്രം ശ്രദ്ധിക്കുക.

സംശയ നിവാരണത്തിന് അധ്യാപകരെ ബുദ്ധിമുട്ടിക്കാൻ മടിക്കണ്ട.. ചർച്ചകൾക്ക് സഹപാഠികൾ ഉണ്ടെങ്കിൽ അത്യുത്തമം.

ഉൻമേഷമായിരിക്കുമ്പോൾ പഠിക്കുക. ക്ഷീണം വരുമ്പോൾ വിശ്രമിക്കുക.

സഹായം വേണ്ടപ്പോൾ മാതാപിതാക്കളോടും ഉറ്റവരോടും ആവശ്യപ്പെടാൻ മടിക്കേണ്ട. പരീക്ഷാകാലത്ത് നിങ്ങളെ സഹായിക്കാൻ എല്ലാവർക്കും താത്പര്യമേയുള്ളു.

നിതിവ്യും കുളിക്കുക, ശുചിത്വം പാലിക്കുക. അമിതാഹാരം വർജ്ജിക്കുക. പഴവർഗങ്ങൾ ധാരാളം കഴിക്കാം. ധാരാളം വെള്ളം കുടിക്കാൻ ഓർക്കുക.

അനാവശ്യ യാത്രകൾ, ആഘോഷങ്ങൾ ഹോട്ടൽ ഭക്ഷണം ഇവ ഒഴിവാക്കുന്നതാണ് നല്ലത്. അപകട സാധ്യതയുള്ള കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക.

പഠനകാര്യങ്ങളിൽ നിന്ന് ചപലമായ, വൈകാരികമായ അനാവശ്യ വിഷയങ്ങളിലേക്ക് ശ്രദ്ധ മാറിപോകാതിരിക്കാൻ കരുതിയിരിക്കുക. ചിന്തകളെ നിയന്ത്രിക്കുക.

അച്ഛനും അമ്മയും അറിയാൻ

പരീക്ഷക്കപ്പുറവും ജീവിതമുണ്ടെന്നു മറക്കാതിരിക്കുക.

കുട്ടികൾക്ക് പഠിക്കാനുള്ള പ്രചോദകമായ അന്തരീക്ഷം ലഭ്യമാക്കി കൊടുക്കുക. അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക. കുട്ടികൾ പഠിക്കുമ്പോൾ
ടിവിയും മറ്റും വെച്ച് ശല്യം ചെയ്യാതിരിക്കുക.

നിങ്ങളുടെ സാമീപ്യം സമ്മർദ്ദമല്ല എന്ന് ഉറപ്പു വരുത്തുക.

വസ്തുനിഷ്ഠമായി മാത്രം പ്രതീക്ഷിക്കുക. എല്ലാവർക്കും എ+ വാങ്ങാൻ

കുട്ടികളുടെ പ്രശ്നങ്ങൾ ശരിയായി വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തണം. കൗൺസിലിങ്ങ്, കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ, ശരിയായ പരിശീലനം എന്നിവ ചെറുപ്പത്തിലേ കുട്ടികൾക്ക് നൽകാൻ ശ്രമിക്കുക.

കഴിയില്ല. അവരുടെ കഴിവിനനുസരിച്ച് പ്രയത്നിക്കുന്നുണ്ടോ എന്നു മാത്രം ഉറപ്പു വരുത്തുക.

കുട്ടികളെ ചോദ്യം ചോദിച്ച് ശ്വാസം മുട്ടിക്കാതിരിക്കുക.

അവരുടെ വിശ്രമം, ആഹാരം, ആരോഗ്യം ശ്രദ്ധിക്കുക.

പരീക്ഷയ്ക്ക് പോകാൻ ആവശ്യമായ കാര്യങ്ങൾ എല്ലാം നേരത്തേ കരുതി വെക്കുന്നതിൽ സഹായിക്കാം.

പരീക്ഷയക്ക് നന്നായി എഴുതാൻ കഴിഞ്ഞില്ലെങ്കിൽ അവരെ ഉത്സാഹപ്പെടുത്തി അടുത്ത പരീക്ഷയ്ക്ക് നന്നായി പഠിക്കാൻ പ്രേരിപ്പിക്കുക. മാനസികമായി തളർത്താൻ ശ്രമിക്കരുത്.

വഴക്ക് ഒഴിവാക്കുക. സമാധാന അന്തരീക്ഷം നിലനിർത്തുക.

കുട്ടികൾ പഠനത്തിൽ പിന്നോക്കമാകുന്നെങ്കിൽ അതിന് കാരണങ്ങൾ ഉണ്ടാവും. അത് കണ്ടെത്താൻ ശ്രമിക്കുക. ബഹളം വെച്ചാൽ പരിഹാരമാവില്ല.

പഠനപ്രശ്നങ്ങൾ പരിഹരിക്കാൻ, അമിത ഉത്കണ്ഠ പരിഹരിക്കാൻ വിദഗ്ദരുടെ സഹായം നേടാവുന്നതാണ്.

കുട്ടികളുടെ പ്രശ്നങ്ങൾ ശരിയായി വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തണം. കൗൺസിലിങ്ങ്, കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ, ശരിയായ പരിശീലനം എന്നിവ ചെറുപ്പത്തിലേ കുട്ടികൾക്ക് നൽകാൻ ശ്രമിക്കുക.

പഠനത്തിൽ പിന്നോക്കമാകുന്ന കുട്ടികളെ അവഗണിക്കുകയോ നിരന്തരം കുറ്റപ്പെടുത്തുകയോ ചെയ്യരുത്. അത് അവരുടെ പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുകയേ ഉള്ളൂ.

കുട്ടികളുടെ അഭിരുചിയും, താൽപര്യവും പരിഗണിച്ചു മാത്രം അവരെ തുടർന്നു പഠിപ്പിക്കുക. താൽപര്യമുള്ള മേഖലകളിൽ പ്രോത്സാഹനം നൽകിയാൽ അവർ മെച്ചപ്പെടുകയും പ്രയോജനമുള്ളവരാകുകയും ചെയ്യും.

പരീക്ഷയിൽ മികച്ച വിജയം നേടുന്ന അനേകം കുട്ടികൾ ജീവിതത്തിൽ പരാജയപ്പെടുന്നുണ്ട് എന്ന് തിരിച്ചറിയുക.

ജീവിതത്തിൽ വിജയിക്കാനും, പ്രയോജനമുള്ള നല്ല മനുഷ്യരാവാനും കൂടി കുട്ടികളെ ഒരുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

വീട്ടിലേയും വിദ്യാലയത്തിലേയും അന്തരീക്ഷം കുട്ടികളുടെ പഠനത്തെ സ്വാധീനിക്കും അവരുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കാൻ അദ്ധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് സ്നേഹത്തോടെ ശ്രമിക്കണം. ■

പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

കുന്നംകുളം:- പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 53-ാം ഓർമ്മ മാർച്ച്-17-ന് കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളിയിൽ.

കുന്നംകുളം:- സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 85-ാം ഓർമ്മ മാർച്ച്-19-ന് കുന്നംകുളം ആർത്താറ്റ് പുത്തൻ പള്ളിയിൽ.

പാമ്പാക്കുട:- കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 130-ാം ഓർമ്മ മാർച്ച് 22-ന് പാമ്പാക്കുട വലിയ പള്ളിയിൽ.

കണ്ടനാട്:- നാലാം മാർത്തോമ്മായുടെ 287-ാം ഓർമ്മ മാർച്ച് 25-ന് കണ്ടനാട് പള്ളിയിൽ.

പാമ്പാടി:- കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 50-ാം ഓർമ്മ, ഏപ്രിൽ 5-ന് പാമ്പാടി ദയറായിൽ.

ചെങ്ങന്നൂർ:- ആറാം മാർത്തോമ്മാ വലിയ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 207-ാം ഓർമ്മ, ഏപ്രിൽ 7-ന് പുത്തൻകാവ് കത്തീഡ്രലിൽ.

ഞാലിയാകുഴി:- ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ രണ്ടാം ഓർമ്മ, ഏപ്രിൽ 12-ന് ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ.

നിരണം:- രണ്ടാം മാർത്തോമ്മായുടെ 329-ാം ഓർമ്മ, ഏപ്രിൽ 16-ന് നിരണം വലിയ പള്ളിയിൽ.

ചെങ്ങന്നൂർ:- എട്ടാം മാർത്തോമ്മായുടെ 199-ാം ഓർമ്മയും ഏപ്രിൽ 16-ന് പുത്തൻകാവ് കത്തീഡ്രലിൽ.

MARCH 22

കാതോലിക്കാ ദിനം

■ ഡോ. ജോർജ് ജോസഫ്
(അസോസിയേഷൻ സെക്രട്ടറി)

2015-ലെ **കാതോലിക്കാ ദിനം അഥവാ സഭാ ദിനം** മാർച്ച് 22-ന് ആചരിക്കുകയാണ്. പ. സഭയെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ട ഈ ദിനം അങ്ങേയറ്റം ഭംഗിയായി ആഘോഷിക്കുവാൻ അഭിവന്ദ്യ തിരുമേനിമാരും, ബഹുമാന്യരായ വൈദികരും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും, മെത്രാസനങ്ങളിലെയും ഇടവകകളിലെയും ഭരണസമിതി അംഗങ്ങളും വിവിധ ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരും നേതൃത്വം നൽകണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ 2015 ഫെബ്രുവരി 12-ലെ 30/2015 നമ്പർ കൽപ്പനയിലൂടെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്.

2014 ലെ കാതോലിക്കാ ദിനവും അതിനോടനുബന്ധിച്ചുള്ള കാതോലിക്കാദിന നിധി സമാഹരണവും കുറ്റമറ്റ രീതിയിൽ നടത്തുവാൻ പ്രവർത്തിച്ച ഏവരെയും അഭിനന്ദിക്കുകയും അവരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾക്ക് ഹൃദപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഈ വർഷത്തെ കാതോലിക്കാ ദിനപ്പിരിവ് ടാർജറ്റ് 10 കോടിയായി പ. സഭ നിലനിർത്തിയിരിക്കുകയാണ്. ലക്ഷ്യപ്രാപ്തിയിലെത്തുന്നതിനായി കേരളത്തിനുള്ളിലെ കത്തീഡ്രൽ, മഹാ ഇടവക, വലിയ പള്ളികൾ, കാതോലിക്കേറ്റ് സിംഹാസനപള്ളികൾ, തീർത്ഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഒരു ഭവനത്തിന് കുറഞ്ഞത് 200 രൂപായും, തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, തൃശൂർ, കോട്ടയം എന്നീ പ്രധാന പട്ടണങ്ങളിലുള്ള പള്ളികളിൽ പ്രത്യേക പദവി ലഭിച്ചിട്ടുള്ള പള്ളികൾ ഉൾപ്പെടെ ഭവനമൊന്നിന് 250 രൂപായും, കേരളത്തിനുള്ളിലെ മറ്റ് ഇടവകകളുടെ ടാർജറ്റ് ഒരു ഭവനത്തിന് 150 രൂപായും, കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തുള്ള ഇടവകകളിലെ ഒരു ഭവനത്തിന് 350 രൂപയും ഗൾഫ് മേഖലകളിലെ ഇടവകകൾക്ക് പ്രത്യേക ടാർജറ്റും, അമേരിക്കൻ മെത്രാസനത്തിലെ ഇടവകകൾക്ക് ഒരു ഭവനത്തിന് 100 ഡോളറും ആയി നിലനിർത്തിയിരിക്കുന്നു.

2015-ലെ കാതോലിക്കാദിന നിധി സമാഹരണത്തിലൂടെ 10 കോടിയിലധികം രൂപ ശേഖരിക്കേണ്ടത് അത്യന്താം ആവശ്യമാണ്.

ഭവനനിർമ്മാണ സഹായ പദ്ധതി, വിവാഹ സഹായ പദ്ധതി, നിർധനർക്കുള്ള വാർദ്ധക്യകാല പെൻഷൻ, ചികിത്സാ സഹായ പദ്ധതി, വിദ്യാഭ്യാസ സഹായ പദ്ധതി, സ്ലീബാദാസ സമൂഹാംഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള വിവിധ ക്ഷേമപദ്ധതികൾ, പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച് കടക്കെണിയിലാകുന്ന കർഷകർക്ക് സഹായം നൽകുന്നതിനായുള്ള പദ്ധതി, ക്ഷീരകർഷകർക്കായുള്ള പ്രത്യേക പദ്ധതി, നിർധനരായ സഭാംഗങ്ങൾക്കുള്ള ആരോഗ്യ ഇൻഷുറൻസിന്റെ പരിധിയിൽ അർഹരായ കൂടുതൽ സഭാംഗങ്ങളെ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതി, ബഹുമാനപ്പെട്ട വൈദികർക്കും ശുശ്രൂഷകർക്കും, പള്ളി സൂക്ഷിപ്പുകാർക്കും



ജയ്, ജയ്, കാതോലിക്കോസ്...

നിർധനരായ സഭാംഗങ്ങൾക്കുമുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി, അവികസിത മേഖലകളിലെ പള്ളികളുടെ നിർമ്മാണത്തിനും പാഴ്സനേജ് നിർമ്മിക്കുന്നതിനുമുള്ള സഹായം മുതലായ വിവിധ കർമ്മപദ്ധതികൾ വളരെ വിജയകരമായി നടപ്പിലാക്കിവരുന്നു. അവികസിത മെത്രാസനങ്ങൾക്ക് വൈദിക ശമ്പള പദ്ധതിയനുസരിച്ച് ശമ്പളം നൽകുന്ന

ഫാ. ഡോ. ഒ. തോമസ് വൈദിക സെമിനാരി പ്രിൻസിപ്പാൾ



ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പാളായി നിയമിതനായ ചേപ്പാട് ഊടത്തിൽ ഫാ. ഡോ. ഒ. തോമസ്.

വൈദിക സെമിനാരിയിൽ കൗൺസിലിംഗ് വിഭാഗത്തിൽ 1981 മുതൽ അധ്യാപകൻ. കേരളാ സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ എം.എ.യും സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് കൗൺസലിംഗിൽ എം.ടി.എച്ചും. ഡോക്ട്രേറ്റും കരസ്ഥമാക്കി. ലണ്ടണിലെ ഹിത്രോപ്പിൽ നിന്നും പാസ്റ്ററൽ കൗൺസലിംഗിൽ ബിരുദാനന്തര ഡിപ്ലോമായും നേടി.

യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി (1980-90), മാവേലിക്കര സെ. പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ (1980-2001), വൈദിക ട്രസ്റ്റി (2004-2007), സഭാ മാനേജിംഗ് കമ്മറ്റി അംഗം (2004-2012) എന്നീ നിലകളിൽ പ്രവർത്തിച്ചു.

വാക്മിയും ചിന്തകനും എഴുത്തുകാരനുമായ ഫാ. ഡോ. ഒ. തോമസ് സൺഡേസ്കൂൾ ഡയറക്ടർ ജനറലും (2007-) ചേപ്പാട് സെ. ജോർജ് ഇടവകാംഗവുമാണ്.

ഭാര്യ: മാവേലിക്കര പടിഞ്ഞാറേതലയ്ക്കൽ എലിസബത്ത് തോമസ്. മക്കൾ: അരുൺ, അനില, അനീഷ. മരുമക്കൾ: റ്റീമ, ഫാ. തോമസ് ജോർജ്.

തിനായി സബ്സിഡി ആയി ഒരു തുക കാതോലിക്കാ ദിനപ്പിരിവിൽ നിന്നും ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. മാത്രമല്ല സഭയിലെ ആദ്ധ്യാത്മിക സംഘടനകളും വൈദിക സെമിനാരികളും കാതോലിക്കേറ്റ് അരമനയും കാതോലിക്കേറ്റ് ഓഫീസും ആശ്രയിക്കുന്ന പ്രധാന സാമ്പത്തിക സ്രോതസ്സാണ് കാതോലിക്കാദിന പിരിവ്.

ഒരോ മെത്രാസനത്തിന്റെയും ടാർജറ്റിൽ കൂടുതലായി ലഭിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം ബഹുമാന്യരായ വൈദികരുടെ ക്ഷേമത്തിനായി രൂപം കൊടുത്തിരിക്കുന്ന വൈദികക്ഷേമ നിധിയിലേക്ക് വകമാറ്റുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സൺഡേ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന നിർധന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള പദ്ധതി നിർവഹണ ഘട്ടത്തിലാണ്.

ബഹുമാന്യരായ ഇടവക വികാരിമാരുടെ പ്രത്യേക താല്പര്യവും, സഭാംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണവും ഉണ്ടായെങ്കിൽ മാത്രമേ ടാർജറ്റിൽ കൂടിയ തുക സമാഹരിക്കുന്നതിനും മേൽപ്പറഞ്ഞ പദ്ധതികൾ പൂർണ്ണ വിജയത്തിൽ എത്തിക്കുന്നതിനും സാധിക്കുകയുള്ളു. കാതോലിക്കാദിന നിധിയിലൂടെ കേന്ദ്രത്തിൽ സമാഹരിക്കപ്പെടുന്ന തുകയുടെ ഭൂരിഭാഗവും വിവിധ പദ്ധതികളിലൂടെ ഇടവകകളിലേക്ക് തിരികെ ലഭിക്കുന്നുണ്ട്.

പരിശുദ്ധ സഭയുടെ പാരമ്പര്യവും, നിയമവും അനുസരിച്ച് പ്രായപൂർത്തിയായ ഓരോ അംഗവും സഭാദ്ധ്യക്ഷന് റശീസാ നല്കുവാൻ ബാദ്ധ്യസ്ഥനാണ്. നിലവിൽ 5 രൂപയാണ് നിരക്ക്. ഇപ്രകാരം റശീസാ സമാഹരിച്ച് കാതോലിക്കാദിന പിരിവിനോടൊപ്പം തരുവാനും ബഹുമാന്യ വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ ഓരോ പള്ളിയുടെയും കാതോലിക്കാ ദിനപ്പിരിവിന്റെ വിശദവിവരങ്ങൾ അടങ്ങിയ ഫയൽ സഭയുടെ കേന്ദ്ര ഓഫീസിൽ സൂക്ഷിക്കുന്നുണ്ട് എന്ന കാര്യം അറിവുള്ളതാണല്ലോ. ഓരോ പള്ളിയിലേയും ഇടവകാംഗങ്ങൾ നൽകുന്ന കാതോലിക്കാ ദിനപ്പിരിവിന്റെ തുക രേഖപ്പെടുത്തിയ ഫോറവും അതത് പള്ളികൾക്കുവേണ്ടിയുള്ള ഫയലിൽ സൂക്ഷിക്കുന്നതാണ്. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ടാർജറ്റ് നിശ്ചയിച്ച് ഓരോ കുടുംബത്തിൽ നിന്നും പരമാവധി തുക പിരിച്ചെടുക്കുവാൻ ശ്രമിക്കണം. പ. സഭ ആവിഷ്ക്കരിച്ചു നടത്തുന്ന പദ്ധതികളുടെയെല്ലാം പ്രധാന വരുമാനശ്രോതസ്സായ കാതോലിക്കാദിന നിധിയിലേക്ക് പരമാവധി തുക സമാഹരിക്കുവാൻ പരിശ്രമിക്കണമെന്ന് ലോകമെമ്പാടുമുള്ള സഭാംഗങ്ങളോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

പരിശുദ്ധ സഭയുടെ പാരമ്പര്യവും സ്വാതന്ത്ര്യവും, സ്വയംശീർഷകത്വവും, സഭാ പിതാക്കന്മാരോടുള്ള സഭാമക്കളുടെ കൂറും ഭക്ത്യാദരവുകളും വർദ്ധിപ്പിക്കുന്നതിനും സഭാ മക്കളിൽ ഐക്യബോധം സൃഷ്ടിക്കുന്നതിനും ഈ വർഷത്തെ കാതോലിക്കാ ദിനവും അതോടനുബന്ധിച്ചുള്ള വിവിധ പരിപാടികളും സഹായിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ■

കഷ്ടാനുഭവത്തിന്റെ രാത്രികാഴ്ചകൾ

■ ഫാ. ജോൺ റ്റി. വർഗ്ഗീസ്



'അന്ധകാരത്തെ പ്രകാശിപ്പിക്കാനായിട്ടു വരികയും രാവിന്റെ മക്കൾ പന്തങ്ങളും ദീപയഷ്ടികളും പിടിച്ചുകൊണ്ട് തന്നെ കെടുത്തിക്കളയുവാനായി രാത്രിയിൽ വരികയും ചെയ്ത പിതാവിന്റെ കതിരാണ് ക്രിസ്തു'.

(കഷ്ടാനുഭവയാഴ്ച തിങ്കൾ രാത്രി രണ്ടാം കൗമാ സെദ്റാ

ഈ രാത്രിയുടെ ഏറ്റവും വലിയ അപരാധം അവനവന്റെ ശരികളാകുന്ന ദീപയഷ്ടികളുമായി സനാതനമായ നിത്യപ്രകാശത്തെ അഭിമുഖീകരിക്കാൻ നാം ശ്രമിച്ചുകൊണ്ടേയിരിക്കുന്നു എന്നതാണ്. പെസഹായുടെ രാത്രിയിൽ ശക്തമായ പ്രകാശസ്രോതസുകളുമായി ഗത്സമനിൽ നിൽക്കുമ്പോൾ യൂദായുടെ നേതൃത്വത്തിൽ ഒരു കൂട്ടമാളുകൾ ആ വെളിച്ചത്തിൽ ക്രിസ്തുവിനെ തിരിച്ചറിയാനാകാതെ കാഴ്ച നഷ്ടപ്പെട്ടവരായി നിലത്തു വീണു പിൻവാങ്ങുന്നു. കഷ്ടാനുഭവത്തിന്റെ രാത്രിയിൽ കൃപയുടെ നിലാവെളിച്ചം പുത്തൻകാഴ്ചകളെ ചിലർക്ക് സമ്മാനിക്കുമ്പോൾ ആ കാഴ്ചകളിലേക്ക് വായനക്കാരാ താങ്കളെ ക്ഷണിക്കുന്നു. വെറും കാഴ്ചയ്ക്കല്ല കാഴ്ച ദർശനമായും പിന്നെ ഗ്രഹണമായും പരിണമിക്കുന്ന തലത്തിലേക്ക്. ക്രിസ്തു സുഖാർ കിണറ്റിൻകരയിൽ ശമരിയാക്കാരിയെ കണ്ടതുപോലെ! അത്തിച്ചുവട്ടിൽ നഥനയേലിനെ കണ്ടതുപോലെ! അതൊന്നും വെറും കാഴ്ചകളായിരുന്നില്ലല്ലോ.

ഒരു കുടം വെള്ളവും സഹന സ്നാനത്തിന്റെ രാത്രികാഴ്ചകളും

ഇപ്പോൾ സൂര്യന് ഉച്ചചൂട് കുറഞ്ഞിരിക്കുന്നു. നേരം സന്ധ്യയാകാറാകുന്നു. കാറ്റിൽ വരാനിരിക്കുന്ന പെസഹായുടെ മൗനസംഗീതം ഒരു സുഗന്ധം പോലെ അന്തരീക്ഷത്തിലുണ്ട്. യാക്കോബും യോഹന്നാനും പട്ടണത്തിലേക്ക് അതിവേഗം നടക്കുകയാണ്. അവരുടെ കണ്ണുകളിൽ ആരെയോ പ്രതീക്ഷിക്കുന്നതിന്റെ തിരയിളക്കമുണ്ട്. അപ്പോഴാണ് അകലെനിന്ന് ഒരാൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് അവർക്ക് എതിരെ വരുന്നത്. അവർ ചുവടുകളുടെ വേഗം കുറച്ച് സാവധാനം നിന്നു. ഇപ്പോൾ അവരുടെ ശ്രദ്ധ അയാളിലല്ല ഒരു കുടം വെള്ളത്തിലാണ്. പിന്നെ രണ്ടുപേരുടേയും ഗതി അതിന്റെ പിറകെയാണ്. ആ ഒരു കുടം വെള്ളം എന്തിന്റെ സൂചനയായിരുന്നു ? അവർ ഗ്രാമത്തിൽ നിന്നു യാത്ര പുറപ്പെട്ടവരാണ് പട്ടണത്തിലേക്ക്. ഗ്രാമം അടിസ്ഥാന നന്മകളുടേയും നൈർമ്മല്യത്തിന്റെയും നിഷ്കളങ്കസ്നേഹത്തിന്റെയും പ്രതീകമാണ്. നഗരം വിശാല സാധ്യതകളുടേയും നിറചാർത്തുകളുടേയും പ്രതീകമാണ് അതേസമയം വഞ്ചനയും കാപട്യവും മുഖംമൂടികളും അവിടെ കാത്തിരിക്കുന്നുമുണ്ട്. ഗ്രാമത്തിൽ നിന്ന് പട്ടണത്തിലേക്കുള്ള യാത്ര ജീവിതവികാസത്തെ സൂചിപ്പിക്കുന്നു. ഗ്രാമത്തിനും പട്ടണത്തിനും മധ്യേ കാണപ്പെടുന്ന ഒരു കുടം വെള്ളം ഒരു സ്നാനത്തിന്റെ സൂചന കൂടെയായിരിക്കണം. ഒരു മൂന്നാം സ്നാനത്തിന്റെ, അത് സഹനമാണ്. അത് ഒരാളുടെ ജീവിതവഴി മാറ്റും. എനിക്ക് ഒരു സ്നാനം സ്വീകരിപ്പാനുണ്ട് എന്ന് താൻ അനുഭവിക്കാനിരിക്കുന്ന കഷ്ടാനുഭവത്തെക്കുറിച്ച് കർത്താവ് മുമ്പൊരിക്കൽ പറഞ്ഞത് ഓർക്കുന്നില്ലേ ? യാക്കോബും യോഹന്നാനുമുൾപ്പെടുന്ന ശിഷ്യസമൂഹത്തിന് സഹനസ്നാനം ആരംഭിക്കാനിരിക്കുന്നതേയുള്ളു ഒരു കുടം വെള്ളവും അതിന്റെ പിറകെയെടുക്കുന്ന യൂടേണും ഒന്ന് രണ്ട് സൂചനകൾ നൽകുന്നുണ്ട് ഒന്ന് സഹനസ്നാനം ഒരാളുടെ ജീവിതവഴി മാറ്റും, രണ്ട് കഷ്ടാനുഭവ



ങ്ങളുടെ പിറകെ സഞ്ചരിക്കേണ്ടിവരും. മണിക്കൂറുകൾക്കുള്ളിൽ ഇതിൽ നിന്നും പകർന്ന ഒരു പാത്രം വെള്ളവുമായി അവരുടെ നാഥൻ കാൽകഴുകാനെത്തുമ്പോൾ സകല ആസുരതകളും വെടിഞ്ഞ് മിഴികൾ സജലങ്ങളായി ആദി നൈർമ്മല്യത്തിലേക്ക് വീണ്ടും യു ടേൺ എടുക്കുന്നുണ്ട്. പിന്നെ പിന്നെ രാവിലെ ഒരു കുമ്പിൾ വെള്ളത്തിൽ പീലാത്തോസ് കൈകൾ കഴുകികൊണ്ട് വഴുവഴുപ്പൻ നിലപാടുകളിലേക്ക് പീലാത്തോസ് പിന്തിരിയുന്നു. അവിടെയും ജലം ഒരടയാളമാകുന്നു. ഇനിയിപ്പോൾ യോഹന്നാന് ജലം വെറുമൊരടയാളം മാത്രമല്ല. വിലാവിൽ നിന്നൊഴുകുന്ന ജലത്തെ മറ്റാരും ശ്രദ്ധിച്ചിട്ടില്ല. യോഹന്നാൻ കൃത്യമായത് നിരീക്ഷിക്കുന്നു. ഹൃദയത്തിൽ പുത്തനർത്ഥതലങ്ങൾ പിറവിയെടുക്കുന്നു. തന്റെ ലേഖനക്കുറിപ്പുകളിൽ ജലത്താലും രക്തത്താലും വരുന്നവനായി ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയും സാക്ഷ്യം പറയുന്ന ശക്തമായ അടയാളമായി യോഹന്നാൻ ജലത്തെ കാണുകയും ചെയ്യുന്നു (1 യോഹ.5:6,8).

അഹങ്കാരം ചിതറിത്തെറിക്കുന്ന ഗതികേടിന്റെ രാത്രികാഴ്ച

അല്പം വിലപേശലിനൊടുവിലാണ് മുപ്പതു വെള്ളിനാണയങ്ങൾ യൂദാ വാങ്ങി ചേർത്തുപിടിക്കുന്നത്. അതയാളുടെ തൃപ്തിയാണ്. അവസാന അത്താഴത്തിന്റെ ചിത്രം ലിയാനാർഡോ ഡാവിഞ്ചി വരച്ചത് ശ്രദ്ധിച്ചിട്ടില്ലേ ? കർത്താവിന്റെ വലത് ഭാഗത്ത് നെഞ്ചോടു ചേർത്തു പിടിച്ച നാണയങ്ങളുമായി കുർബ്ബാനയപ്പം കാത്തിരിക്കുന്ന തിടുക്കം തുടിക്കുന്ന മുഖഭാവവുമായി ഒരു ചെറുപ്പക്കാരൻ. ഹൃദയത്തോട് ചേർത്തു പിടിച്ച അഭിലാഷങ്ങളുടെ പൂർത്തീകരണം യാമങ്ങൾ മുറിഞ്ഞുമാറുമ്പോൾ ഭണ്ഡാരപുരയിലേക്ക് വലിച്ചെറിയുന്നതായി നാം കാണുന്നു (വി.മത്തായി 27:5) ഇപ്പോൾ ആ നാണയങ്ങളോട് അയാൾ കഠിനമായ വെറുപ്പ് പുലർത്തുന്നു. ഏകാന്തതയുടേയും കുറ്റബോധത്തിന്റെയും വാത്മീകത്തിൽ ഗതികെട്ടലയുമ്പോഴാണ് അയാൾ ചിലതൊക്കെ ഉപേക്ഷിക്കുവാൻ നിർബന്ധിതനാകുന്നത്. ഗതികെട്ടുപോകാൻ ഒരു രാത്രി തികച്ചു വേണ്ട എന്നൊരോർമ്മപ്പെടുത്തൽ കൂട്ടിവയ്ക്കലുകളുടെ മത്സരയോട്ടം നടത്തുന്ന നമുക്കുവേണ്ടിയാണ്.

കുറെ മുമ്പ് എന്തൊരുത്സവമേളമായിരുന്നു ആ വിരിച്ചൊരുക്കിയ വൻമാളികയിൽ. സ്നേഹത്തിന്റെ ഏറ്റവും സുന്ദരമായ വ്യാഖ്യാനങ്ങൾ ചരിത്രത്തിലുണ്ടായത് ആ നാഴികകളിലാണ്. എന്നാൽ കെരിയോത്തുകാരൻ വാതിൽ വലിച്ചടച്ച് ഇരുളിലേക്ക് പോയി എന്ന് സുവിശേഷം പറയുന്നു. പുറത്ത് ഇരുട്ടായിരുന്നോ? ഇന്ന് നീസാൻ പതിന്നാലോ അതിനോട് ചേർന്ന ദിനമോ ആയിരിക്കണം പൗർണ്ണമിയിലെ പൂർണ്ണചന്ദ്രൻ വിലസുന്ന ദിവസം. ആ നിലാവിൽ അയാൾ തെളിയാത്തതെന്തേ ? തനിക്ക് സ്വന്തമായുള്ളവരിൽ നിന്നും ദൂരെ മാറി സുഖം അന്വേഷിക്കുന്നത് ദുരന്തത്തിൽ കലാശിക്കും. ചിലരിങ്ങനെയാണ് തന്റെ ആന്തരികപ്രഭയും ജീവിതപരിസരങ്ങളുടെ കൃപയും തിരിച്ചറിയാനാകാതെ പോകുന്നു. പുത്തൻ വിരുന്നുകൾ തേടി അവരവർക്കായി വിരിച്ചൊരുക്കിയ മാളികയുടെ വാതിലുകൾ ഭേദിച്ചുകൊണ്ടേയിരിക്കുന്നു. അയാൾ പിന്നെ ഈ പൂർണ്ണനിലാവത്താണ് കൈയ്യിൽ പന്തങ്ങളുമായി ക്രിസ്തുവിനെ അന്വേഷിക്കുന്നത്. നിലാവത്തെ പന്തം ഒരു വൈരുദ്ധ്യം തന്നെ. ഉള്ളിലെ വെളിച്ചം ഊതിക്കെടുത്തിയവൻ ഇനി എത്ര പന്തം പിടിച്ചിട്ടെന്താ കാര്യം. ഗെത്സമെനിൽ തിരിച്ചറിവില്ലാതെ വരുന്നു. അവന്റെ സ്നേഹത്തിന്റെ വിരുന്നുശാല വിടാതിരിക്കാമെങ്കിൽ നിന്റെ കഷ്ടാനുഭവങ്ങളുടെ ഗത്സമേനിൽ ഉയരത്തിന്റെ നിലാവെളിച്ചത്തിൽ നിനക്കവനെ തിരിച്ചറിയാം. സ്നേഹത്തിന്റെ നെരിപ്പോട് വിട്ടകലുന്ന ഒരാൾക്ക് മുടിയൻ പുത്രന്റെ മുഖഛായയാണ്. അയാൾ മഹാപുരോഹിതരുടെ വാതിലിൽ ഈ രാത്രി മുട്ടുമ്പോൾ, പിന്നെ നിരാശനാകുമ്പോൾ 'മുട്ടുവിൻ തുറന്നുതരാം' എന്ന നാഥന്റെ വചനം ഓർക്കാമായിരുന്നു. പുലരിയിൽ മരത്തിൽ കയർ കുടുക്കുമ്പോൾ നസറേത്തിലെ വലിയ തച്ചന്റെ ഔദാര്യത്തിന്റെ അളവുനൂലിനെ ഓർക്കാമായിരുന്നു.

നഗ്നത തിരിച്ചറിയുന്ന നീസാൻ നിലാവത്തെ രാത്രികാഴ്ച

'ശിഷ്യന്മാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി (മർക്കോസ് 14:50)

ബാല്യക്കാരനോ പുതപ്പ് വിട്ട് നഗ്നനായി ഓടിപ്പോയി' (14:52)

തിരുവേദത്തിൽ ഏറ്റവും കൂടുതൽ ഓട്ടങ്ങൾ നടക്കുന്നത് ഈ രാത്രിയിലാണ്. പാലായനത്തിന്റെ ഭീതിയാർന്ന മുഖങ്ങൾ ഈ രാത്രിയുടെ പല യാമങ്ങളിലേയും കാഴ്ചയാണ്. മർക്കോസിന്റെ സുവിശേഷപ്രകാരം പിടിക്കപ്പെടുമ്പോൾ കർത്താവിന്റെയൊപ്പം അവസാനമുണ്ടായിരുന്ന ആൾ ബാല്യക്കാരനാണ് അയാളാണ് അവസാനം ഓടിപ്പോകുന്നത്. സ്വന്തം നഗ്നത തിരിച്ചറിയുക എന്ന യഥാർത്ഥ അറിവിലേക്ക് ഇയാൾ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു എന്നു മാത്രമല്ല ഇരുളിന്റെ മറവിൽ അയാളുടെ വൈകൃതങ്ങളെ ഒളിപ്പിച്ച വെറും പുതപ്പ് വെളിച്ചത്തിന്റെ സന്നിധിയിൽ ഉപേക്ഷിച്ചിട്ടാണ് ഇയാൾ തിരികെ പോകുന്നത്. നീസാൻ 14 ന്റെ നിലാവ് അയാളെ ലജ്ജിപ്പിക്കുന്നു. ഇത് നല്ലൊരു രാത്രികാഴ്ചയാണ്. അയാളും ഞാനും തമ്മിലുള്ള വിത്യാസമെന്താണ് ? അയാൾ ഉള്ള പുതപ്പുകൾ ഉപേക്ഷിച്ച് ഭയന്ന് ക്രിസ്തുവിനെ അഭിമുഖീകരിക്കാനാകാതെ നിൽക്കുന്നു. ഞാനാകട്ടെ അനുദിനം കൂടുതൽ പൊയ്മുഖപ്പുതപ്പുകൾ ധരിച്ച് അവിടുത്തോട് ചേർന്ന് നീങ്ങാൻ ശ്രമിക്കുന്നു. ആരാണ് ഭേദം ? ഉള്ള് ചെറുതായി ഉരുകുന്നുണ്ടിപ്പോൾ ഞാൻ ശരീരം പറയുന്നതനുസരിച്ച് ആഗ്രഹങ്ങളെ സ്വീകരിക്കുന്നു. അയാളുടെ ശരീരമാകട്ടെ അയാളെ ദുഃഖിക്കാൻ പ്രേരിപ്പിക്കുന്നു. മറ്റൊരു തരത്തിൽ ചിന്തിക്കുമ്പോൾ പിശാച് പിടിക്കുമ്പോൾ യേശുവിനെ വിട്ടുമാറുന്നതിന്റെ പേരാണ് നഗ്നത. അവിടെ നഷ്ടപ്പെടുന്നത് കൂട്ടായ്മയാണ് (Fellowship) ഏദനിൽ ഇത് സംഭവിക്കുന്നുണ്ടല്ലോ. യോഹന്നാൻ 21:7 പറയുന്നു മീൻ കിട്ടാത്ത ആ തണുത്ത രാത്രിയിൽ പത്രോസ് നഗ്നനായിരുന്നു. പിന്നെ യേശുവുമായുള്ള കൂട്ടായ്മയിൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടി. മനുഷ്യജീവിതത്തിന്റെ യാത്രയുടെ ക്രമം നഗ്നത, ഉടുപ്പ്, സ്വർഗീയ പാർപ്പിടം ഇങ്ങനെയാണ്.

റോമാലേഖനം 13 ന്റെ 14 പറയുന്നു. ക്രിസ്തുവാണ് പുതിയ വസ്ത്രം നിങ്ങൾ ക്രിസ്തുവിനെ ധരിച്ചു കൊൾവിൻ ഈ വളർച്ചയിലേക്ക് യാത്ര ആരംഭിക്കുന്നത് നഗ്നതാബോധത്തിൽ നിന്നാണ്. പഴയനിയമത്തിലെ ചില നഗ്നതകൾ നോക്കൂ ശരീരത്തെ റദ്ദാക്കുന്ന ആത്മാവിന്റെ വെളിപ്പെടുത്തലുകൾ കാണാം. സഹോദരന്റെ വിയോഗത്തിൽ രൂബേൻ വലിച്ചുകീറുന്ന അങ്കിയും (ഉല്പത്തി 37:29) പുത്രവിയോഗത്തിൽ യാക്കോബ് വലിച്ചുകീറുന്ന അങ്കിയും (37:34) പുത്രമരണത്തിൽ ഇയ്യോബ് കീറുന്ന വസ്ത്രവും (ഇയ്യോബ് 1:20) എല്ലാം ആത്മാവിൽ നഗ്നരാകുന്നതിന്റെ പ്രതീകമാണ്. നഗ്നനാകുന്ന ബാല്യക്കാരൻ നിസംഗനായിരിക്കാം. പക്ഷേ ഇതൊക്കെ ദൈവമുമ്പാകെ സ്വന്തം ആത്മാവിനെ പ്രദർശിപ്പിക്കാനുള്ള തീഷ്ണവികാരത്തിന്റെ രാത്രിക്കാഴ്ചകളായെടുത്തുകൂടെ ? നിസാൻ 14-ന്റെ നിലാവ് ഇന്ന് എനിക്കും നിനക്കും കൂടെയാണ്. സ്വന്തം നഗ്നത തിരിച്ചറിയാൻ ഈ നിലാവത്ത് ഒലിവുതോട്ടങ്ങളും കൊട്ടാരവളപ്പുകളും കാണാൻ സുന്ദരമാണ്. പക്ഷേ ഈ നിലാവെളിച്ചത്തിൽ നിങ്ങളെ തന്നെ ഒന്നു കാണണമെന്നു തോന്നുന്നുവോ ? മറ്റൊന്നുകൂടിയുണ്ട്, ഈ നിലാവത്ത് ലജ്ജിതനായില്ലെങ്കിൽ ന്യായവിധിയുടെ കൊടുംച്ചൂടിൽ നീ പൊള്ളിപ്പോകും.

തിരുമുഖത്തിന്റെ ജ്ഞാനദർശനം - ഒരു രാത്രികാഴ്ച

'അപ്പോൾ യേശു തിരിഞ്ഞു പത്രോസിനെ ഒന്നു നോക്കി. ഇന്നു കോഴി കൂകും മുമ്പെ എന്നെ മൂന്നുവട്ടം തള്ളിപ്പറയും എന്ന് കർത്താവ് തന്നോട് പറഞ്ഞ വാക്ക് പത്രോസ് ഓർത്തു പുറത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു'. (വി. ലൂക്കോസ് 22:61)

കഴിഞ്ഞ ആയിരത്തി ഇരുന്നൂറിൽപരം ദിവസങ്ങളായി പത്രോസും കർത്താവും പരസ്പരം കാണുന്നുണ്ട്. എന്നാൽ ഇത്തരമൊരു കാഴ്ച ആദ്യമായിട്ടാണ് ശരീരമാകെ നന്നായി തണുത്തുവിറയ്ക്കുന്ന ഈ രാത്രിയിൽ നാഥന്റെ മിഴിമുനതുമ്പിൽ നിന്നും ചാട്ടുളി പോലെ പാഞ്ഞ ദർശനകിരണങ്ങൾ ആ ചെറുപ്പക്കാരനെ ഒട്ടൊന്നുമല്ല തളർത്തിയത്. ഇപ്പോൾ അയാൾ ഒരു ജ്ഞാനകൂടാരമാണ് അയാൾ വാവിട്ട് നിലവിളിക്കുന്നതിനുമുമ്പ് വരെ വിശ്വാസപ്രകടനങ്ങളുടെ സുൽത്താനായിരുന്നു. കഴിഞ്ഞ മണിക്കൂറുകളിൽ എന്തെല്ലാമായിരുന്നു പ്രഖ്യാപനങ്ങൾ. ഇനിയിപ്പോൾ വിശ്വാസ പ്രകടനങ്ങളില്ല വിശ്വാസജീവിതമേയുള്ളൂ. പത്രോസ് പുറത്തിറങ്ങി എന്നാണ് വേദത്താളിൽ നാം വായിച്ചത് എവിടെനിന്ന്, ഒന്നാമതായി വിശ്വാസപ്രകടനത്തിൽ നിന്ന് വിശ്വാസജീവിതത്തിലേക്ക്. രണ്ടാമതായി അയാൾ പുറത്തിറങ്ങിയത് ഗബ്ബഥായുടെ പരിസരങ്ങളിൽ നിന്നാണ് 'ഗബ്ബഥാ' എന്നത് പീലാത്തോസ് വിധി പറയുന്ന സ്ഥലമാണ് 'കൽത്തളം' എന്നർത്ഥം. അതൊരു പ്രതീകമാണ് മനസാക്ഷി ശിലസമാനമായി പോയവർ പാഞ്ഞുനടക്കുന്ന ഗബ്ബഥായുടെ മതിൽക്കെട്ടുകൾക്ക് പുറത്തേക്കിറങ്ങുകയാണ്. ഇനി കരയാതെ തരമില്ല. മൂന്നാമതായി ഈ പുറത്തിറങ്ങൽ ഒരു ജീവിതത്തിൽ നിന്നും മറ്റൊരു ജീവിതത്തിലേക്കുള്ള പുറത്തിറങ്ങലാണ്. പത്രോസ് ഇനിമേൽ പഴയതുപോലെയല്ല. എന്താണ് പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസം അവിടെ അബ്രഹാമിനെ പോലെയുള്ള ചിലർ അയയ്ക്കപ്പെടുന്നത്. ഒരു ദേശത്തിൽ നിന്നും മറ്റൊരു ദേശത്തേയ്ക്കാണ്. എന്നാൽ പുതിയ നിയമത്തിൽ ചിലർ അയയ്ക്കപ്പെടുന്നത് ഒരു ജീവിതത്തിൽ നിന്നും മറ്റൊരു ജീവിതത്തിലേയ്ക്കാണ് പത്രോസ് പുറത്തിറങ്ങിയത് അകലങ്ങളിലേയ്ക്കല്ല ആഴങ്ങളിലേക്ക് പോകാനാണ്. നാഥനുമായുള്ള ഒരു മിഴിദൂരം തന്റെ ജീവിതത്തിന്റെ ആഴങ്ങളിലേയ്ക്കുള്ള അനന്തദൂരമായി പരിണമിക്കുന്നു. നാലാമതായി പത്രോസ് പുറത്തിറങ്ങുന്നത് ശിഷ്യനിൽ നിന്ന് ഭക്തനിലേക്കാണ്. ശിഷ്യൻ ആരാണ് ? ബോധോദയം നേടിയ ഒരു ഗുരുവിൽ നിന്നും അറിവുനേടാനുള്ള ജിജ്ഞാസയിൽ ശിഷ്യൻ ചെന്നു നിൽക്കുന്നത് ഗുരുവിന്റെ പാദപീഠത്തിലാണ് അവിടെ അടുപ്പത്തിലും ഒരകലമുണ്ട്. എന്നാൽ ആരാണ് ഭക്തൻ ? ശിഷ്യനിൽ നിന്ന് ഭക്തനിലേക്ക് ഒരു കുതിച്ചുചാട്ടമാണുണ്ടാവുക. ഭക്തൻ സ്വയമുരുകുകയും ഗുരുവിൽ ലയിക്കുകയുമാണ് അടുക്കുകയും ഒന്നാകുകയുമാണ്. തമ്പുരാൻ ഈ രാത്രിയിൽ നിന്നെയും തിരിഞ്ഞുനോക്കുന്നുണ്ട്. പക്ഷേ നീ ഇപ്പോഴും ഗബ്ബഥയിലെ കൽത്തളങ്ങളിൽ ആണ്ടു കുമ്പസാരത്തിന്റെ പതിവുവ്യായാമത്തിന്റെ മിനുസത നൽകിയ സന്തോഷത്തിൽ മാത്രമാണ്. ഗബ്ബഥാ വിട്ടു പുറത്തിറങ്ങാമോ ? ഒന്നു കരയണമെന്ന് തോന്നും തീർച്ചയാണ്. ■

WANTED

THE BIBLE SOCIETY OF INDIA invites applications from residents of Kerala for the post of Auxiliary Secretary for the Kerala Auxiliary. The applicant should be an ordained person who should have completed BD/M.Th. along with a secular University Degree. He/She should have administrative experience in a senior position in Churches/Christian Organizations and those with experience in distribution of Scriptures will be preferred. Age between 40 and 50 years and fluent in Malayalam and English: Salary scale Rs. 10800-680-17600-29000-840-37400 plus DA-30% of basic, CCA-Rs. 600/-, Medical - Rs. 1000/ -and Children's Allowance-Rs 800/ - p.m. per child for children upto the age of 21 years who are unmarried/employed. Residential accommodation will be provided. Age/Salary/Qualification will be relaxed in deserving cases.

Applications on plain paper with detailed resume along with copies of certificates two reference letters from the Church Authority, a health certificate from a government certified doctor and a passport size photograph should be mailed to the General Secretary, Bible Society of India, LOGOS, 206 Mahatma Gandhi Road, Bangalore 560 001 in a sealed envelop superscribing "Application for the post of Auxiliary Secretary, Kerala Auxiliary" to reach him by March 20, 2015. ■

നിയമിച്ചു

കോട്ടയം: മാനവശക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഓർത്തഡോക്സ് മെഡിക്കൽ ഫോറം, ആത്മഹത്യാ പ്രതിരോധ ഹെൽപ്പ് ലൈൻ എന്നിവയുടെ ഭാരവാഹികളായി ഡോ. വർഗീസ് പുന്നൂസ്, ഡോ. സിബി തരകൻ എന്നിവരെ നിയമിച്ചു.

EXCLUSIVE

അരനൂറ്റാണ്ടിന്റെ ബോധന ശുശ്രൂഷ...

■ ഫാ. ജേക്കബ് മാത്യു, കാരിച്ചാൽ

'കല്ലറയ്ക്കൽ ശെമ്മാശ്ശാ, തിരുവചനവും കരുതലും ഒരുമിച്ച് പോകണം. വേദവ്യാഖ്യാനവും പ്രായോഗിക ദൈവശാസ്ത്രവും അതാണ് ലക്ഷ്യമാക്കേണ്ടത് '.



മലങ്കര ഓർത്തഡോക്സ് സഭയിൽ 65-ൽ അധികം വർഷത്തെ ശെമ്മാശ്ശ സേവനമാണ് ഡോ. കെ. എ. ജോർജ് ശെമ്മാശൻ. 1950-ൽ 16-ാം വയസ്സിൽ ശെമ്മാശുപട്ടം സ്വീകരിച്ചു. കോട്ടയം വൈദിക സെമിനാരിയിൽ അര നൂറ്റാണ്ടിലധികം ബോധന ശുശ്രൂഷ.

കെ. എ. ജോർജ് ശെമ്മാശനും പത്നി ഡോ. മേരി ജോർജ് (ശാന്താ ജോർജ്) നും രണ്ടു മക്കൾ, നാലു ചെറുമക്കൾ. മകൾ അന്നമ്മ ജോർജ്, audiology & speech therapist ആയി തിരുവനന്തപുരത്തും, മകൻ ഏബ്രഹാം ജോർജ്, കമ്പ്യൂട്ടർ എൻജിനീയർ ആയി സെക്കന്തരാബാദിലും താമസിക്കുന്നു. ഡോ. മേരി ജോർജ് അബുദാബിയിൽ 30 വർഷത്തെ ശുശ്രൂഷയുടെ അനുഭവവുമായി വൈറ്റിലയിലെ കല്ലറയ്ക്കൽ ഭവനത്തിൽ ഡോ. കെ. എ. ജോർജ് ശെമ്മാശനൊപ്പം.

കെ. കെ. മാത്യൂസച്ചൻ പഴയ സെമിനാരി നാലുകെട്ടിന്റെ പടിയിൽ വച്ച് 1966-ൽ (മാത്യൂസ് മാർ ബർന്നബാസ്) കല്ലറയ്ക്കൽ ഏബ്രഹാം ജോർജ് ശെമ്മാശനോട് പറഞ്ഞതാണിത്.

ഒൻപത് ലോകഭാഷകളിൽ വ്യുൽപ്പത്തി നേടി വേദവ്യാഖ്യാനത്തിൽ മഹാപാണ്ഡിത്യം തെളിയിച്ച ഡോ. കെ.എ. ജോർജ് ശെമ്മാശൻ ജീവിതത്തിന്റെ നല്ല പങ്കും കോട്ടയം പഴയ സെമിനാരിയുടെ അകത്തളത്തിൽ ചെലവഴിച്ചു. 'മലങ്കരയുടെ നിത്യശെമ്മാശൻ', പരിശുദ്ധ ഔഗേൻ ബാവാ തിരുമേനിയോടും പ്രത്യേകിച്ച് തന്റെ അരനൂറ്റാണ്ടായുള്ള അദ്ധ്യാപന സപര്യയിൽ കണ്ടുമുട്ടിയ എല്ലാവരോടും സ്നേഹവും സൗഹൃദവും അനിതരസാധാരണമാംവിധം പുലർത്തിയ പഴയ നിയമ അദ്ധ്യാപകനാണ് ഡോ. കെ. എ. ജോർജ് ശെമ്മാശൻ.

കണ്ടനാട് കല്ലറയ്ക്കൽ കുടുംബത്തിൽ 1934-ൽ ജനിച്ചു. സുറിയാനി പണ്ഡിതനും മല്പാനുമായ പിതാവ് ഏബ്രഹാമിൽ (പാപ്പച്ചൻ) നിന്ന് സുറിയാനി ഭാഷയുടെയും ആരാധനാ ജീവിതത്തിന്റെയും ആദ്യപാഠങ്ങളും ഞാർത്താങ്കൽ കോരുതു മല്പാനിൽ നിന്ന് സുറിയാനി ഭാഷ, കാനോൻ, ധർമ്മശാസ്ത്രം എന്നിവയും ഉൾക്കൊണ്ടു. ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്നും ബി.ഡി., കഴിഞ്ഞ് (1958-61) അദ്ധ്യാപന ജീവിതം ആരംഭിച്ചത് ആസാമിലെ ജോഹാർട്ട് ഈസ്റ്റേൺ തിയോളജിക്കൽ കോളജിലാണ് (1961-63). തുടർന്ന് പഴയ നിയമ ദൈവശാസ്ത്രത്തിൽ വിശ്വപ്രസിദ്ധരായ ഡോ. എൻ.എച്ച്. സ്നെയിത്ത്, ഡോ. എം.എച്ച്. ഹാരിസ്സൺ, ഡോ. വി. സി. സാമുവൽ, ഡോ. ഇ.സി. ജോൺ എന്നിവരുടെ ശിക്ഷണത്തിൽ പഠിച്ച് മാസ്റ്റർ ബിരുദം നേടി (1963-65).

യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ സമാധാനലബ്ധിയെ തുടർന്ന് ഭാരത സഭ നല്കിയ സ്വീകരണം നടന്ന 1964 കാലം. സുറിയാനി പണ്ഡിതനായ കെ. എ. ജോർജ് ശെമ്മാശനോട് പ. ഔഗേൻ ബാവായ്ക്കുണ്ടായിരുന്ന വാത്സല്യത്തിൽ, പാത്രിയർക്കീസ് ബാവായ്ക്ക് ബാംഗ്ലൂരിലെ ലാൽ ബാഗിൽ നൽകിയ അനുമോദന സമ്മേളനത്തിൽ പങ്കു ചേരാനുള്ള അവസരം ലഭിച്ചു. അവിടെ വച്ച് സെമിനാരി വൈസ് പ്രിൻസിപ്പാൾ റവ. കെ. ഫിലിപ്പോസ് അച്ചൻ (ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) ജോർജ് ശെമ്മാശ്ശനെ പഴയ സെമിനാരിയിൽ അദ്ധ്യാപകനായി നിയമിക്കുന്ന കാര്യം പ. ബാവായെ ധരിപ്പിച്ച് അനുവാദം വാങ്ങി.

ബൈബിൾ അവഗാഹമുള്ള ഓർത്തഡോക്സ് ശെമ്മാശനെ പഴയ സെമിനാരിക്ക് ലഭിച്ചു. തന്റെ സഭയെ പ്രതി മറ്റെന്തിനോടും വിപ്രതിപത്തി കാട്ടാൻ മടിയില്ലാത്ത വിശ്വസ്ത സഭാംഗം. മാസം ആയിരം രൂപ ലഭിക്കാൻ സാദ്ധ്യത ഉള്ള വാഗ്ദാനം ഉപേക്ഷിച്ച് 140 രൂപ സ്വന്തമാക്കാൻ വണ്ടികയറി ജോർജ് ശെമ്മാശൻ കോട്ടയത്തെത്തി.

സെറാംപൂർ അംഗീകാരത്തിനായി, കോട്ടയം പഴയ സെമിനാരി പരിശ്രമം നടത്തി വന്ന കാലമായിരുന്നു അത്. അതിന്റെ നിഷ്കർഷയിൽ വേണ്ടത്രയും ബിരുദാനന്തര ബിരുദധാരികളെ അന്വേഷിച്ച് വന്ന സമയമായതിനാൽ കെ.എ. ജോർജ് ശെമ്മാശനെ കൂട്ടി കെ. ഫിലിപ്പോസ് അച്ചൻ ദേവലോകത്ത് പോയി. അന്ന് സെമിനാരി പ്രിൻസിപ്പാൾ ആയിരുന്ന മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത (പിന്നീട് മാത്യൂസ് പ്രഥമൻ ബാവാ) കെ.എ. ജോർജ് ശെമ്മാശനോട് കുശലം ചോദിച്ചു. "എടോ, കേരളത്തിൽ നിന്ന് മൂന്ന് സുറിയാനി പേപ്പറുകൾ സർവ്വകലാശാല പരീക്ഷയിൽ ഉണ്ടായിരുന്നു. ഒരെണ്ണം അതിവിശിഷ്ടം. തനിക്കെത്ര കിട്ടി, മറുപടി: തൊണ്ണൂറ്റി എട്ട്. "ഞാൻ 98% നല്കിയ പേപ്പർ തന്റെയായിരുന്നു, അല്ലേ." കണിശക്കാരനും നേരിട്ട് അഭിനന്ദിക്കുന്നതിൽ പിശുക്കും കാട്ടിയിരുന്ന തിരുമേനി, വാത്സല്യം ചൊരിഞ്ഞു നല്കി.

അക്കാലത്ത് പഴയ സെമിനാരിയിൽ ഫാ. എം. വി. ജോർജ്, ഫാ. ടി. ജെ. ജോഷ്വാ, ഫാ. കെ.എം. അലക്സാണ്ടർ, കോരുത് മല്പാൻ, ഏബ്രഹാം മല്പാൻ, നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ (യൂഹാനോൻ മാർ സേവേറിയോസ്) എന്നിവരും അധ്യാപകരായിരുന്നു. പഴയ നിയമ വിഭാഗത്തിൽ അദ്ധ്യാപകനായ

ശേഷം 31-ാം പേജിൽ

വിശ്വാസപാഠം

ക്രൂശിന്റെ പ്രാധാന്യം

■ ഫാ. ജോർജ്ജ് കുറ്റിയിൽ

ഓർത്തഡോക്സ് സഭകൾക്ക് യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം കാണിക്കുന്നതിനു പല സ്ഥലത്തും കുരിശ് സ്ഥാപിക്കുന്നു. പള്ളിയുടെ മുകളിൽ ബലിപീഠത്തിൽ. കുരിശും മുട് ഉണ്ടാക്കുന്നു. ഇവയെല്ലാം വിഗ്രഹാരാധനയായി ചില ക്രിസ്തീയ സഭകൾ വ്യാഖ്യാനിക്കുന്നു. കുരിശിനെ സംബന്ധിച്ചുള്ള സഭയുടെ ഈ കാഴ്ചപ്പാടും പഠിപ്പിക്കലും വിഗ്രഹാരാധനയായികാണുന്നത് ശരിയാണോ എന്നു നമുക്കു പരിശോധിക്കാം.

കുരിശിനു സഭയിൽ എന്നു മുതലാണ് ഇങ്ങനെയൊരു അംഗീകാരം ലഭിച്ചതെന്ന് കൃത്യമായി പറയുവാൻ കഴിയുന്നില്ല. കുസ്തന്തീനോസ് ചക്രവർത്തി എ.ഡി-313-ൽ ക്രിസ്തുമതത്തിനു സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ഔദ്യോഗിക മതമായി അംഗീകരിക്കുകയും ചെയ്തു. അതിനു ശേഷം തന്റെ മാതാവായ ഹെലിനി രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെടുക്കാനായി യെരുശലേമിൽ പോയി അന്വേഷണം നടത്തി. കിട്ടിയ അറിവനുസരിച്ചു ഒരു സ്ഥലത്തു കുഴിച്ചു നോക്കിയപ്പോൾ മൂന്നു കുരിശു കണ്ടെടുത്തു അതിൽ കർത്താവിന്റെ കുരിശ് ഏതാണെന്നും അറിയാതെ വിഷമിച്ചിരിക്കുമ്പോൾ അതുവഴി കൊണ്ടു വന്ന ഒരു ശവശരീരം ഇതിൽ ഒരു കുരിശിന്റെ സ്പർശനത്താൽ ജീവിച്ചെഴുന്നേറ്റു. ആ കുരിശ് കർത്താവിന്റെ കുരിശ് ആണെന്ന് മനസ്സിലാക്കുകയും ആ കുരിശ് ആഘോഷത്തോടെ കുസ്തന്തീനോസ് പോലീസിലേക്ക് കൊണ്ടു പോയി ഒരു പള്ളിയിൽ സ്ഥാപിക്കുകയും ചെയ്തു എന്ന് പറയപ്പെടുന്നു. കുരിശിന്റെ പ്രധാന്യത്തെയും മാഹാത്മ്യത്തെയും വെളിപ്പെടുത്തുന്ന ഒരു സംഭവമാണിത്. എന്നാൽ കുരിശിന് ആദിമസഭയിൽ തന്നെ ആദരവ് നൽകി എന്ന് വിശ്വസിക്കുവാൻ വേദപുസ്തകത്തിൽ തെളിവുകളുണ്ട്. ശിഷ്യന്മാരുടെ കാലത്തുതന്നെ കുരിശിനു പ്രാധാന്യം ഉണ്ടായിരുന്നു എന്നു വേദപുസ്തകത്തിൽ നിന്നു നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. വി. മത്തായിയുടെ സുവിശേഷത്തിൽ വായിക്കുന്നു.

'തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല' (മത്താ 10:38).

ഇതു കർത്താവു തന്നെ പറയുന്ന വാക്യമാണ് ഇവിടെ 'ക്രൂശ് 'ഏതർത്ഥത്തിലാണു ഉപയോഗിച്ചിരിക്കുന്നത്. ഓരോരുത്തരുടേയും 'ധർമ്മം' എന്തായിരിക്കാം. അവന്റെ കഷ്ടപ്പാടുകൾ ഉൾപ്പെടുന്ന ധർമ്മ നിർവ്വഹണമാണു കർത്താവു ഉദ്ദേശിക്കുന്നത് എന്നു തോന്നുന്നു കർത്താവിന്റെ സമയത്തു 'ക്രൂശ്'എന്ന പദപ്രയോഗം ഈ അർത്ഥത്തിൽ ഉപയോഗിച്ചിരുന്നോ ? കർത്താവിന്റെ സമയത്തു കുറ്റവാളികളെ ദാരുണമായി തൂക്കിക്കൊല്ലാൻ ഉപയോഗിച്ചിരുന്ന ഉപാധിയായിരുന്നു കുരിശ്. ജനങ്ങളുടെ സംസാര ശൈലിയിൽ അതിനു സ്ഥാനം ഉണ്ടായിരുന്നോ ? കർത്താവു കുരിശിൽ മരിച്ച് കഷ്ടതയിലൂടെ തന്റെ ധർമ്മ നിർവ്വണം നിറവേറ്റിയതുമൂലമായികരിക്കുമല്ലോ ആ പദത്തിനു അങ്ങനെയൊരു അർത്ഥ പുഷ്ടിയുണ്ടാകുന്നത്. തനിക്കു സംഭവിപ്പാനിരിക്കുന്ന കുരിശു മരണത്തെ മുൻകൂട്ടി കണ്ടു കൊണ്ടാവുന്നു കർത്താവു ഇതു പറയുന്നത്. എന്നാൽ തന്നെയും വിശ്വാസികളിൽ കുരിശിനോടു ഒരു ആദരവുണ്ടാകാൻ ഇതു സഹായിച്ചു.

വി.യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു.

'മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതു പോലെ മനുഷ്യ പുത്രനെയും ഉയർത്തേണ്ടതാകുന്നു.' (യോഹ.3:14).

മോശെ സർപ്പത്തെ ഉയർത്തിയതു ദൃഷ്ടാന്തമായി കർത്താവു പറയുന്നു. മോശെ സർപ്പത്തെ ഉയർത്തിയ സംഭവം സംഖ്യാ പുസ്തകം 21-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. ജനം അഗ്നി സർപ്പത്തിന്റെ കടിയേറ്റു മരിച്ചപ്പോൾ മോശെ ജനത്തിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു.

'യഹോവ മോശെയോടു, ഒരു അഗ്നി സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കുക. കടിയേല്ക്കുന്നവൻ ആരെങ്കിലും അതിനെ നോക്കിയാൽ ജീവിക്കും എന്നു പറഞ്ഞു. അങ്ങനെ മോശ താമ്രം കൊണ്ടു ഒരു സർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കി. പിന്നെ സർപ്പം ആരെങ്കിലും കടിച്ചിട്ടു അവൻ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും' (സംഖ്യാ 21:8,9).

യാതൊന്നിന്റെയും പ്രതിമയുണ്ടാക്കി വന്ദിക്കുകയോ സേവിക്കുകയോ ചെയ്യരുത് എന്നു കല്പനയുണ്ട്. എന്നാൽ ഇവിടെ പ്രതിമയുണ്ടാക്കാൻ എന്തിനു കല്പിച്ചു. സർപ്പത്തിന്റെ കടിയേറ്റാൽ രക്ഷപ്രാപിക്കാൻ കൊടിമരത്തിൽ തൂക്കിയിട്ടിരിക്കുന്ന താമ്രസർപ്പത്തെ നോക്കണം. സർപ്പമാണോ രക്ഷിക്കുന്നത്. അല്ലായെന്ന് എല്ലാവർക്കും അറിയാം. എന്നാൽ രക്ഷ പ്രാപിക്കുന്നതിനു സർപ്പത്തെ നോക്കുകയും വേണം. ദൈവത്തിന്റ രക്ഷണ്യ പ്രവർത്തനത്തിനു അത് മുഖാന്തിരമാകുന്നു. യേശു തമ്പുരാൻ പറയുന്നു. മോശ സർപ്പത്തെ ഉയർത്തിയതുപോലെ

മനുഷ്യപുത്രനേയും ഉയർത്തേണ്ടേ താകുന്നു. യേശുവിന്റെ കുരിശുമരണം സംബന്ധിച്ചുള്ള മുന്നറിയിപ്പാണിത്. പാപത്തിന്റെ ശമ്പളമാകുന്ന മരണ ത്തിന്റെ പിടിയി ലായിരിക്കു ന്നവർക്ക് കർത്താവിന്റെ കുരിശു മരണം വിമോചനം നൽകുന്നു. കർത്താവിന്റെ കുരിശ് ലോകത്തിനു കൈമാറുന്ന സന്ദേശമാണിത്. പൗലോസ് ശ്ലീഹാ യുടെ പഠിപ്പിക്കലുകളിൽ കൂടി നമുക്കിത് വ്യക്തമായി മനസ്സിലാ ക്കാൻ കഴിയും. എഫേസാ ലേഖന ത്തിൽ നാം വായിക്കുന്നു. *"ക്രൂശിൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തേയും ദൈവത്തോട് നിരപ്പിക്കാനും തന്നേ."* (എഫെ. 2:16).

ക്രൂശിൽ വെച്ചു കർത്താവ് നിർവ്വഹിച്ച പാപപരിഹാര ബലി, പാപം മൂലമുണ്ടായ അകൽച്ചയും ശത്രുത്വവും ഇല്ലാതാക്കി ദൈവത്തോട് നമ്മെ നിരപ്പിച്ചു. ക്രൂശിൽ വെച്ചാണ് കർത്താവ് ഈ അതിശ്രേഷ്ഠമായ ബലി നടത്തിയത്. അപ്പോൾ കുരിശ് എന്ന് പറയുന്നത് കർത്താവിന്റെ ബലി പീഠമാണ്. കുരിശിന്റെ പ്രാധാന്യം പ.പൗലോസ് ശ്ലീഹ പലഭാഗത്തും എടുത്ത് പറയുന്നുണ്ട്. കൊരിന്ത്യ ലേഖനത്തിൽ നാം വായിക്കുന്നു.

"ക്രൂശിന്റെ വചനം നശിച്ച് പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവ ശക്തിയും ആകുന്നു." (1 കൊരി 1:18).

*"ക്രൂശിന്റെ വചനം"*എന്നാണ് പ. ശ്ലീഹാ പറയുന്നത്. ക്രൂശിന് ഒരു ആളത്വ സ്വഭാവവും ശക്തിയും പ.പൗലോസ് ശ്ലീഹാ കൊടുക്കുന്നു. പ.പൗലോസ് ശ്ലീഹാ കുരിശിനു കൊടുക്കുന്ന അംഗീകാരവും ആദരവു മാണല്ലോ ഈ വാക്കുകളിൽ നാം മനസ്സിലാക്കുന്നത്. വാക്കുകളിൽ കൂടി പറഞ്ഞുകൊടുക്കാൻ കഴിയാത്ത ഒരു ശക്തമായ സന്ദേശം കുരിശ് ലോക ത്തിന് കൈമാറുന്നു. അത് രക്ഷയുടെ അടയാളവും മുഖാന്തിരവുമായി നിലകൊള്ളുകയാണ്. വീണ്ടും പ.ശ്ലീഹാ പറയുന്നു.

"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തു വിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്." (ഗലാ.6:14).

കുരിശിനോടുള്ള പ.പൗലോസ് ശ്ലീഹായുടെ പ്രശംസാതീതമായ നിലപാടല്ലേ ഇത് പ്രകടിപ്പിക്കുന്നത്. ശ്ലീഹന്മാരുടെ ഈ കാഴ്ചപ്പാടും പഠിപ്പിക്കലുമല്ലേ സഭ ഉൾക്കൊണ്ടിരിക്കുന്നത്. *"ക്രൂശിന്റെ വചനം"*എന്ന് പറയുമ്പോൾ ക്രിസ്തുവിന്റെ വചനം എന്ന് തന്നെയാണ് അർത്ഥമാക്കുന്നത്. അപ്പോൾ കുരിശ് ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ടാണ് ക്രിസ്തുവിനെ പ്രതിനിധീകരിച്ച കുരിശ് ത്രോണോസിൽ വെക്കുകയും മറ്റ് സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുന്നത്. ശ്ലീഹന്മാർ നൽകിയിരിക്കുന്ന ആദരവും അംഗീകാരവും സഭ നൽകുന്നത്. എബ്രായലേഖനത്തിൽ നാം വായിക്കുന്നു. *"അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവ സിംഹാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുകയും ചെയ്തു."* (എബ്ര 12:2).

ഇവിടെ *"കുരിശ് "*എന്നു പറയുന്നത് കർത്താവിന്റെ കഷ്ടാനുഭവമാണ്. ഫിലിപ്പിയ ലേഖനത്തിൽ പ. പൗലോസ് ശ്ലീഹാ പറയുന്നു. *"അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നു."* (ഫിലി 3:18). ഇവിടെയെല്ലാം കുരിശ് പ്രതിധാനം ചെയ്യുന്നത് കർത്താവിന്റെ കഷ്ടാനുഭവമാണ്. അതുകൊണ്ട് കഷ്ടാനുഭവവാഴ്ചയിൽ നാം ക്രൂശിനെ പള്ളിയുടെ മദ്ധ്യേ നാട്ടുകയും ആദരസൂചകമായി ത്രോണോസിലെപ്പോലെ മെഴുകുതിരി കത്തിക്കുകയും ചെയ്യുന്നു.

എനിക്ക് കർത്താവിന്റെ കുരിശില്ലാതെ പ്രശംസിപ്പാനി ടവരരുത് എന്നു പ.പൗലോസ് ശ്ലീഹാ പറയുമ്പോൾ ക്രൂശിലൂടെ നേടിയെടുത്ത വിജയത്തെയുമാണ് സൂചിപ്പിക്കുന്നത്. ക്രൂശിൽ മരിച്ചു ഉയിർത്തെഴുന്നേ റ്റവനായ യേശു ലോകത്തെ ജയിച്ചവരാണ്. ലോകത്തിനും പാപത്തിനും കൊടുക്കാവുന്ന ഏറ്റവും വലിയ ശിക്ഷയെ കീഴടക്കി മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. അത് കൊണ്ട് ക്രിസ്ത്യാനികളെ സംബന്ധി ച്ചിടത്തോളം *"കുരിശ്"*വിജയത്തിന്റെ അടയാളമാണ്. ലോകത്തിന്റെ വെല്ലുവിളിയുടെ നടുവിൽ ധൈര്യവും പ്രത്യാശയും നൽകുന്ന വലിയപ്രേരണ ഘടകമാണ്. എബ്രയലേഖനത്തിൽ അത് വളരെ വ്യക്തമായി എഴുതിയിരിക്കുന്നു. *"യേശുവിനെ നോക്കുക, തന്റെ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ച് കൊൾവിൻ."*(എബ്ര. 12:2,3).

*"കുരിശിന്"*ആദിമ സഭ കൊടുത്തിരുന്ന പ്രാധാന്യ ത്തിന്റെ കുറച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ ഈ വേദഭാഗങ്ങൾ നമ്മെ സഹായിക്കും. *"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല."* നാം ക്രൂശിലേക്ക് നോക്കുമ്പോൾ കുരിശിൽ മരിച്ചുയർത്തെഴു ന്നേറ്റവനായ യേശുവിനെയാണ് കാണുന്നത്. പിച്ചള സർപ്പത്തെ നോക്കി രക്ഷ പ്രാപിച്ചതു പോലെ ക്രൂശ് നിത്യ രക്ഷയുടെ മുഖാന്തിരമായി എന്നും നിലനില്ക്കുന്നു. ■



സൺഡേസ്ക്കൂൾ വാർത്തകൾ

ഒ.വി.ബി.എസ്.: 2015-ലെ ഒ.വി.ബി.എസ്. ഭംഗിയായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. ഗാനപരിശീലനത്തിന്റെ സെൻട്രൽ തല ക്യാമ്പു നടന്നു കഴിഞ്ഞു ഭദ്രാസന തലങ്ങളിൽ അതു ക്രമീകരിക്കുമ്പോൾ ബന്ധപ്പെട്ടവർ പോയി സംബന്ധിക്കേണ്ടതാണ്. ഏപ്രിൽ 5-ന് ഉയിർപ്പു പെരുന്നാളാണല്ലോ. അതു കഴിഞ്ഞു മാത്രമേ ഒ.വി.ബി.എസ്. ക്രമീകരിക്കാവൂ. പഠനവും, ധ്യാനവും സീനിയർ വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സുകളും പൂർണ്ണമായി നടത്തപ്പെടണം. ചിലയിടങ്ങളിലെങ്കിലും പാട്ടുകൾ പഠിപ്പിക്കുന്നതിനും മറ്റു വിനോദ പരിപാടികൾക്കും കൂടുതൽ സ്ഥാനം നൽകി വരുന്നതായി കാണുന്നു. അതു ശരിയല്ല. തീർത്ഥാടന കേന്ദ്രങ്ങളിലേക്കു പോകുന്നുവെങ്കിൽ, കുട്ടികൾക്ക് ഒരു തീർത്ഥാടനാനുഭവം തന്നെ ഉണ്ടാകണമെന്ന് ബന്ധപ്പെട്ടവർ പ്രത്യേകമായി ശ്രദ്ധിക്കണം. കേവലം വിനോദയാത്രകളായി ഇവ തരംതാഴരുത്. എല്ലാ വർഷവും യാത്രകൾ വേണമെന്ന നിർബന്ധവും ആവശ്യമില്ല.

വലിയനോമ്പും വി. കുർബ്ബാനാനുഭവവും: വലിയ നോമ്പിൽ ഏതെങ്കിലും ഒരു ഞായറാഴ്ച കുട്ടികൾക്കായി വേർതിരിച്ച്, തലേദിവസം ധ്യാനവും, പിറ്റേ ദിവസം വി. കുർബാന അനുഭവിക്കുന്ന പതിവുമുണ്ടായിരുന്നു. പല പള്ളികളിലും ഇതു മാറ്റി പരീക്ഷകൾക്കു മുൻപായി വി. കുർബാന അനുഭവിക്കുന്ന രീതി തുടങ്ങിയിരിക്കുന്നു. തിന്മയിൽ നിന്ന് ഒഴിഞ്ഞ് നന്മയിലേക്കു വളരുന്നത് ക്രിസ്തുവിന്റെ, തിരുശരീരരക്തങ്ങൾ സ്വീകരിക്കുന്നതു മൂലമാണ്. ഈ വി. കുർബാനാനുഭവം, പരീക്ഷ പാസ്സാകുന്നതിനുവേണ്ടിയാണെന്നുള്ള ചിന്ത താൽക്കാലികമായി പ്രയോജനപ്പെടുമെങ്കിലും, ആത്യന്തികമായി ആത്മീയ വളർച്ചയെ സഹായിക്കുകയില്ല. അതിനാൽ നല്ല പാരമ്പര്യങ്ങൾ നിലനിർത്താനാണ് ഏവരും ശ്രമിക്കേണ്ടത്. കുമ്പസ്സാരം നടന്നാൽ പ്രായമായ കുട്ടികൾക്കു അതിനുള്ള ആ സൗകര്യം ഒരുക്കുവാൻ സൺഡേസ്ക്കുൾ അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

സൺഡേസ്ക്കുൾ റാങ്ക് ലഭിച്ചവർ

ക്ലാസ്, ഒന്ന്, രണ്ട് റാങ്ക് യഥാക്രമം. **ക്ലാസ് അഞ്ച്:** ടൈറ്റസ് വിൽസൺ (സെ. ജോർജ് പറന്തൽ, അടൂർ-കടമ്പനാട് ഭദ്രാസനം) അന്ന ജി. സാമുവൽ (സെ. മേരീസ് നാലാഞ്ചിറ, തിരുവനന്തപുരം ഭദ്രാസനം). **ആറ്:** കരിഷ്മ എലിസബത്ത് ഗീവർഗീസ് (സെ. കുറിയാക്കോസ് മുണ്ടുകുഴി, നിരണം ഭദ്രാസനം), ഷേമ മെറിൻ സോണി (സെ. പോൾസ് പുളിമൂട്, മാവേലിക്കര ഭദ്രാസനം). **ഏഴ്:** ദിവ്യ ദാനിയേൽ (സെ. പീറ്റേഴ്സ് കൊന്നപ്പാറ, തുമ്പമൺ ഭദ്രാസനം), നേഹാ ആൻ റെനി (സെ. ജോർജ് കട്ടപ്പുറം, തിരുവല്ല-നിരണം ഭദ്രാസനം). **എട്ട് -** റേച്ചൽ ജോസഫ് (സെ. കുറിയാക്കോസ് മേല്പാടം, നിരണം, ഭദ്രാസനം), മർലാ എലിസബത്ത് ഫിലിപ്പ് (എംജിഎം തോട്ടപ്പുഴ, ചെങ്ങന്നൂർ ഭദ്രാസനം). **ഒൻപത്** - റോഹൻ ജേക്കബ് (സെ. തോമസ് കങ്ങഴ, കോട്ടയം ഭദ്രാസനം), ആൻ മേരി ഫിലിപ്പ് (കെ.എം.ജി. പാമ്പാടി, കോട്ടയം ഭദ്രാസനം). **പത്ത് -** ഐനസ് പൗലോസ് (സെ. മേരീസ് ഓണക്കൂർ, കണ്ടനാട് വെസ്റ്റ് ഭദ്രാസനം), സീന സാറാ ജോസ് (സെ. തോമസ് ബഥനി പെരുനാട്, നിലയ്ക്കൽ ഭദ്രാസനം), റീനു അന്നാ മാത്യു (സെ. സ്റ്റീഫൻസ് പത്തനാപുരം, അടൂർ-കടമ്പനാട് ഭദ്രാസനം-മൂന്നാം റാങ്ക്)

പന്ത്രണ്ട് - സാന്ദ്ര മേരി ഓഫർ (സെ. മേരീസ് മീനടം, കോട്ടയം ഭദ്രാസനം) അലീന തോമസ് (എംജിഎം, ബഥേൽ ചെങ്ങന്നൂർ, ചെങ്ങന്നൂർ ഭദ്രാസനം), നിതിഷാ ജി (പൊങ്ങന്താനം സെ. തോമസ് വാകത്താനം, കോട്ടയം ഭദ്രാസനം-മൂന്നാം റാങ്ക്).

- ഫാ. ഡോ. ഒ. തോമസ്

MBC COLLEGE OF ENGINEERING & TECHNOLOGY

KUTTIKANAM, PEERMADE

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

വിശദവിവരങ്ങൾക്ക്:

9447124611, 04812574522

സിൻഡിക്കേറ്റ് അംഗം



കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട ജോൺ തോമസ്. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവും, കേരള വാട്ടർ അതോറിറ്റി അംഗവുമാണ്. മുട്ടം സെന്റ് മേരീസ് ഇടവകയിൽ കെച്ചുകോയിക്കൽ കുടുംബാംഗം.

ഡോക്ട്രേറ്റ്



കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും 'ഫുഡ് സയൻസ് ആന്റ് ന്യൂട്രീഷനിൽ' പി.എച്ച്.ഡി. നേടിയ ലിലിയ ബേബി. നെടുമാവ് സെ. പോൾസ് ഓർത്തഡോക്സ് ഇടവകയിൽ പൊടിപ്പാറയ്ക്കൽ സനൂപ് രാജുവിന്റെ ഭാര്യ.

കേരള സർവ്വകലാശാലയിൽ നിന്നും ഹിന്ദി സാഹിത്യത്തിൽ പി.എച്ച്.ഡി. നേടിയ കിഴക്കേക്കല്ലട സെ. ജോർജ് വലിയ പള്ളി ഇടവകാംഗവും പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അസി. പ്രൊഫസറുമായ രഞ്ജി കോശി. കിഴക്കേ കല്ലട കുന്നത്തു വീട്ടിൽ റജി മാത്യുവിന്റെ ഭാര്യ.

zacherachen@gmail.com

https://www.google.co.in/search?site=&source=hp&q=zacherac

Google zacherachen@gmail.com

Web News Images Videos Maps More Search tools

Wave length

Elimination

Selfie

വേവ്‌ലെങ്ത്. പുത്തൻ സൗഹൃദ ക്കൂട്ടായ്മകളിൽ ആവർത്തിച്ചു കേൾക്കുന്ന ഒരു വാക്ക്. ഏറ്റവും പ്രിയപ്പെട്ട സ്നേഹിതൻ/സ്നേഹിത ഉണ്ടാവുന്നത് വേവ്‌ലെങ്ത് കറക്ടാവുന്നത് അനുസരിച്ചാണത്രേ! അങ്ങോട്ട് പറയുന്നവ മനസിലാക്കുകയും മനസിലാവുന്ന കാര്യങ്ങൾ തിരികെ പറയുകയും ചെയ്യുന്നവരോട് ഏറിയൊരടുപ്പം സ്വാഭാവികമാണ്. ഉൾക്കൊള്ളാനാവാത്തയെ മാറ്റിവയ്ക്കുന്നതും ചിലപ്പോൾ ഒഴിവാക്കുന്നതും ഇപ്പോൾ സാധാരണമായി തുടങ്ങിയിട്ടുണ്ട്.

ആകുലതയത്രയും നമ്മുടെ യൗവനക്കാർക്ക് നാം പകരുന്ന ക്രിസ്തുവിനോട് അവർക്കുള്ള അടുപ്പത്തെക്കുറിച്ചാണ്. നമ്മുടെ 'റോഡ് ഷോ' കളിൽ ക്രിസ്തു അവതരിപ്പിക്കപ്പെടുന്നുവോ എന്നത് മറു ചോദ്യം. നാം നൽകുന്നതാവട്ടെ 'ബ്യൂട്ടി സലൂൺ യേശു' വിന്റെ സുന്ദരചിത്രം മാത്രം. (കൊസുകെ കൊയാമയ്ക്കും അദ്ദേഹത്തെ പരിചയപ്പെടുത്തിയ റിച്ചുവിനും അഭിവാദ്യം) വർഷങ്ങൾക്ക് മുമ്പെ വലനന്നാക്കുകയായിരുന്ന (നെറ്റ് സേർച്ച് ചെയ്തിരുന്ന) ശീമോനെയും അന്ത്രയോസിനെയും സെബദിമക്കളെയുമൊക്കെ വല്ലാതെ ആകർഷിച്ചുകൊണ്ട് ദേശമെങ്ങും നന്മചെയ്ത് എല്ലായിടവും സഞ്ചരിച്ച തീഷ്ണവും പ്രണയസുരഭിലവുമായ ആ യൗവ്വനം എന്തുകൊണ്ട് നമ്മുടെ യൗവനക്കാർക്ക് സഹയാത്രികനാവുന്നില്ല.

ക്രിസ്തുവിന്റെ അനുകാരികളായ നാം പ്രസരിപ്പിക്കുന്ന ക്രിസ്തുവിന്റെ വേവ്–ലെങ്ത് കറക്ട് ആവാത്തത് മൂലം നമ്മുടെ മക്കൾ ക്രിസ്തുവിനെ അൺഫ്രണ്ട് ചെയ്താൽ അതിൽപരം ദുർഭഗതയെന്തുണ്ട് സഖേ! സത്യത്തിൽ, നമ്മുടെ ജീവിതം തമ്പുരാനെക്കുറിച്ച് മാത്രം എത്ര കുറവാണ് സംസാരിക്കുന്നത്.

അവന്റെ വേവ്‌ലെങ്തിനെ പ്രസരിപ്പിക്കുന്നതിൽ നമുക്ക് അലസതയുണ്ട് നിശ്ചയം! അവരോടൊപ്പം വളരുന്ന ക്രിസ്തുവിനെ പരിചയപ്പെടുത്താതെ അവരെങ്ങനെ ക്രിസ്തുവിനൊടൊപ്പം വളരുക? അവരുടെ നിലപാടുകൾക്ക് ക്രിസ്തുവിന്റെ രുചിയുണ്ടാവുക. കുഞ്ഞുനാളിലെ പരിചയപ്പെട്ട യേശു അപ്പച്ചൻ ഇപ്പോഴും അവർക്കൊപ്പമുണ്ട്. പിന്നീടെപ്പോഴോ സ്വർഗ്ഗ-നരകങ്ങൾക്കധിപതിയായ കണിശക്കാരായ ദൈവത്തെ അവർ പേടിച്ചുതുടങ്ങി. ഇതിനിടയിൽ അവരുടെ വേവ്‌ലെങ്ത് കറക്ട് ആവാതെ വരുന്നുണ്ട് സഖേ, ശരിക്കും ഇനി ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്ന് വിളിക്കും എന്നു പറഞ്ഞ ദൈവപുത്രനുമായുള്ള ബന്ധത്തെക്കുറിച്ച് തന്നെയാണ് പറഞ്ഞുവരുന്നത്.

ഇന്നയിടങ്ങളിൽ ദൈവത്തെ ഇങ്ങോട്ടു വന്നു കാണണം എന്ന നമ്മുടെ ശാഠ്യം അപകടമാവുന്നുണ്ടോ? പോകുന്ന എല്ലായിടങ്ങളിലും നമ്മുടെ മക്കൾ നമ്മേക്കാളധികമായി ദൈവത്തെ കൊണ്ടുപോകുന്നുണ്ടെങ്കിലോ? തീയറ്ററുകളിലും തട്ടുകടകളിലും നെറ്റ് കഫേകളിലും ഒരു ക്രിസ്തു സാന്നിദ്ധ്യബോധം അവരിലേറെയും പുലർത്തുന്നുണ്ട് എന്നത് വാസ്തവമാണ്. ദീർഘയാത്രകളിൽ കൈയ്യിൽനിന്ന് 'റ്റാബ്' താഴ്ത്തി വയ്ക്കാത്ത യുവസുഹൃത്തിനെ വിധിക്കാൻ വരട്ടെ. ഒരു പക്ഷേ, അവൻ സുവിശേഷം ഒരാവർത്തികൂടെ പാരായണം

ചെയ്യുകയല്ലെന്ന് ആരുകണ്ടു! (ചീത്ത മാമ്പഴങ്ങൾ ഉണ്ടാകാം. അവയെ പകുത്ത് പരിസരം നാറ്റുന്നതിലും നന്നല്ലേ ഏറെ വരുന്ന നല്ല മാമ്പഴങ്ങളെ തൊട്ടെടുക്കുന്നത്). എത്ര സത്യസന്ധമായിട്ടാണവർ കാര്യങ്ങൾ പറയുന്നതെന്ന് ശ്രദ്ധിക്കുക. അതുമാത്രം മതിയാവും അവരിൽ ക്രിസ്തുവുണ്ട് എന്നതിന് തെളിവ്.

നാം തോല്ക്കുന്നതിവിടെയാണ്. ഫ്രണ്ട് റിക്വസ്റ്റ് അയയ്ക്കാൻ ഫേസ്ബുക്കിൽ അവർ ക്രിസ്തുവിനെ കാണുന്നില്ല. ക്രിസ്തുശിഷ്യരുടെ പ്രൊഫൈലുകളിലാവട്ടെ തമ്പുരാൻ അധികം പ്രത്യക്ഷപ്പെടുന്നുമില്ല. നമ്മുടെ കമന്റുകളിൽ സുവിശേഷം ആവർത്തിക്കുന്നില്ല. നമ്മുടെ മക്കൾ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിന് അവരുടെ യൗവനബോധത്തിന്മേൽ ശക്തമായ പ്രഹരങ്ങളേൽപ്പിക്കുവാൻ ശേഷിയുള്ള ചാട്ടവാറുകൾ മാത്രം നമ്മുടെ ദേവാലയങ്ങളിലെ കച്ചവടസ്ഥലങ്ങളിൽ കിട്ടാനുമില്ല. അവരുടെ പങ്കുവയ്ക്കലുകൾക്ക് തക്ക വേവ്-ലെങ്ത് നാം നൽകുന്ന ക്രിസ്തുവിൽ അവർ കാണുന്നുമില്ല. വീണ്ടും ക്രിസ്തുവിന്റെ തരംഗദൈർഘ്യത്തിലേയ്ക്ക് അവരുടെ മനസുകളും ചിന്തകളും ഹൃദയങ്ങളും ചേർത്ത്പിടിക്കാൻ നമുക്കാവാതെയും പോകുന്നു. സത്യത്തിൽ, നമ്മുടെ ജീവിതം തമ്പുരാനെക്കുറിച്ച് മാത്രം എത്ര കുറവാണ് സംസാരിക്കുന്നത് സഖേ!

ക്രിസ്തുശിഷ്യരുടെ പ്രൊഫൈലുകളിലാവട്ടെ തമ്പുരാൻ അധികം പ്രത്യക്ഷപ്പെടുന്നുമില്ല. നമ്മുടെ മക്കൾ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നതിന് അവരുടെ യൗവനബോധത്തിന്മേൽ ശക്തമായ പ്രഹരങ്ങളേൽപ്പിക്കുവാൻ ശേഷിയുള്ള ചാട്ടവാറുകൾ മാത്രം നമ്മുടെ ദേവാലയങ്ങളിലെ കച്ചവടസ്ഥലങ്ങളിൽ കിട്ടാനുമില്ല.



സഭാ ജീവിതത്തിന്റെ വർത്തമാനകാല തരംഗദൈർഘ്യം നോക്കുക. മാറാനായ (കർത്താവിനടുത്ത) പെരുനാളുകൾ പഞ്ചാംഗത്തിൽ മാത്രം ഇടംപിടിക്കുന്ന കാലം അതിവിദൂരമല്ല. തമ്പുരാന്റെ പെരുനാളുകൾ 'കടപ്പെട്ട' വയാണെന്ന പാഠമൊക്കെ എന്നേ കാലഹരണപ്പെട്ടിരിക്കുന്നു. അതിലുമൊക്കെ എത്രയോ 'ലക്ഷങ്ങളുടെ കടം' വരുത്തിവെയ്ക്കുന്ന കല്ലിട്ടപെരുനാളുകളും കുരിശുപള്ളി തിരുനാളുകളും നാം ആഘോഷിച്ചുകൊണ്ടിരിക്കുന്നു. പെരുനാൾ വിജയിക്കുന്നുണ്ട് സുഹൃത്തേ, പക്ഷേ, നാം തോറ്റുതുടങ്ങിയിട്ടുണ്ടോ? കുറഞ്ഞപക്ഷം നമ്മുടെ മക്കൾക്ക് ക്രിസ്തുവിനെ സമ്മാനിക്കുന്നതിലെങ്കിലും! അല്ലെങ്കിൽ യുവാക്കളെ ആകർഷിച്ച അവന്റെ അനുയായികളുടെ സംഘത്തിന് അത്തരമൊരു ആകർഷണീയത ഇല്ലാതെ വരുന്നുവെങ്കിൽ നാം അവനിലേയ്ക്ക് തന്നെ മടങ്ങിപ്പോകണം. ഉറ്വ്, ക്രിസ്തുവിൽ തന്നെ വീണ്ടും തുടങ്ങണം.

നമ്മുടെ സാധാരണ ദിനങ്ങളിൽനിന്നു വ്യത്യസ്തമായി ചില പ്രത്യേക തരംഗങ്ങൾ പ്രക്ഷേപണം ചെയ്യുന്ന നാളുകളാണ് പെരുന്നാളുകൾ. ഒരു റേഡിയോ സ്റ്റേഷൻ പോലെ. ഓരോ വിശുദ്ധന്റെ ഓർമ്മയും സവിശേഷമായ ഒരു തരംഗദൈർഘ്യം പ്രസരിപ്പിക്കുന്നുണ്ട്. ലോകാനുരൂപികളാകാതെ മനസ്സുപുതുക്കി രൂപാന്തരപ്പെടാനുള്ള ഒരു പ്രേരണയുടെ ഫ്രീക്വൻസി ഉയർത്തുന്നുണ്ട്. എല്ലാം വിശുദ്ധന്മാരും ദൈവത്തോടുള്ള അവരുടെ ബന്ധത്തെ പ്രതിയാണ് ആദരിക്കപ്പെടുക. സത്യത്തിൽ അവരുടെ ജീവിതവും മരണവും കൊണ്ട് അവർ ക്രിസ്തുവിനെയാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. 'അനുസ്മരണപ്രഭാഷണ'ങ്ങളിൽ ക്രിസ്തു ഓർക്കപ്പെടുന്നില്ലെങ്കിൽ കാര്യങ്ങൾ എത്രമേൽ ദയനീയമാണ്. ഇക്കഴിഞ്ഞ ക്രിസ്തുമസ് കഴിഞ്ഞപ്പോൾ ഒരു കൂട്ടുകാരൻ പങ്കുവെച്ചത്പോലെ, എല്ലാ ആഘോഷവും തീർന്നപ്പോൾ സാന്താക്ലോസിന്റെ എത്രാമത്തെ ബർത്ത്ഡേയാണ് കഴിഞ്ഞത് എന്നാണ് തോന്നിപ്പോയതത്രേ! ചിരി വന്നില്ല. തലമുറ തലമുറ കൈമാറി കെടാതെ നമ്മൾ സൂക്ഷിക്കുന്നതിനെയും സൂക്ഷിക്കാത്തവയെയും ഓർത്ത് ഉള്ള് നീറിയതേയുള്ളൂ!

പൊതുമണ്ഡലത്തിൽ സത്യവിശ്വാസികളുടെ സ്ഥാനം കേവലം ന്യൂനപക്ഷാവകാശങ്ങൾക്ക് വേണ്ടി വാദിക്കുന്നവരുടേത് മാത്രമായിത്തീരുന്നുവോ? തിരുവെഴുത്തിന്റെ ചരിത്രം നോക്കുക. ഏലിയാവ് ആഹാബിന് ഒരു വിസ്മയമാണ്; സ്നാപക യോഹന്നാൻ ഹെറോദാവിന് ഒരു ഭയമാണ്; പൗലൂസ് അഗ്രിപ്പാവിനും ഫെലിക്സിനും ഒരു ആകർഷണമാണ്: (മൺപാത്രത്തിലെ നിധി-ഷീൻ). ഏലിയാവ് തന്റെ പ്രാർത്ഥനാജീവിതം കൊണ്ടാണ് തന്റെ കാലത്തെ അതിശയിപ്പിക്കുന്നത്. യോഹന്നാൻ തന്റെ വ്രതബന്ധമായ യൗവ്വനം കൊണ്ട് അധാർമ്മിക രാഷ്ട്രീയ നേതൃത്വത്തിന് അദ്ധ്യാത്മികമായ ഒരു ശാസനയായി നിലകൊള്ളുന്നു. പൗലൂസാകട്ടെ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയല്ലാതെ മറ്റുയാതൊന്നും അറിയാത്തവനായിത്തീർന്നതുകൊണ്ട് നാടുവാഴികളുടെ പോലും ഹൃദയം കവരുന്നു. ഒരു വിശ്വാസിയുടെ ചരിത്രത്തിലെ സ്ഥാനം നിർണ്ണയിച്ചു തരികയാണിവർ ചെയ്തത്. ഇത്തരം ഓർമ്മകളുടെ ആഘോഷം പുതിയൊരു വേവ്-ലെങ്ത് സൃഷ്ടിക്കേണ്ടതുണ്ട്. അതിജീവനത്തിന്റെ ക്രിസ്തീയ സാദ്ധ്യതകളുടെ തരംഗദൈർഘ്യമാണ് നമ്മുടെ ഓർമ്മപ്പെരുനാളുകൾ ഉണർത്തേണ്ടത്. ദൈവരാജ്യത്തിന്റെ പണിക്കാരെക്കുറിച്ചുള്ള ഓർമ്മയുടെ പരിസരങ്ങളിൽ ഇത്രയധികം ആർച്ചുകൾ എന്തിനാണ് സഖാവേ! എന്റെയും നിന്റെയും ഉള്ളിലെ വളവു കളെക്കുറിച്ച് നാട്ടുകാരെ ഓർമ്മിപ്പിക്കുന്നതിനോ മറ്റോ ആണോ?

നസറുദ്ദീൻ മുല്ല കൊട്ടാരത്തിൽ ജോലി ചെയ്യുന്ന കാലം. ഒരു ദിനം മഹാരാജാവിന് ഒരു സംശയം.

മുല്ലാ, എന്നെ ചന്തയിൽ കൊണ്ടുപോയി വിറ്റാൽ എത്ര പണം കിട്ടും?

(അരമനയിൽ ജോലി ചെയ്യുന്നതുകൊണ്ട് മുല്ല മുഖസ്തുതി പറയും എന്ന വിചാരത്തോടെയാണ് രാജാവിന്റെ ചോദ്യം.)

മുല്ല രാജാവിനെ ഒന്നുനോക്കി എന്നിട്ടു പറഞ്ഞു:-

ഒരു പത്ത് സ്വർണ്ണനാണയം കിട്ടും!

രാജാവിന് കോപം വന്നു.

ഞാനണിഞ്ഞിരിക്കുന്ന ഉടുപ്പിന് മാത്രം അത്രയും വിലയുണ്ടല്ലോ?

മുല്ല തികഞ്ഞ ശാന്തതയോടെ മറുപടി നൽകി:

മഹാരാജാവേ, ഞാൻ അതിന്റെ വില മാത്രമേ കൂട്ടിയുള്ളൂ!

സത്യത്തിൽ നമ്മുടെ ഉടുപ്പും ചെരിപ്പും വാഹനവും ഇത്യാദിയെല്ലാം മാറ്റിവെച്ചാൽ As a Christian what we have? നമ്മുടെ വിശ്വാസത്തിനു എത്ര ആഴമുണ്ട്; പ്രത്യാശയ്ക്കു എത്ര ഉയരമുണ്ട്; സ്നേഹത്തിനു എത്ര ദൂരമുണ്ട്? ക്രിസ്തുവിന്റെ അനുകാരികളായ നാം പ്രസരിപ്പിക്കുന്ന ക്രിസ്തുവിന്റെ വേവ്-ലെങ്ത് കറക്ട് ആവാത്തത് മൂലം നമ്മുടെ മക്കൾ ക്രിസ്തുവിനെ അൺഫ്രണ്ട് ചെയ്താൽ അതിൽപരം ദുർഭഗതയെന്തുണ്ട് സഖേ! ■

ST. THOMAS HR. SEC. SCHOOL

K.K. PUDUR, COIMBATORE-641038

1. **Wanted Physical Education Director Gr. 2,** qualification **degree with BPEd**
2. **Wanted B.T. Assistant (High School Assistant) in BA (History) with B.Ed** (TNTET/CTET-Pass compulsory for BT Assistant).

on regular vacancy with Malayalam Second Language from SSLC to Degree level for appointment at Tamilnadu Government Scale of Pay in our Government Aided school.

Apply with Bio-data, passport size Photograph and copies of certificates to the

Correspondent,
St. Thomas Hr.Sec.School,
K.K. Pudur, Coimbatore-641038
Tamilnadu

Contact No. : 0422-2442543

Last Date 20th April 2015

മല്ലപ്പള്ളി, പാതിക്കാട് സെന്റ്. പീറ്റേഴ്സ് & സെന്റ്. പോൾസ് ഓർത്തഡോക്സ് ഇടവകാംഗം ഐരൂത്തറയിൽ പ്രൊഫ. ഡോ.ഐസക്ക് തോമസിന്റെയും ശ്രീമതി എൽസമ്മ ഐസക്ക് തോമസിന്റെയും മകൻ **എബ്രഹാം സിറിൾ ഐസക്കും** (NIT, Calicut), കോട്ടയം നട്ടാശേരി സെന്റ്. തോമസ് ഓർത്തഡോക്സ് ഇടവകാംഗം പാറയിൽ ശ്രീ. തോമസ് പി. കുര്യാക്കോസിന്റെയും ശ്രീമതി ഷൈല തോമസിന്റെയും മകൾ **റ്റിന സൂസൻ തോമസും** (Saintgits Engg. College, പാത്താമുട്ടം) പരി. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ **2014 ഡിസംബർ 29-ാം തീയതി, പാതിക്കാട് ഓർത്തഡോക്സ് പള്ളിയിൽ വച്ച് വിവാഹിതരായി.** രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, കേരള മുഖ്യമന്ത്രി ബഹു. ഉമ്മൻ ചാണ്ടി, എം.എൽ.എ. മാർ, ശ്രേഷ്ഠ വൈദികർ ഉൾപ്പെടെ സാന്നിദ്ധ്യം കൊണ്ടും ആശംസകൾ കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും അനുഗ്രഹിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

മരുഭൂമിയിലെ നീരുറവ

സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ – STOC

(മണലാരണ്യത്തിലെ മാതൃ കോൺഗ്രിഗേഷൻ – സ്ഥാപിതം 1975)

ജീവകാരുണ്യ സഹായം - 2015

ഭാഗ്യസ്മരണീയനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ 1975 സെപ്ററംബർ 12 –ാം തീയതി സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2015 ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാ സഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മററു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

1. മാർ ഒസ്താത്തിയോസ് ചികിത്സാ ധനസഹായം: ക്യാൻസർ, കിഡ്നി, ഹാർട്ട് സംബന്ധമായതും മററ് മാരകമായ രോഗങ്ങൾ ബാധിച്ചതുമായ നിരാലംബരും സാധുക്കളുമായ രോഗികൾക്കായിരിക്കും ധനസഹായം നൽകുന്നത്. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്ക് സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശ ഉണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിൽസിക്കുന്ന ഡോക്ടറുടെ **ആറു (6)** മാസത്തിനുള്ളിൽ വാങ്ങിയ ഒറിജനൽ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. **ഒറിജനൽ സർട്ടിഫിക്കററ് ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കററിൻെറ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി (അററസ്ററേഷൻ) ആയ്ക്കേണ്ടതാണ്.** പരുമല, ശാസ്താംകോട്ട, കാര്യമ്പാടി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചു വരുന്നു. കൂടാതെ 'ശീലോഹാം ഗഗീവ് സൈററ് പ്രോജക്ററിലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

2. വിവാഹ ധനസഹായം: സാമ്പത്തിക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബത്തിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് **50,000** രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിൻെറ കോപ്പി അയ്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു. വിവാഹ **തീയതിയ്ക്കുശേഷം മൂന്നു മാസത്തിനുള്ളിൽ അപേക്ഷ** താഴെ കൊടുത്തുരിക്കുന്ന വിലാസത്തിൽ കിട്ടിയിരിക്കണം.

3. ജീവസന്ധാരണ ധനസഹായം: അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

4.1 വിദ്യാഭ്യാസ സ്കോളർഷിപ്: നിർധനരും നിരാലംബരും പഠനത്തിൽ സമർത്ഥരുമായ **+2** കഴിഞ്ഞ **41** കുട്ടികൾക്ക്, ഒരു കുട്ടിക്ക് 12,500/- രൂപ നിരക്കിൽ വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്ററും കോഴ്സ് സർട്ടിഫിക്കേററും (ഇടവക വികാരി അററസ്ററ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം കൂടാതെ അപേക്ഷകൻെറ കുടുംബ പശ്ചാത്തലം, ചുററുപാടുകൾ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം, മററു നേട്ടങ്ങൾ എന്നിവയെ കുറിച്ച് വിശദമായി അറിയിക്കുന്നതു നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **2015 ഓഗസ്ററ് 31-**ന് മുൻപ് കിട്ടിയിരിക്കണം.

4.2 വിദ്യാഭ്യാസ ധനസഹായം: നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്കു **+2** നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് **50%**-ൽ കൂടുതൽ മാർക്കു കരസ്ഥമാക്കിയതും ആദ്യ ചാൻസിൽ ജയിച്ചതുമായ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്ററും ഇപ്പോഴത്തെ കോഴ്സു സർട്ടിഫിക്കററും (ഇടവക വികാരി അററസ്ററു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2015 **ഓഗസ്ററ് 31-**ന് മുൻപ് കിട്ടിയിരിക്കണം.

5.1 ഭവന നിർമ്മാണ ധനസഹായം: കൊല്ലം, ചെങ്ങന്നൂർ, നിരണം, തൃശൂർ എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി **1,50,000** രൂപ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകനു സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2015 ഓഗസ്ററ് 31-**നു മുൻപ് കിട്ടിയിരിക്കണം.

5.2 പ്രത്യേക ഭവനനിർമ്മാണ ധനസഹായം: മലങ്കരസഭയിലെ ഭവനരഹിതരായ വിധവകൾക്കു ഭവനം വെച്ചുകൊടുക്കുക എന്ന ആശയത്തിലൂന്നി, 46 വയസിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണമായി ശയ്യാവലംഭരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയോ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി **1,50,000** രൂപ നൽകുന്നു. ഇതിലേക്കു കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ ചുമതല ഏറെറടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മററി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും അപേക്ഷകയ്ക്ക് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിൻെറ തെളിവായി കരമടച്ച രസീതിൻെറ കോപ്പിയും സഹിതം അപേക്ഷകൾ **2015 ഓഗസ്ററ് 31-**ന് മുൻപ് കിട്ടിയിരിക്കണം.

നിർദേശങ്ങൾ 1) അപേക്ഷാഫോറവും മററു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ് 2) Advertisement-ൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടെപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 4) അപേക്ഷകനേയും ശുപാർശ ചെയ്യുന്ന പുരോഹിതനേയും ബന്ധപ്പെടാനുള്ള Telephone number അപേക്ഷയിൽ ഉണ്ടായിരിക്കണം. 5) ആർക്കുവേണ്ടിയാണോ അപേക്ഷിക്കുന്നത് അവരുടെ പൂർണ്ണ വിവരം അപേക്ഷയിൽ ഉണ്ടായിരിക്കണം.

അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിയുടെ ശ്രദ്ധയ്ക്ക്: അപേക്ഷകൾ സസൂഷ്മം പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടോ എന്നും, അപേക്ഷകൻെറ ഭൂസ്വത്ത്, വരുമാനം, വയസ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം ആയ്ക്കണമെന്നു താൽപര്യപ്പെടുന്നു. Letter head-ൽ എഴുതിയ ശുപാർശയിൽ പള്ളിയുടെ സീലും, ചികിൽസാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മററി അംഗങ്ങിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിലിക്കണം.

ആയ്ക്കേണ്ട വിലാസം:- The Co-ordinator, STOC office, Betheny Aramana, Tiruvalla-689101, Kerala

മരുഭൂമിയിലെ നീരുറവ

ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു

പേര്:...വയസ്സ്:..............................

വിദ്യാഭ്യാസ യോഗ്യത:...തൊഴിൽ: ....

മേൽവിലാസം (പിൻകോഡ് സഹിതം): ....

....

ഇടവക...ഭദ്രാസനം: ....

പ്രതിമാസ വരുമാനം:.. ഭൂസ്വത്ത് വിവരം: ....

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം:..

ഇതിനു മുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ? ....

കോൺഗ്രിഗേഷനിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ....

ഉണ്ടെങ്കിൽ:- വർഷം.................... എന്താവശ്യത്തിന്?.......................................എന്തു തുക ലഭിച്ചു? ....

ഇതേ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ:- വർഷം..............................എവിടേക്ക്..

കുടുംബാംഗങ്ങളുടെ/ആശ്രിതരുടെ പൂർണ്ണവിവരം:

പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്സ്	തൊഴിൽ	പ്രതിമാസ വരുമാനം

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ്: തീയതി..................................

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ **"STOC Office, Basil Jubilee Centre, Betheny Aramana, Tiruvalla, Kerala. - PIN-689 101".** എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. അപൂർണ്ണമായതും, രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരകരോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹ ധനസഹായത്തിനും, ജീവസന്ധാരണ ധനസഹായത്തിനും ഒരു ഇടവകയിൽ നിന്നും ഒരു വർഷം ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്. (ഫോൺ: 9446066816)



ബോധന ശുശ്രൂഷ...

22-ാം പേജിൽ നിന്നു തുടർച്ച...

ജോർജ് ശെമ്മാശ്ശന് ആഴ്ചയിൽ 23 പീരിഡുകൾ പഠിപ്പിക്കണം. കൂടാതെ ലൈബ്രേറിയൻ, വാർഡൻ, രജിസ്ട്രാർ എന്നീ ജോലികളും ഒരേ സമയം നിർവഹിച്ചു. സെമിനാരി കാമ്പസിൽ നിന്നു പുറത്തേക്കു പോകുവാനോ പുസ്തകം എഴുതുവാനോ സാവകാശം ലഭിക്കാതെ വിശ്വസ്തതയോടെ അദ്ധ്യാപക ശുശ്രൂഷ നിർവഹിച്ചു. അദ്ധ്യാപന ശുശ്രൂഷയിൽ മൂവായിരത്തോളം വൈദിക ശിഷ്യഗണമുണ്ട് എന്ന് കെ. എ. ജോർജ് ശെമ്മാശൻ സന്തോഷത്തോടെ സ്മരിച്ചു.

അദ്ദേഹം പറയുന്നു: "സെമിനാരിയിലെ സഹപ്രവർത്തകരിൽ കെ.കെ. മാത്യൂസച്ചൻ വളരെ പ്രത്യേകതകളുള്ള സന്യാസി വൈദികനായിരുന്നു. കുപ്പായം ഒന്നോ രണ്ടോ മാത്രം, ചെറുയാത്രകൾക്ക് സൈക്കിൾ, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവനുള്ള കൂർമ്മതയും ഉത്സാഹവും തിരുവചനത്തോടും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളോടും അനിതര സാധാരണമായ ആഭിമുഖ്യം, തിരുത്തുവാനുള്ള വ്യഗ്രത എന്നിങ്ങനെ ഏറെ പ്രത്യേകതകൾ.

ജർമ്മനിയിലെ ഹാംബർഗീൽ നിന്ന് ഡോക്ടറൽ പഠനം പൂർത്തിയാക്കി 1973-ൽ എത്തി. പ്രസംഗത്തിന് അധികം പോകാറില്ലല്ലോ എന്ന് ചോദിച്ചതിന് സുറിയാനിയിലും ഇംഗ്ലീഷിലും മലയാളത്തിലും ഔഗേൻ ബാവായുൾപ്പെടെയുള്ളവർക്ക് ഏറെ പ്രസംഗങ്ങൾ തയ്യാറാക്കി നൽകാനായി എന്ന് അദ്ദേഹം സന്തോഷത്തോടെ അറിയിച്ചു.

സഭാസമാധാനം വൈകുന്നതിനാൽ തന്റെ വൈദിക സ്ഥാനം നീണ്ടു പോകുന്നു എന്ന് നിസ്സംഗതയോടെ അദ്ദേഹം നിരീക്ഷിച്ചു. "വൈദികനാകാൻ സാധിക്കാത്തതിനാൽ വലിയ വിഷമമില്ല. അനുവദിച്ചു കിട്ടിയ കാര്യങ്ങളിൽ വിശ്വസ്തനാകാനായതിൽ ചാരിതാർത്ഥ്യവും ദൈവത്തോട് നന്ദിയുമുണ്ട്. "

ജീവിത പങ്കാളിയെ കണ്ടെത്തി നൽകിയതും സെമിനാരിയിലെ സഹപ്രവർത്തകനായ കെ.കെ. മാത്യൂസ് അച്ചൻ തന്നെ. അദ്ദേഹം, മുൻപ് വെല്ലൂർ സി.എം.സി.യിൽ ചാപ്ലയിനായി പ്രവർത്തിച്ച കാലം മുതൽ വാത്സല്യം കാണിച്ചിരുന്ന പുത്തൻകാവു സ്വദേശിനി ഡോക്ടറെ 'കാണിക്കുവാൻ' ശെമ്മാശ്ശനെക്കൂട്ടി ചെങ്ങന്നൂരേക്ക് യാത്രയായി. 'ഉപരിപഠനത്തിന്' West Germany ക്കു പോകാനുള്ള ശെമ്മാശ്ശനാണ്. പോയാൽ തിരിച്ചു വരണമെങ്കിൽ ഒരു വാക്ക് പറഞ്ഞു വെക്കണം. കെ.കെ. മാത്യൂസ് അച്ചൻ പറഞ്ഞു. പിറ്റെ മാസം വെസ്റ്റ് ജർമ്മനിയിലേക്ക് പഠനത്തിനായി യാത്ര തിരിച്ച ശെമ്മാശ്ശന്റെ അഭാവത്തിൽ പുത്തൻ കാവിൽ വച്ച് വിവാഹനിശ്ചയം, തുടർന്ന് ഹാംബർഗിൽ വച്ച് വിവാഹം (1971, ഡിസം. 14). എല്ലാം ദൈവനിശ്ചയം മാത്രം.

ശെമ്മാശന്റെ സഹധർമ്മിണി ഹാംബുർഗ്ഗിയിലെത്തിയതിന്റെ അടുത്ത നാളുകളിൽ തന്നെ ഡോക്ടർമാരുടെ സേവനം ആവശ്യമായ സാഹചര്യം ആ പട്ടണത്തിൽ ഉണ്ടായി. അങ്ങനെ ഡോ. ശാന്താ ജോർജിന്റെ ആതുര ശുശ്രൂഷാ വൈദഗ്ധ്യവും രോഗീപരിചരണത്തിനുള്ള വിശിഷ്ട മനോഭാവവും മനസ്സിലാക്കിയ സർവ്വകലാശാല അധികൃതർ ഹാംബർഗിലെ പ്രശസ്ത ആശുപത്രിയിലെ സേവനത്തിന് ക്രമീകരണമൊരുക്കി. ഏതാനും മാസങ്ങൾക്കിടയിൽ രോഗികളുടെയും ആശുപത്രി അധികൃതരുടെയും പ്രിയപ്പെട്ട കുടുംബ ഡോക്ടറായി.

ജീവിതം എന്തു പഠിപ്പിച്ചു?

വിജയത്തിലേക്കു കുറുക്കുവഴികളില്ല.

പുതുതലമുറയ്ക്കുള്ള സന്ദേശം?

കഠിനാദ്ധ്വാനം ചെയ്യുക. കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് ശ്രദ്ധാപൂർവ്വം പ്രതികരിക്കണം.

തിരിഞ്ഞുനോക്കുമ്പോൾ?

ശുഭാപ്തിയോടെ ജീവിക്കുന്നു. ദൈവത്തിനു സ്തുതി.

ഗുരുവന്ദനം

കോട്ടയം:- അരനൂറ്റാണ്ടിലധികം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ പഴയ നിയമ വിഭാഗം അദ്ധ്യാപകനായി പ്രവർത്തിച്ച ഡീ. ഡോ. കെ. എ. ജോർജിന് ഓർത്തഡോക്സ് സെമിനാരി മാർച്ച് 4-ന് ഗുരുവന്ദനം നൽകി. പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ അദ്ധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ തേവോദോസ്യോസ്, ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, ഫാ. ഡോ. ഒ. തോമസ്, ഫാ. കെ. വി. ഏലിയാസ്, ഫാ. ജേക്കബ് മാത്യു കാരിച്ചാൽ, ഡീ. നിറ്റിൻ വി. രാജൻ എന്നിവർ പ്രസംഗിച്ചു.

സിഡ്നിയിൽ നടന്ന നാഷണൽ യൂത്ത് ക്യാമ്പ്, യുവജനപ്രസ്ഥാനം പ്രസിഡന്റ് യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ സമീപം.

20TH DEATH ANNIVERSARY

OF

G. DANIEL

KODIAT, 667 DARSHAN NAGAR
PEROORKADA, TRIVANDRUM,
on 22 March 2015



"Safe in the arms of Lord Jesus Christ"

Inserted by :

Sorrowing family

രക്തസാക്ഷിയായ

ആനപ്പാപ്പി: ചട്ടമ്പിയോ സഭാ സ്നേഹിയോ

ചരിത്ര പഠന ഗവേഷണങ്ങൾ എന്തു പറയുന്നു.

ഗ്രന്ഥകർത്താക്കൾ: അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ.

വില 150 രൂപ (പ്രീ പബ്ലിക്കേഷൻ വില 100 രൂപ, 2015 മാർച്ച് 31 വരെ) പ്രകാശനം 2015 ഏപ്രിലിൽ.

പ. ഗീവർഗീസ് രണ്ടാൻ ബാവ: കാതോലിക്കാ സിംഹാസനത്തിൽ നീണാൾ വാണ സഭാ കേസരി
മൂന്നാം പതിപ്പ്-2015 ജൂൺ 16, വില: 200 രൂപ

തുമ്പമൺ വലിയ പള്ളി നാടിന്റെ ഇതിഹാസം
ഗ്രന്ഥകർത്താവ്: വി.റ്റി. ഡേവിഡ്, വാഴവിളയിൽ

പ്രസാധകർ:

കോട്ടയ്ക്കൽ പബ്ലിഷേഴ്സ്,
പി.ബി. നം. 10, ജനതാ റോഡ്, മാങ്ങാനം, കോട്ടയം -18,
ഫോൺ: 0481-2578936

സഭാ ചരിത്രം-സഭാ പിതാക്കന്മാരുടെ ജീവചരിത്രം മുതലായവയും ലഭ്യമാണ്.

49-ാം ചരമവാർഷികം

06-03-2015



ബർസ്ലീബി കത്തനാർ

നിരണം വലിയപള്ളി മുൻ വികാരിയും മൂപ്പച്ചനും

11-ാം ചരമവാർഷികം

27-02-2015



റവ. ഫാ. കെ. ബി. മാത്യൂസ്, കാരിക്കോട്ട്

പരുമല സെമിനാരി മുൻ മാനേജർ,
പരുമല സെ. ഗ്രിഗോറിയോസ് ആശുപത്രി സ്ഥാപകൻ,
നിരണം വലിയ പള്ളി മുൻ വികാരി

ഡോ. സാറാമ്മ വർഗീസ് ദേശീയ പ്രസിഡന്റ്

ഇന്ത്യയിലെ ക്രിസ്തീയ സഭകളുടെ ദേശീയ സമിതിയായ 'ആൾ ഇന്ത്യാ കൗൺസിൽ ഓഫ് ക്രിസ്ത്യൻ വിമൺ' പ്രസിഡന്റായി നിയമിതയായ ഡോ. സാറാമ്മ വർഗീസ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് മുൻ പ്രിൻസിപ്പാളും തുമ്പമൺ കരിങ്ങാട്ടിൽ പുത്തൻവീട്ടിൽ ആർക്കിടെക്ട് കെ. ജെ. പീറ്ററിന്റെ സഹധർമ്മിണിയുമാണ്. തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം.

തിരുവല്ല: സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഇംഗ്ലീഷ് കഥാ രചനയിൽ ഒന്നാം സ്ഥാനവും ഇംഗ്ലീഷ് കവിതാ രചനയിൽ എ-ഗ്രേഡോടെ രണ്ടാം സ്ഥാനവും നേടിയ അന്ന മറിയം രാമച്ചൻ. തിരുവല്ല പാലിയേക്കര സെ. ജോർജ് ഓർത്തഡോക്സ് ഇടവകാംഗം.

ചങ്ങനാശ്ശേരി: എം.ജി. സർവ്വകലാശാല എം.എസ്. സി. മാത്സ് പരീക്ഷയ്ക്ക് ഒന്നാം റാങ്ക് നേടിയ നേഹ എലിസബത്ത് തോമസ്. ചങ്ങനാശ്ശേരി സെ. തോമസ് ഓർത്തഡോക്സ് ഇടവകയിൽ തേവർവേലിൽ ഫിലിപ്പിന്റെയും ആലീസിന്റെയും മകൾ.

മനുഷ്യക്കുരുതി അവസാനിപ്പിക്കണം

- പരിശുദ്ധ കാതോലിക്കാ ബാവാ

ലോകത്തിന്റെ പലഭാഗങ്ങളിലും പ്രത്യേകിച്ചും ഈജിപ്റ്റ്, ഇറാക്ക്, ലിബിയ, സിറിയ, നൈജീരിയ എന്നിവിടങ്ങിൽ മതതീവ്രവാദികൾ നടത്തുന്ന മനുഷ്യക്കുരുതി അവസാനിപ്പിക്കണമെന്നും വിശ്വാസത്തിന്റെ പേരിൽ വധിക്കപ്പെട്ട ഏവർക്കുവേണ്ടിയും പ്രത്യേകിച്ചും കോപ്റ്റിക് ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും മലങ്കര ഓർത്തഡോക്സ് സഭാ അദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. കോപ്റ്റിക് ഓർത്തഡോക്സ് സഭയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും അനുശോചനമറിയിച്ചുകൊണ്ടും പരിശുദ്ധ കോപ്റ്റിക് പാത്രിർക്കീസ് - പോപ്പ് തവദ്രോസ് രണ്ടാമന് പരിശുദ്ധ കാതോലിക്കാ ബാവാ സന്ദേശം അയച്ചു.

രണ്ട് ഓർത്തഡോക്സ് സഭ ബിഷപ്പുമാരെ തട്ടിക്കൊണ്ട് പോയിട്ട് അവരെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയും അഖില ലോക സഭാ കൗൺസിലും സത്വരമായി ഇടപെട്ട് പ്രശ്ന പരിഹാരം സാധ്യമാക്കണമെന്നും പരിശുദ്ധ ബാവാ ആവശ്യപ്പെട്ടു.

Great Memories
50th Wedding Anniversary (08-06-2014)



K.M. JOHN & ALEYAMMA JOHN
H.NO. 11-6-697 RED HILLS
HYDERABAD-500004

വെല്ലൂർ സി.എം.സി യിൽ സ്പോൺസർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു.

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ, ഡിപ്ലോമാ കോഴ്സുകളിലേക്ക് മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികളിൽ നിന്ന് സ്പോൺസർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ ഫോം കോട്ടയം എം.ജി.ഓ.സി.എസ്.എം. സെൻട്രൽ ഓഫീസിൽ നിന്നും മാർച്ച് 2 മുതൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2567338.

മസ്ക്കറ്റ്, ഗാല സെന്റ് മേരീസ് ഇടവക

വിവാഹ സഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു

മസ്ക്കറ്റ്, ഗാല സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ ഓർത്തഡോക്സ് സഭയിലെ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധന സഹായം നൽകുന്നു. അർഹരായ അപേക്ഷകർ ഇടവക വികാരിയുടെ സാക്ഷ്യപത്രം സഹിതം 15.03.2015 നകം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ തപാൽ മാർഗ്ഗമോ അല്ലെങ്കിൽ അപേക്ഷയും സാക്ഷ്യപത്രവും സ്കാൻ ചെയ്ത് ഇ മെയിൽവിലാസത്തിലോ അയക്കുക.

The Vicar
St. Mary's Orthodox Church
P.O. Box No. 1437, Al- Athaiba
Sultanate of Oman, Postal Code -130
e-mail: smocghala@gmail.com

കാറിനാദ്ധ്വാനം, ജനസേവനം എന്നീ ശക്തമായ സന്ദേശങ്ങൾ കേരളീയർക്ക് കർത്തവ്യനിർവ്വഹണത്തിലൂടെ പകർന്നു നൽകുന്ന മഹാ പ്രതിഭയായ ഋഷിരാജ് സിംഗ് പറയുന്നു...

'ലഭിക്കുന്ന സമയം പൂർണ്ണമായി ജോലി ചെയ്യുക, ജനസേവനം നടത്തുക, അതിന് വിട്ടുവീഴ്ച ചെയ്യാതിരിക്കുക. ഇതാണ് എന്റെ സ്റ്റൈൽ.'



നീതി നിർവ്വഹണത്തിന്റെ ഋഷിരാജ്...

സംസാരശേഷി ഇല്ലാതിരുന്ന ഒരു ഘട്ടത്തിൽ നിന്നും ആദ്യ തവണ തന്നെ സിവിൽ സർവ്വീസ് പാസ്സായി. തിരിഞ്ഞു നോക്കുമ്പോൾ എന്ത് തോന്നുന്നു?

17-ാം വയസ്സുവരെ സംസാരശേഷി ശരിയായി ഇല്ലായിരുന്നു. പിന്നീട് ഓപ്പറേഷൻ ചെയ്ത് ശരിയാക്കുകയായിരുന്നു. അപ്പോഴും അപകർഷതാബോധമോ പേടിയോ തോന്നിയിരുന്നില്ല. പിന്നെ സിവിൽ സർവ്വീസ് ആദ്യ തവണ തന്നെ ജയിക്കും എന്ന് ഒരിക്കലും കരുതിയിരുന്നില്ല. 2-3 തവണ എങ്കിലും എഴുതേണ്ടി വരും എന്നാണ് വിചാരിച്ചത്. പരീക്ഷ എങ്ങനെയാണ്, എപ്രകാരം എഴുതണം എന്നൊക്കെ അറിയുവാനാനാണ് എഴുതിയത്. ആദ്യ തവണ തന്നെ കിട്ടി.

കുടുംബാംഗങ്ങൾ പലരും പോലീസ് സേനയിൽ ഉണ്ടായിരുന്നു. ഇതാണോ ഐ.പി.എസ്സ് എടുക്കുവാൻ പ്രേരിതമായത്.

തീർച്ചയായും, വല്യച്ഛനും, കുടുംബാംഗങ്ങളിൽ ചിലരും പോലീസിൽ ഉണ്ടായിരുന്നു. അവരുടെ സ്വാധീനം നിശ്ചയമായും എന്നിൽ ഉണ്ട്.

ചരിത്രപഠനത്തിന് വേണ്ടി നല്ല വായനാ ശീലം സ്വന്തമാക്കി, പുസ്തക വായന ഇപ്പോഴുമുണ്ടോ?

തിരക്കിനിടയിലും വായന കൈമോശം വരാൻ ഇടയാക്കിയില്ല. ഇപ്പോഴും ധാരാളം വായിക്കും. ഒരു മാസത്തിൽ ചുരുങ്ങിയത് 3 പുസ്തകം എങ്കിലും വായിച്ച് തീർത്തിരിക്കും.

ഒരു 'self made man' ആണ് എന്ന് പറഞ്ഞിട്ടുണ്ട്. ലഭിച്ചിട്ടുള്ള കഴിവുകൾ ജനങ്ങൾക്കുവേണ്ടി ഉപയോഗിക്കുമ്പോൾ എത്ര മാത്രം സംതൃപ്തി ലഭിക്കുന്നു.

ട്രാൻസ്പോർട്ട് കമ്മീഷണറായി ജോലി ചെയ്യുമ്പോൾ അപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു എന്നത് ചെറിയ കാര്യമല്ലല്ലോ. കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസറായി ജോലി ചെയ്യുകയാണ്. ഒരു മാസം 5 കോടി രൂപയുടെ മോഷണം പിടികൂടുന്നു. ആറുമാസം ആയപ്പോൾ 30 കോടി രൂപ ആയി, ഇപ്രകാരം പിടിക്കുന്നത് ഇന്നാട്ടിലെ പാവപ്പെട്ടവന്റെ പണം അല്ലേ! അതുപോലെ കീഴിൽ ജോലി ചെയ്യുന്നവർ ജോലി ചെയ്യുന്നുണ്ടോ എന്ന് നേരിട്ടു പോയി നോക്കുന്നുണ്ട്. അവർ കൂടുതൽ ഉത്തരവാദിത്തത്തോടെ ജോലി ചെയ്യുന്നുണ്ട്. ഇക്കാര്യമെല്ലാം ചെയ്യുമ്പോൾ വളരെ സംതൃപ്തി തോന്നുന്നു.

കേരള ജനത പഴഞ്ചൊല്ല് പറയുന്നതുപോലെ പറയുന്ന ചില കാര്യങ്ങളുണ്ട്. *ഋഷിരാജ് സ്റ്റൈൽ, ഋഷിരാജ് സിംഗിനെപ്പോലെ....* ഇങ്ങനെ പ്രചരിക്കുമ്പോൾ ഈ പേരിനെ എത്ര മാത്രം സ്നേഹിക്കുന്നു.

ഇയാളെ കൊണ്ടുവന്നാൽ എന്തെങ്കിലും കാര്യം നടക്കും എന്ന വിചാരം ജനങ്ങൾക്കുണ്ട് എന്ന് കേൾക്കുന്നത് സന്തോഷമാണ്. ഏത് തരത്തിലുള്ള സർവ്വീസ് ആയാലും അതിൽ നിന്ന് ആളുകൾക്ക് പ്രയോജനം കിട്ടണം. അവരുടെ വിശ്വാസം നേടണം. ചെയ്യുന്ന ജോലിയോട് ആത്മാർത്ഥത ഉണ്ട് എന്ന് ജനങ്ങൾക്ക് ബോധ്യമായാൽ അവർ നമ്മെ സ്നേഹിക്കും. അല്പം കൂടി വ്യത്യസ്തമായി അവർക്കുവേണ്ടി നിലകൊള്ളാൻ ശ്രദ്ധിച്ചാൽ നമ്മെ ഹൃദയത്തിലേറ്റും. കൂടെ ജോലി ചെയ്യുന്നവർ ഊണും ഉറക്കവും കളഞ്ഞ് ജോലി ചെയ്യണം എന്ന് ഞാൻ പറയില്ല. ലഭിക്കുന്ന സമയം പൂർണ്ണമായി ജോലി ചെയ്യുക ജനസേവനം നടത്തുക, അതിന് വിട്ടുവീഴ്ച ചെയ്യാതിരിക്കുക. ഇതാണ് എന്റെ സ്റ്റൈൽ. പ്രധാനമന്ത്രി 18 മണിക്കൂർ വരെ ജോലി ചെയ്യുന്നുണ്ട്. പിന്നെ നമുക്ക് 8 മണിക്കൂർ എന്ത് കൊണ്ട് ജോലി ചെയ്തു കൂടാ.

30 വർഷമായി കേരളത്തിലുണ്ട്. ഇത്രയും കാലത്തെ പ്രവർത്തന

ചെയ്യുന്ന ജോലിയോട് ആത്മാർത്ഥത ഉണ്ട് എന്ന് ജനങ്ങൾക്ക് ബോധ്യമായാൽ അവർ നമ്മെ സ്നേഹിക്കും. അല്പം കൂടി വ്യത്യസ്തമായി അവർക്കുവേണ്ടി നിലകൊള്ളാൻ ശ്രദ്ധിച്ചാൽ നമ്മെ ഹൃദയത്തിലേറ്റും.

ത്തിൽ കേരളം എന്ത് പഠിപ്പിച്ചു.

വിദ്യാഭ്യാസ കാര്യങ്ങളിൽ കേരളം അത്ഭുതമാണ്. 96% കുട്ടികളും പഠിക്കുന്നു. സാക്ഷരതയുടെ കാര്യത്തിൽ കേരളം നേട്ടം കൈവരിക്കുന്നു. ആരോഗ്യ പരിപാലനം, വൃത്തി, വെടിപ്പ് ഇക്കാര്യങ്ങളിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. മലിനീകരണം ഇവിടെ കുറവാണ്. കഴിഞ്ഞ ആഴ്ച ഡൽഹിയിൽ ആയിരുന്നു. അവിടെ കാണുവാൻ പ്രയാസമുള്ള ഒന്നുണ്ട് 'നീലാകാശം'. എനിക്ക് തോന്നുന്നു നീലാകാശം കാണുന്നത് കേരളത്തിലാണ് എന്ന്. സ്ത്രീ സുരക്ഷയുടെ കാര്യമാണ് മറ്റൊന്ന് രാത്രിയിലും സ്ത്രീകൾക്ക് സഞ്ചരിക്കാം. സ്ത്രീകൾ ജോലിക്ക് പോകുന്നുണ്ട്. പ്രധാനപ്പെട്ട കാര്യം-എല്ലാ ആളുകൾക്കും ഭൂമിയുണ്ട് എന്നതാണ്. അല്പമായെങ്കിലും ഭൂമി ഇല്ലാത്ത ആളുകൾ കുറവാണ്. ഇത് മറ്റ് സംസ്ഥാനങ്ങളിൽ നടക്കുവാൻ സാധ്യത കുറവുള്ള കാര്യവുമാണ്.

മലയാളം നന്നായി സംസാരിക്കുന്നുണ്ടല്ലോ...?

ഞാൻ 1985 മുതൽ ഇവിടെയുണ്ട്. ഭാഷ ഒരു പ്രശ്നമായിരുന്നു. എന്നാൽ കേരളത്തിൽ ജോലി ചെയ്യുമ്പോൾ ഭാഷ അറിയാതെ ജനങ്ങളുമായി നേരിട്ട് കാര്യങ്ങൾ സംസാരിക്കാൻ കഴിയില്ല എന്ന് മനസ്സിലായി. അതുകൊണ്ട് ഒരു അദ്ധ്യാപകനെ വച്ച് മലയാളം പഠിച്ചു. അത് ഒരു വലിയ സഹായമായി പരിണമിച്ചു.

ഒരു കാര്യത്തിന് മുന്നിട്ടിറങ്ങുമ്പോൾ തടസ്സങ്ങൾ ഉണ്ടായാൽ എങ്ങനെയാണ് നേരിടുക?

ആത്മവിശ്വാസം കൊണ്ടാണ് നേരിടുന്നത്. ഈശ്വരൻ ഉണ്ടാക്കിയ എല്ലാ നിമിഷവും നല്ലതാണ്. എത്രയോ ട്രാൻസ്ഫർ ഉണ്ടായിട്ടുണ്ട്. ട്രാൻസ്ഫർ ഉണ്ടായ ദിവസം തന്നെ അവിടെ നിന്ന് പോകും. അടുത്ത ദിവസം രാവിലെ 10 മണിക്ക് പുതിയ ജോലിയിൽ പ്രവേശിക്കും. ഇതാണ് കഴിഞ്ഞ് 28 വർഷമായി തുടർന്നു പോരുന്നത്. 'Joining Time' എന്റെ ജീവിതത്തിൽ ഇന്നുവരെ എടുത്തിട്ടില്ല. ആളുകളെ കാണിക്കുവനുള്ള ഈശ്വര വിശ്വാസമില്ല. എനിക്ക് സന്തോഷിക്കാനുള്ള ഈശ്വര വിശ്വാസമാണ് ഉള്ളിലുള്ളത്.

കേരളത്തിൽ ഗവ. ഉദ്യോഗസ്ഥതലത്തിൽ കാര്യമായ മുന്നേറ്റം ഉണ്ടാകുന്നില്ല.

ഗവ. സർവ്വീസിലുള്ളവർ ആവശ്യത്തിൽ കൂടുതൽ യോഗ്യതയുള്ളവരാണ്. അവരുടെ ശമ്പളം നിജപ്പെടുത്തിയിരിക്കുന്നു. 24 മണിക്കൂർ ജോലി ചെയ്താലും ഇത്രയേ ലഭിക്കൂ. എന്നാൽ സ്വകാര്യ മേഖലയിൽ ചെയ്യുന്ന ജോലിക്കും സമയത്തിനും അനുസരിച്ച് ശമ്പളം കൂടും. എനിക്ക് എന്തൊക്കെ ആവാമായിരുന്നു എന്ന് ഗവ. ഉദ്യോഗസ്ഥർ ചിന്തിച്ചുകൊണ്ടാണ് ജോലി ചെയ്യുന്നത്. ജോലി ചെയ്യാൻ താത്പര്യവുമില്ല. ജോലി വിട്ടുകളയുകയുമില്ല-ഇതൊക്കെയാവാം അതിന് കാരണം.

കേരളത്തിൽ രാഷ്ട്രീയക്കാരും വിദ്യാസമ്പന്നരാണ്. ഒരാൾ ജോലിയ്ക്ക് എത്തുമ്പോൾ തന്നെ അയാളുടെ 'സ്റ്റൈൽ' കൃത്യമായി വെളിപ്പെടുത്തണം. നമ്മൽ കൈക്കൂലിക്ക്, ശുപാർശയ്ക്ക്, അനാവശ്യമായ ഇടപെടലുകൾക്ക് വഴങ്ങാത്ത ആളാണ് എന്ന് ബോധ്യമുണ്ടായാൽ ആരും വരില്ല.

ഈ തിരക്കു പിടിച്ച ജീവിതത്തിൽ കുടുംബത്തിന്റെ ഉത്തരവാദിത്തം നോക്കുവാൻ എങ്ങനെ സാധിക്കുന്നു?

കുടുംബത്തിന്റെ കാര്യം ഭാര്യയ്ക്കാണ്. 15 മണിക്കൂർ കുടുംബത്തിന് പുറത്താണ്. ആഗ്രഹിക്കുന്ന സമയത്ത് ലീവ് ലഭിക്കില്ല. മക്കളുടെ വിദ്യാഭ്യാസം ഉൾപ്പെടെ എല്ലാ കാര്യങ്ങളും ഭാര്യയാണ് നോക്കുന്നത്. കുടുംബ കാര്യങ്ങളിൽ സമയക്കുറവ് വല്ലാതെ ബാധിക്കുന്നുണ്ട്.

കേരളത്തിൽ 65 ശതമാനവും യുവാക്കളാണ്. അവരോട് എന്താണ് പറയാനുള്ളത്?

നിങ്ങളുടെ ജീവിതം വിലയേറിയതാണ്. അത് നിങ്ങൾ തന്നെ സംരക്ഷിക്കുക, നിയമങ്ങൾ പാലിക്കും വഴി അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കും. സീറ്റ് ബെൽറ്റ് ഇടുന്നതും ഹെൽമറ്റ് വയ്ക്കുകയും ചെയ്യുന്നത് 90% അപകട മരണങ്ങൾ ഒഴിവാക്കാൻ കഴിയും.

ലഹരി മരുന്നുകൾ ഉപയോഗിക്കാതിരിക്കുക. മറ്റ് സംസ്ഥാനങ്ങളിൽ ജീവിതത്തിന്റെ കഷ്ടപ്പാടുകൾ താങ്ങാൻ പറ്റാതെ വരുമ്പോൾ ലഹരി ഉപയോഗിക്കുന്നവരാണ്. കേരളത്തിൽ അതല്ല സാഹചര്യം.

ബോറടി മാറ്റാൻ മദ്യത്തിലും ലഹരിയിലും അഭയം കണ്ടെത്തുന്നവരാണ് യുവാക്കൾ. ഒരിക്കൽ ഉപയോഗിച്ചാൽ വീണ്ടും ഉപയോഗിക്കും. അടിമയാകും, ഒരിക്കൽ പിടിക്കപ്പെട്ടാൽ ജാമ്യം പോലും ലഭിക്കാത്ത തരത്തിൽ ജയിലിലാകും. മദ്യം, ലഹരി, എന്നിവയിൽ യുവാക്കൾ ശ്രദ്ധിച്ചാൽ നമ്മുടെ നാളകൾ പ്രതീക്ഷയുള്ളതാകും.

- ഫാ. ദീപു ഫിലിപ്പ്

deepu.ellalayil@gmail.com

ഋഷിരാജ് സിംഗ് IPS

രാജസ്ഥാനിലെ ബിക്കാനേറിൽ 1961 ജൂലായ് 21-ന് ജനനം. അച്ഛൻ ഇന്ദ്രജിത് സിങ്. അമ്മ ശോഭാ കൗർ. ഇളയ നാല് സഹോദരിമാർ. അച്ഛൻ പോലീസ് ഉദ്യോഗസ്ഥനായതിനാൽ പല സ്ക്കൂളുകളിലായി വിദ്യാഭ്യാസം. ചരിത്രത്തിൽ എം.എ., 1984-ൽ സിവിൽ സർവ്വീസ് പരീക്ഷ വിജയിച്ചു. 1985 ആഗസ്റ്റ് 8-ന് ഇന്ത്യൻ പോലീസ് സിവിൽ സർവീസിൽ പ്രവേശിച്ചു. കേരളാ കേഡറിൽ നിയമനം. വിവിധ സ്ഥലങ്ങളിൽ കമ്മീഷണർ. കണ്ണൂർ, കോട്ടയം എന്നിവിടങ്ങളിൽ എസ്.പി., പ്രധാനമന്ത്രിയുടെ സുരക്ഷയുടെ പ്രധാന ചുമതലക്കാരനായി പ്രത്യേക സേവനം. ഇപ്പോൾ കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസർ. ഭാര്യ ദുർഗേശ്വരി കുമാരി. മക്കൾ യശോധരസിങ്, ഛത്രലാൽ സിങ്.

Breaking The Word

വേദമൊഴികൾ

ഫാ. ഫിലിപ്പ് തരകൻ തേവലക്കര

2015 മാർച്ച് 15

നോമ്പിലെ അഞ്ചാം ഞായർ

(കൂനിയുടെ ഞായറാഴ്ച)

വി: ലൂക്കോസ് 13:10 – 17

പതിനെട്ട് സംവത്സരം കൂനിയായിരുന്ന സ്ത്രീയെ 'ശാബത്' ദിവസം യേശു സൗഖ്യമാക്കുന്ന സംഭവമാണ് ഇതിവൃത്തം. കൂനിയായ സ്ത്രീയുടെ രോഗം ദുരാത്മാവിനാൽ ആയിരുന്നുവെന്ന സാമാന്യധാരണയിൽ സുവിശേഷകനും എത്തിച്ചേരുന്നു. യാഥാസ്ഥിക യഹൂദവീക്ഷണത്തിൽ 'സൗഖ്യം' എന്നുള്ളത് ഒരു പ്രവൃത്തി ആയിരുന്നു. പ്രവൃത്തികൾ വിലക്കപ്പെട്ട ശാബത് ദിവസത്തിൽ യേശു അത് നിർവ്വഹിച്ചതിലെ അനൗചിത്യമാണ് പള്ളിപ്രമാണി ചൂണ്ടിക്കാട്ടുന്നത്. മതത്തിന്റെ കേവല അച്ചടക്കത്തിന് മാത്രം പള്ളിപ്രമാണിയും അന്നത്തെ വ്യവസ്ഥകളും പ്രാധാന്യം കൊടുക്കുമ്പോൾ മതത്തിന് അച്ചടക്കം ആവശ്യമാണെന്നും എന്നാൽ ആ അച്ചടക്കം മനുഷ്യന്റെ വേദനകൾ ഒപ്പുവാൻ നിർവ്വഹിക്കേണ്ടതാണെന്നും ക്രിസ്തു തന്റെ പ്രവൃത്തിയിലൂടെ പ്രഖ്യാപിക്കുന്നു. അക്ഷരങ്ങളിലും കേവല അച്ചടക്കത്തിലും ഒതുങ്ങി നിൽക്കേണ്ടുന്ന വ്യവസ്ഥയല്ല മതം. അതിന്റെയുള്ളിലെ ഓരോ വിശ്വാസികളുടെ വേദനയും വളരെ വലുതാണെന്ന് യേശു ചൂണ്ടിക്കാട്ടുന്നു. കാണാതെപോയ ആടിനെ തേടിപ്പോകുന്ന ഇടയന്റെ മനഃസാക്ഷിയുടെ പ്രകാശനം കൂടിയാണ് ഈ സംഭവം. ശാബത് ദിവസം കന്നുകാലികളെ അഴിച്ച് വെള്ളം കൊടുക്കുവാൻ യഹൂദറാബിമാർ നിർദ്ദേശിച്ചിരുന്നു. ആ പരിഗണനപോലും യഹൂദസമൂഹത്തിൽ നിന്ന് കൂനിയായ സ്ത്രീക്ക് ലഭിച്ചില്ല എന്നത് ദൗർഭാഗ്യകരമായ സത്യമാണ്. അതിനെതിരെ കൂടിയാണ് ക്രിസ്തു പ്രതികരിക്കുന്നത്.

1. നിവർന്നു നിൽക്കുവാൻ സഹായിക്കുന്ന ക്രിസ്തു

'അവൾ ക്ഷണത്തിൽ നിവർന്ന് ദൈവത്തെ മഹത്വപ്പെടുത്തി' (വി.ലൂക്ക് 13:13) പതിനെട്ട് വർഷമായി ആ സ്ത്രീ അനുഭവിച്ചിരുന്ന കൂന് മനുഷ്യജീവിതത്തിലെ സർവ്വ ബന്ധനങ്ങളുടേയും പ്രതീകമാണ്. അത് പാപം നിമിത്തമുള്ള ബന്ധനമാകാം. ജീവിത പ്രശ്നങ്ങൾ മൂലമുള്ള ബന്ധനമാകാം. ഏത് കൂനും നിവരുവാനും തന്റേടത്തോടെ നട്ടെല്ലുയർത്തി നിവർന്ന് നിൽക്കുവാനുമുള്ള സ്വാതന്ത്ര്യം യേശുവിൽനിന്ന് നമുക്ക് ലഭിക്കുന്നു. പ്രസ്തുത ബന്ധനങ്ങൾ ഓരോ മനുഷ്യനേയും അവരല്ലാതാക്കി തീർക്കുകയാണ്. നട്ടെല്ല് പണയപ്പെടുത്തിയവരുടെ ലോകമാണ്. ഇങ്ങനെയുള്ളവർക്ക് തങ്ങളുടേതായ വാക്കുകളില്ല, പ്രവർത്തികളില്ല, അസ്ഥിത്വമില്ല. അവരുടെ വ്യക്തിത്വം തന്നെ 'ബിനാമി' യാണ്. ദുരാത്മാവിന്റെ ബിനാമിയായിത്തീരുകയാണ് സ്ത്രീയുടെ വ്യക്തിത്വം. പ്രസ്തുത അടിമത്തത്തിൽ നിന്നാണ് സ്ത്രീയെ തന്റെ നട്ടെല്ലിൽ നിവരുവാൻ ക്രിസ്തു സഹായിക്കുന്നത്. അനുകരണത്തിന്റെ കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അനുകരണം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് യാഥാർത്ഥ്യമല്ലാത്തത് എന്നാണ്. ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും അനുകരണമാണ്. യഥാർത്ഥ മനുഷ്യനെ കണ്ടുകിട്ടുക പ്രയാസമായിരിക്കുന്നു. യഥാർത്ഥ വ്യക്തിത്വത്തെ നശിപ്പിക്കുന്ന അനുകരണം കൂനാണ്. പ്രലോഭനങ്ങളുടേതായ പ്രപഞ്ചത്തിൽ അകപ്പെട്ടുപോകൽ കൂനാണ്. ക്രിസ്തുവിനെ പ്രലോഭിപ്പിക്കാൻ വരുന്ന സാത്താൻ അദ്ദേഹത്തിന്റെ ചുമലിൽ പ്രലോഭനത്തിന്റെ കൂന് സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ അവിടെ നട്ടെല്ല് കുനിയാതെ നിർത്താൻ ക്രിസ്തുവിന് കഴിയുന്നു. നിവർന്ന നട്ടെല്ലുള്ളവർക്കേ കൂനിനെ നിവർത്താൻ കഴിയൂ. നിവർന്ന നേതൃത്വങ്ങൾ കാലത്തിലെ കൂനുകളെ പറിച്ചെറിയുന്നു. കൂനുള്ള ഓരോരുത്തരും നിവർന്നവരെ കാത്തിരിക്കുന്നു. ഒന്ന് നേരെ നിൽക്കാൻ. വിശ്വാസികളെ, നിവർന്ന നട്ടെല്ലിന്റെ മക്കളായ് മാറാൻ ക്രിസ്തു സന്നിധിയിലേക്ക് ചെല്ലാം.

2. മനുഷ്യത്വം നിറയേണ്ട മതജീവിതം

നിയമങ്ങളും വ്യവസ്ഥകളും മതജീവിതത്തിന് അനിവാര്യമാണ്. ഭക്ഷണത്തിന് ഉപ്പ് രുചിയേകുന്നതുപോലെ മനുഷ്യത്വം മതത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു. അബ്രഹാമിന്റെ മകൾ എന്ന പ്രയോഗത്തിലൂടെ ക്രിസ്തു വിമർശനത്തിന്റെ മുന കൂട്ടുന്നു. അതായത് നിങ്ങൾക്ക് സഹോദരിയായവളുടെ വേദനകളകറ്റാതെയുള്ള മതജീവിതത്തിന്റെ പൊള്ളയെ ചൂണ്ടിക്കാട്ടുകയാണ്. നിത്യജീവിതത്തിൽ മനുഷ്യത്വം അകലുന്ന കാലമാണിത്. മനുഷ്യത്വം നഷ്ടപ്പെടുന്ന എല്ലാ വ്യവസ്ഥകളും ഉടച്ചുവാർക്കേണ്ടതായിട്ടുണ്ട് എന്ന് യേശുവിന്റെ ജീവിതം പഠിപ്പിക്കുന്നു. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ 'മനുഷ്യത്വം' മരിച്ചവന് നൽകുന്ന സമ്മാനമാണ് 'നരകം' എന്ന് പഠിപ്പിക്കുന്നു. മതങ്ങൾ അതിൽതന്നെ സ്വർഗ്ഗങ്ങളായി മാറണമെങ്കിൽ അതിന് മനുഷ്യന്റെ വേദനകളെ അറിയുവാനുള്ള ശേഷി ഉണ്ടായിരിക്കണം. 'ക്രിസ്തുമതം ജീവിക്കുന്നത് ശമര്യക്കാരന്റെ ഉപമയിലാണെന്ന' സുകുമാർ അഴീക്കോടിന്റെ നിരീക്ഷണം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. നരകം എന്നാൽ എന്താണ്? പ്രസ്ഥാനമായാലും പ്രത്യയശാസ്ത്രമായാലും മനുഷ്യനായാലും നന്മയിൽനിന്നുള്ള തിന്മയിലേക്ക് അധഃപതിക്കുന്നതിന് പറയുന്ന പേരാണ് നരകം. നരകത്തിൽനിന്ന് മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് ഏറ്റുന്നതാണ് നോമ്പ്. വലിയ നോമ്പിന്റെ ഈ

കാലം മനുഷ്യന്റെ വേദനകൾ തിരിച്ചറിയാനുള്ള കാലമാണ്. വെള്ളവും വെളിച്ചവും സാധാരണക്കാർക്ക് നൽകാമെന്ന് പറഞ്ഞാണ് തിരഞ്ഞെടുപ്പ് വരുമ്പോൾ രാഷ്ട്രീയ പാർട്ടികൾ വോട്ട് പിടിക്കുന്നത്. ജയിച്ചുകഴിയുമ്പോൾ തഥൈവ. കാരണം ആർദ്രതയുടെ ഉറവുകൾ വറ്റിപ്പോയ രാഷ്ട്രീയപാർട്ടികൾക്ക് വെള്ളംകൊടുക്കാൻ കഴിയുമോ? സ്വയം ഇരുണ്ടുപോയ പ്രസ്ഥാനങ്ങൾ എങ്ങനെ വെളിച്ചംപകരും. മനുഷ്യത്വം നഷ്ടപ്പെട്ടാൽ മതവും രാഷ്ട്രീയവും എല്ലാം ഒന്നുപോലെയാണ്. വി.മത്തായി 12:6 യാഗത്തിലല്ല കരുണയിൽ അത്രെ ഞാൻ പ്രസാദിക്കുന്നത് എന്നുള്ളത് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ കുറ്റമില്ലാത്തവരെ കുറ്റം വിധിക്കയില്ലായിരുന്നു എന്ന് ക്രിസ്തു വെളിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ 'യാഗം' പോലും മനുഷ്യരോടുള്ള കരുണയെ പ്രതിയായിരുന്നു. മതജീവിതത്തിൽ നിന്ന് മാനവരാശിയും പ്രപഞ്ചവും പ്രതീക്ഷിക്കുന്നത് കരുണമാത്രമാണ്. അതുകൊടുക്കാനാണ് ക്രിസ്തു പറയുന്നത്. പാലസ്തീനിലും നൈജീരിയലും മരിച്ചുവീണവർ ജീവിതത്തിൽനിന്നും എലിമിനേറ്റ് ചെയ്യപ്പെട്ടത് ഒറ്റയടിക്കാണ്. ഒരൽപ്പം കരുണകാട്ടരുതോ മക്കളേ അവരോട് എന്ന് കൂനിയുടെ കൂന് നിവർത്തിയ ക്രിസ്തു ചോദിക്കുന്നു.

2015 മാർച്ച് 22

നോമ്പിലെ ആറാം ഞായറാഴ്ച

പിറവിക്കുരുടന്റെ ഞായറാഴ്ച

വി: യോഹ. 9:1 – 41

പിറവിയിലെ കുരുടനായ മനുഷ്യനെ യേശു സൗഖ്യമാക്കുന്ന ഭാഗമാണ് ധ്യാനവിഷയം. യെരുശലേമിന് തെക്കുകിഴക്കായി പട്ടണമതിലിനോട് ചേർന്നാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഗീഹോൻ ഉറവയിൽനിന്ന് പാറവെട്ടിയുണ്ടാക്കിയ ഒരു തുരങ്കത്തിൽക്കൂടിയാണ് വെള്ളം ഇവിടെയെത്തുന്നത്. അതുകൊണ്ട് 'അയയ്ക്കപ്പെട്ടത്' എന്നർത്ഥമുള്ള ശീലോഹോം എന്ന പേര് അതിന് ലഭിച്ചു. ശീലോഹോം ഒരുവന് കാഴ്ച സമ്മാനിക്കുവാൻ വേദിയാകുന്നു. കുരുടനായ മനുഷ്യൻ വിശ്വാസത്തിൽ ഉറയ്ക്കുന്നതിന്റെ ക്രമാനുഗതമായ ചിത്രം ഈ ഭാഗം നൽകുന്നു. യേശു ഒരു പ്രവാചകനാണെന്നും ദൈവത്തിൽനിന്നുള്ള മനുഷ്യൻ ആണെന്നും സ്വർഗ്ഗീയനായ മനുഷ്യപുത്രൻ എന്നും അവൻ പ്രസ്താവിക്കുന്നു. ഓരോ നിമിഷം കഴിയുംതോറും അവന് വിശ്വാസ ദൃഢത കൈവരുന്നു. ജീവിക്കുന്ന ഓരോ നിമിഷവും വിശ്വാസത്തിൽ നമ്മെ തന്നെ ഉറപ്പിക്കാനുള്ള നിമിഷങ്ങളാണെന്ന് കുരുടന്റെ ജീവിതം വെളിവാക്കുന്നു.

1. പ്രകൃതിയിലേക്ക് മടങ്ങാനുള്ള ആഹ്വാനം
(വി:യോഹ. 9:11)

കുരുടനെ ക്രിസ്തു കണ്ടെത്തുകയായിരുന്നു. നിസ്സഹായനെ കണ്ടെത്തുന്ന കർത്താവിനെ നമുക്ക് കാണാം. നമ്മുടെ അവസാനത്തെ കഴിവും അവസാനിക്കുന്നിടത്ത് കർത്താവ് പ്രവർത്തിക്കും. പ്രപഞ്ചത്തെ വാക്കുകൾകൊണ്ട് നിർമ്മിച്ചവൻ മനുഷ്യനെ നിർമ്മിച്ചത് കരങ്ങൾകൊണ്ടാണ്. മണ്ണും, വെള്ളവും കാറ്റുമൊക്കെ മനുഷ്യനെ സൃഷ്ടിക്കാൻ ദൈവം ഉപയോഗിച്ചു. പ്രകൃതിയിൽനിന്ന് മനുഷ്യൻ അകന്നതാണ് മനുഷ്യന്റെ രോഗാവസ്ഥയുടെ കാരണം. ശീലോഹോമിലെ വെള്ളത്തിന് യാതൊരു ഔഷധശേഷിയുമില്ല. എന്നാൽ തുപ്പലും ചെളിയും വെള്ളവുമൊക്കെ അവന്റെ സൗഖ്യപാതയിലെ ഘടകങ്ങളാവുകയാണ്. എന്നാൽ ഇന്ന് മനുഷ്യൻ രോഗാതുരനാണ്. പ്രകൃതിയുടെ ക്രമത്തിൽനിന്ന് കുതിച്ചുചാടാൻ മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു പറയുന്നു: നിന്റെ സൗഖ്യം പ്രകൃതിയാണ്. പ്രകൃതിയിലേക്ക് മടങ്ങുക.

'പതുക്കെ കറന്നെടുത്താൽ പോര, കുത്തിച്ചോർത്തണമെന്നും ദിനംതോറും കിട്ടുന്ന പൊൻമുട്ട പോര ഉള്ളിലുള്ളതുമുഴുവൻ ഒന്നിച്ചുവേണം എന്നും ദുരപെരുത്തു. അവിടെവച്ച് കാലവും ലോകവും മാറി. മാറ്റത്തിന്റെ വേഗവും ഏറി. ജീവിതശൈലിയും വിചാരശൈലിയും പുതുതായി. പുതിയ ആകാശവും പുതിയ ഭൂമിയും പിറന്നു' (എം. തോമസ് മാത്യു) പക്ഷേ അത് യോഹന്നാന്റെ ദർശനത്തിലെ പുതിയ ആകാശവും ഭൂമിയും ആയിരുന്നില്ല. ആധുനിക മനുഷ്യന്റെ പുതിയ ആകാശവും പുതിയ ഭൂമിയും വരും തലമുറയ്ക്ക് ഇവ രണ്ടും നിഷേധിക്കാനുള്ള സാഹചര്യമാണ് സൃഷ്ടിച്ചത്. നമ്മുടെ ചുറ്റുവട്ടങ്ങളിലെ കുളങ്ങളും നമ്മുടെ കാലടിയിലെ മണ്ണും നമ്മുടെ കുറവുകൾ തീർക്കാൻ പര്യാപ്തമാണ്. കുരുടനെ പറഞ്ഞുവിടുന്നത് പ്രകൃതിയിലേക്കാണ്. നമ്മോട് ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്.

2. നിങ്ങൾക്കും അവന്റെ ശിഷ്യന്മാരാകുവാൻ മനസ്സുണ്ടോ? (വി.യോഹ. 9:27)

കപടതയുടെ മനസ്സുമായി യേശുവിന്റെ അത്ഭുത പ്രവൃത്തിയെ സമീപിക്കുന്ന പരീശന്മാരോട് കാഴ്ച ലഭിച്ചവന്റെ നിഷ്കളങ്കതയിൽ നിന്നുയർന്ന ചോദ്യമാണിത്. ഭക്തന്മാരാണെന്ന് നടിച്ച് ജീവിക്കുന്ന ലോകത്തിന് മുമ്പിൽ കുരുടൻ ഉയർത്തുന്ന ചോദ്യത്തിന് കാലികപ്രസക്തിയുണ്ട്. കുരുടൻ ഉരുവിടുന്ന ഓരോ വാക്കും വാതിലുകളാകുന്നു. അവനുയർത്തുന്ന ചോദ്യം വഴിയായും മാറുന്നു. എത്ര വഴിതെറ്റിയാലും ഏത് ചെളിക്കുണ്ടിൽ പുതഞ്ഞുപോയാലും മനുഷ്യൻ രക്ഷപ്പെടാൻ ഒരു വഴിയുണ്ട്. ആ വഴിയെപ്പറ്റിയാണ് കുരുടൻ ചോദിക്കുന്നത്. നിങ്ങൾക്കും അവന്റെ ശിഷ്യന്മാരാകുവാൻ മനസ്സുണ്ടോ? ഈ ശിഷ്യത്വത്തിലേക്ക് എത്തണമെങ്കിൽ ക്രിസ്തു ശിഷ്യൻമാർ ഉപേക്ഷിച്ചത് വളളവും വലയുമാണ്. പരീശന്മാർ ഉപേക്ഷിക്കേണ്ടത് അവരുടെയുള്ളിലെ കപടതയാണ്. 'തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല'(വി മത്തായി 10: 38) ക്രൂശെടുക്കുന്നത് സ്വയത്യാഗമാണ്. പരീശന്റെ പ്രീതിയെക്കാൾ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് അന്ധൻ സ്വയം സമർപ്പിക്കുകയാണ്. ശിഷ്യത്വം പരിത്യാഗത്തിന്റേതുകൂടിയാണ്. ഓരോ ശിഷ്യനും ക്രൂശിന്റെ ഭാരം ചുമലിൽ ഏൽക്കാൻ തയ്യാറായപ്പോഴാണ് അവന്റെ ശിഷ്യന്മാരായത്. നേരം പുലർന്ന് ഏറെ കഴിഞ്ഞാണ് പുതിയ തലമുറയിലെ ഏറെപ്പേരും എഴുന്നേൽക്കുന്നത്. ജീവിതത്തിൽ ഒരിക്കൽപ്പോലും സൂര്യോദയം കാണാത്ത നമുക്ക് കണ്ണുകളുടെ ഉപയോഗം മനസ്സിലാവുന്നില്ല എന്ന് പറയുന്നതുപോലെ ക്രിസ്തുവിലേക്ക് സൂക്ഷിച്ചുനോക്കാത്തവരുടെ ഭക്തിക്കെന്തർത്ഥം? യേശുവേ നിന്റെ ശിഷ്യത്വത്തിലേക്ക് എനിക്ക് എത്രദൂരം - എത്രനേരം? എന്ന് ചോദിക്കാൻ നമുക്ക് സാധിക്കണം. ശീലോഹോമിലെ മുങ്ങലിലൂടെ ദൈവത്തിന്റെ പുത്രനായവന്റെ ക്ഷണമാണ് ശിഷ്യൻമാരാകുവാൻ മനസ്സുണ്ടോ എന്നത്.

അപൂർണ്ണനായ മനുഷ്യൻ പൂർണ്ണനായ ദൈവത്തിലേക്ക് യാത്രയാകുന്ന പ്രക്രിയകൂടിയാണ് ശിഷ്യത്വം. അതിന് മുമ്പ് അപൂർണ്ണതയെന്താണെന്നും ബലഹീനത ഏതൊക്കെയാണെന്നും നാം തിരിച്ചറിയണം. ശിഷ്യത്വത്തിലേക്ക് പ്രവേശിക്കും മുമ്പ് ഈ തിരിച്ചറിയൽ ഓരോരവനും നേടണം.

2015 മാർച്ച് 29

ഓശാന ഞായർ

വി: യോഹന്നാൻ 12:12 – 19

യേശുവിന്റെ യരുശലേമിലേക്കുള്ള അന്തിമ ജൈത്രയാത്രയാണ് പ്രതിപാദ്യ വിഷയം. ജനക്കൂട്ടത്തിന് മശിഹായിലുള്ള പ്രതീക്ഷയുടെ പ്രകാശനമാണ് പ്രസ്തുത യാത്ര. ജനത്തിന്റെ പ്രതികരണത്തിൽ നിരാശരാവുന്ന മതമേധാവികളെ നമുക്ക് ഇവിടെ കാണുവാൻ സാധിക്കും. വമ്പിച്ച ജനക്കൂട്ടം ഇവിടെയെത്തുന്നതിന്റെ കാരണം പെസഹായ്ക്ക് മുൻപുള്ള ഞായറാഴ്ച (നിസാൻ-10) പെസഹായ്ക്ക് അറുക്കുവാനുള്ള ആടുകളെ വേർതിരിക്കുന്ന ദിവസമാണ്. അതിനാൽ അന്ന് ധാരാളം പേർ യെരുശലേമിൽ എത്തും. യേശു തമ്പുരാൻ ചെയ്ത അത്ഭുത പ്രവർത്തികളിൽ ആകൃഷ്ടരായ ധാരാളം പേർ ഈ യാത്രയിൽ പങ്ക് ചേരുന്നുണ്ട്. ഈന്തപ്പനയും കുരുത്തോലകൾ കൈകളിൽ വഹിച്ചും സങ്കീർത്തനമാലപിച്ചുമാണ് ജനങ്ങൾ അതിൽ പങ്ക് ചേർന്നത്. യരുശലേമിൽ വരുമ്പോൾ സങ്കീർത്തനങ്ങൾ 118:26,27 വാക്യങ്ങൾ ആലപിക്കുന്ന പതിവ് അവർക്കുണ്ട്. യേശുവിനെ മിശിഹായി അംഗീകരിക്കുന്ന ആ യാത്രയിരുന്നു അത്. 'ഹോശാന്നാ' എന്ന പദത്തിന്റെ അർത്ഥം യഹോവ രക്ഷിക്കേണമേ എന്നാണ്. കഴുതക്കുട്ടിയുടെ മേൽ യേശു തമ്പുരാൻ വരുന്നത് സഖര്യാവിന്റെ (സഖര്യാവ് 9:9) പ്രവചനത്തിന്റെ പൂർത്തീകരണം കൂടിയാണ്.

1. കർത്താവിൽ രക്ഷകണ്ടെത്തുന്ന സമൂഹം

യേശുവിൽ പ്രതീക്ഷയർപ്പിക്കുന്ന ജനസമൂഹത്തിന്, അവരുടെ രക്ഷ യേശുവിൽ സമാഗതമായിരിക്കുന്നു. 'രക്ഷിക്കേണമേ' എന്നുള്ള അവരുടെ ആർപ്പുവിളി പ്രതീക്ഷകളുടേതാണ്. പ്രതീക്ഷ നഷ്ടപ്പെട്ട ജനം ചരിത്രത്തിൽ അപകടകാരികളാണ്. ഏത് നീചപ്രവർത്തികൾ ചെയ്യാനും അവർക്ക് മടിയില്ല. ആത്മാവിൽ മരിച്ചവരാണ് പ്രതീക്ഷ നഷ്ടപ്പെട്ടവർ. അധർമ്മം അവരുടെ കൂട്ടാളിയാണ്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതിനും ആത്മഹത്യ ചെയ്യുവാനുമുള്ള പ്രവണത ഇക്കൂട്ടർക്ക് കൂടുതലായി കാണും. ഒന്നിലും ശുഭാപ്തിവിശ്വാസം അവർ പുലർത്തുന്നവരല്ല. എന്നാൽ ശുഭാപ്തിവിശ്വാസികളായ ഒരു ജനതയുടെ ആർപ്പിവിളിയാണ് ഹോശാന ദിവസം മുഴങ്ങുന്നത്. 'ദൈവമേ, അങ്ങയെ കണ്ടെത്താൻ ഞാൻ വൈകിപ്പോയി. പുരാതനവും നൂതനവുമായ സൗന്ദര്യമേ ഞാൻ നിന്നെ സ്നേഹിപ്പാൻ വൈകിപ്പോയി' എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ പ്രത്യേകം പ്രസ്താവ്യമാണ്. യേശുവിലെ സൗന്ദര്യം കണ്ടെത്താൻ ഹോശാന ഘോഷയാത്രയിലെ ജനത്തിന് കഴിയുന്നു. യേശുവിലെ സൗന്ദര്യം കണ്ടെത്തുമ്പോൾ നാമും ആ സൗന്ദര്യമുള്ളവരായി മാറുന്നു. ക്രമമാണല്ലോ സൗന്ദര്യം. ക്രമരാഹിത്യം സമ്മാനിക്കുന്നത് വൈരൂപ്യമാണ്. സക്കായിയേശുവിന്റെ സൗന്ദര്യം ഉൾക്കൊണ്ടപ്പോൾ അവൻ ക്രമമുള്ളവനും സൗന്ദര്യമുള്ളവനുമായി മാറി. മഗ്ദലനയ്ക്ക് ശരീര സൗന്ദര്യമുണ്ടായിരുന്നു. എന്നാൽ ജീവിത സൗന്ദര്യമില്ലായിരുന്നു. യേശുവിന്റെ സൗന്ദര്യം ഉൾക്കൊണ്ടപ്പോൾ അവൾ ആത്മാവിൽ സൗന്ദര്യം നിറഞ്ഞവളായി. ഹോശന്നായിലെ ജനക്കൂട്ടത്തിന്റെ കൈകളിലെ കുരുത്തോലകളും ആർപ്പുവിളിയും രക്ഷയുടെ സൗന്ദര്യത്തിലേക്കുള്ള പ്രയാണമായിരുന്നു. പുതിയ നിയമത്തിലെ ഏറ്റവും സൗന്ദര്യവും ആവേശവുമുള്ള വേദഭാഗമായി ഇത് മാറുന്നത് അതുകൊണ്ടാണ്.

ജനത്തിന്റെ വഴിയിലേക്കല്ല ക്രിസ്തു വരുന്നത്. ക്രിസ്തുവിന്റെ വഴിയിലേക്ക് ജനക്കൂട്ടം ഇരമ്പിയെത്തുകയാണ്. യേശുവിന്റെ വഴികളിലേക്ക് പ്രാർത്ഥനയോടെ ഇറങ്ങുന്ന ജനത്തെ രൂപപ്പെടുത്തലാണ് സഭയുടെ ലക്ഷ്യം. യഹോവ രക്ഷിക്കേണമേ എന്ന് ആർത്തുവിളിക്കുന്ന ജനത്തെ രൂപപ്പെടുത്തേണ്ട ഉത്തരവാദിത്വം പരിശുദ്ധ സഭയ്ക്കുണ്ട്. 'വിശുദ്ധ ജോൺ ക്രിസോസ്റ്റം പറയുന്നു' ദൈവം ആഗ്രഹിക്കാത്ത കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതാണ് ഏറ്റവും ഭയാനകം. അതുകൊണ്ട് പ്രാർത്ഥന കേൾക്കാതെ വരുമ്പോൾ നാം അത്രയ്ക്ക് നിരാശപ്പെടേണ്ടതില്ല. ദൈവം നമുക്ക് വേണ്ടി ചെയ്യുന്നതാണ് നാം നമുക്കുവേണ്ടി ആഗ്രഹിക്കുന്നതിനേക്കാൾ ശ്രേഷ്ഠം. ദൈവത്തിന്റെ വഴിയിലേക്ക് ഇറങ്ങുന്ന ജനം അവരുടെ ആഗ്രഹത്തേക്കാൾ ദൈവിക ആഗ്രഹത്തിന് തങ്ങളെ സമർപ്പിക്കുന്നവരാണ്.

2. ക്രിസ്തുവിന് നമ്മളെക്കൊണ്ട് ആവശ്യമുണ്ട്.

'യേശു ഒരു ചെറിയ കഴുതയെകണ്ടിട്ട് അതിന്മേൽ കയറി (വി യോഹന്നാൻ 12:14) കഴുതയെ തെരഞ്ഞെടുക്കുന്നതിനെപ്പറ്റി മറ്റ് സുവിശേഷങ്ങളിൽ കുറെക്കൂടി വിശദമായ വിവരണമുണ്ട്. വി യോഹന്നാൻ കഴുതയ്ക്ക് കൊടുത്ത വിശേഷണം ചെറുത് എന്നാണ്. കഴുതയെന്ന മൃഗത്തെ യാത്രയ്ക്ക് ഉപയോഗിച്ചതിൽ താഴ്മയുണ്ട്. എന്നാൽ ചെറിയ കഴുതയെന്ന് വിശേഷിപ്പിക്കുമ്പോൾ വിനയത്തിന്റെ ഗരിമയും മഹത്വവും വർദ്ധിക്കുന്നു. ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു മൃഗത്തിന് ലഭിക്കുന്ന പ്രാധാന്യം നാം മനസ്സിലാക്കണം. ലോകത്തിന്റെ വീക്ഷണമല്ല ക്രിസ്തുവിനുള്ളത്. ഓരോ വ്യക്തിയെക്കുറിച്ചും സത്യസന്ധവും ഋതുവുമായ കാഴ്ചപ്പാട് കർത്താവിനുണ്ട്. ആരും ഈ ലോകത്തിൽ അനാഥരല്ല. ബലഹീനർ കാണും. ബലവാന്മാർ കാണും. ദരിദ്രരും ധനവാന്മാരുമുണ്ട്. രാജാവും പ്രജയുമുണ്ട്. ആണും പെണ്ണുമുണ്ട്. കുലമഹിമ ഉള്ളവനും ഇല്ലാത്തവനുമുണ്ട്. ഇവരെയെല്ലാം കർത്താവിന് ആവശ്യമുണ്ട്. അത് അടിമ വേലയ്ക്കല്ല. നമ്മുടെ മഹത്വം വർദ്ധിപ്പിക്കുവാനാണ്. നിസ്സഹായനായ കഴുത കർത്താവിന്റെ ആവശ്യത്തിന് വിധേയപ്പെട്ടപ്പോൾ മൃഗരാജാവിനേക്കാൾ ശ്രേഷ്ഠത അതിന് ലഭിച്ചു. ഓരോരുത്തനും കർത്താവിന്റെ ആവശ്യത്തിന് വിധേയപ്പെടുമ്പോൾ മഹത്വം വർദ്ധിക്കുന്നു. ഹോശാനയിലെ കഴുത മനുഷ്യലോകത്തിന് ദൈവം സമ്മാനിച്ച പാഠപുസ്തകമാണ്. പഠനത്തിനുള്ള പുസ്തകങ്ങൾ മനുഷ്യന് കാഴ്ടപ്പാടുകൾ സമ്മാനിക്കുന്നു. കഴുതയും മനുഷ്യ

ST. MARY'S EMBROIDERY

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO ✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

വർഗ്ഗത്തിൽ ഉൾക്കാഴ്ച സമ്മാനിക്കുന്ന ജീവിയാണ്.

യേശുവിന്റെ ആവശ്യത്തിലേക്ക് നമ്മെ സമർപ്പിക്കാൻ ആഗ്രഹമുണ്ടോ. 'ദൈവത്തിന്റെ കൃപയ്ക്ക് നമ്മെ രൂപപ്പെടുത്താനായി കൊടുക്കുന്നത് എത്ര മനോഹരമാണ്.' (ഇഗ്നേഷ്യസ്, ലയോള) നാമോരുരുത്തരും ക്രിസ്തുധാരികളായി മാറണം. ക്രിസ്തുവിനെ വി മാതാവ് ഉദരത്തിൽ ചുമന്നു. ഹോശാനയിലെ കഴുത കുറേനേരെ യേശുവിനെ ചുമന്നു. യേശുവിനെ വഹിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? യേശു നമ്മെ ചുമക്കുന്നവനാണ്. നാം അവനുവേണ്ടി ജീവിക്കേണ്ടവരുമാണ്. വി മത്തായിയുടെ സുവിശേഷത്തിൽ 21:3 ൽ കഴുതയെ അഴിക്കുവാൻ പോകുന്ന ശിഷ്യന്മാരോട് കർത്താവ് പറയുന്നത് 'കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ടെന്ന്' പറവിൻ എന്നാണ്. ഈ അന്വേഷണം നമ്മെ ഓരോരുത്തരെക്കുറിച്ചും യേശുവിനുണ്ട്. മീൻ പിടുത്തക്കാരെ തന്റെ ശിഷ്യത്വത്തിലേക്ക് കൂട്ടിക്കൊണ്ടുവന്ന ക്രിസ്തു നോക്കിയത് അവരുടെ തൊഴിൽ വൈദഗ്ധ്യമോ അവരുടെ സമൃദ്ധിയോ അല്ല. ഹൃദയവിശുദ്ധിയാണ്. എനിക്ക് അവരിൽ പാർക്കുവാൻ കഴിയുമോ? എന്നാണ്. നമ്മിൽ അവൻ നോക്കുന്നത് ഇതുതന്നെയാണ്.

2015 ഏപ്രിൽ 5

ഉയിർപ്പ് ഞായർ

വി: മത്തായി 28:1 – 20

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം യേശുവിന്റെ പുനരുത്ഥാനമാണ്. നാല് സുവിശേഷങ്ങളും പുനരുത്ഥാനത്തേയും അതിനുശേഷമുള്ള സംഭവങ്ങളേയും വിവരിക്കുന്നത് വ്യത്യസ്ത രീതിയിലാണ്. വ്യത്യസ്ത പാരമ്പര്യങ്ങളാണ് അതിന് നിദാനമായിരിക്കുന്നത്. തന്റെ പുനരുത്ഥാനത്തെക്കുറിച്ച് യേശുതമ്പുരാൻ നൽകിയ മുന്നറിയിപ്പുകൾ ക്രൂശ് മരണത്തിന്റെ നൈരാശ്യത്തിൽ ക്രിസ്തു ശിഷ്യന്മാർ വിസ്മരിച്ചുപോയി. എന്നാൽ ഉത്ഥിതനായ ക്രിസ്തുവിന്റെ വെളിപ്പെടലുകൾ പുനരുത്ഥാന ചിന്തയെ കൂടുതൽ ആഴത്തിലുള്ളതാക്കാൻ ശിഷ്യന്മാരെ സഹായിക്കുന്നു. ക്രിസ്തുവിന്റെ വെളിപ്പെടലുകളും വെളിപ്പെടുത്തലുകളും തിരുവചനത്തിലൂടേയും വി കൂദാശകളിലൂടേയും ആരാധനകളിലൂടേയും അനുഭവിച്ചറിയുന്ന ഓരോരുത്തരും പുനരുത്ഥാന പെരുന്നാളിൽ ആത്മീയബലം പ്രാപിക്കണം.

1. ഉത്ഥിതനായ ക്രിസ്തുവിന്റെ സക്ഷികൾ ആകുവിൻ

'അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറയുവിൻ...' (വി മത്തായി 28:7)

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ കല്ലറ കാണുവാൻ ഇറങ്ങിയവർ നല്ല വാർത്തയ്ക്ക് ചെവി കൊടുക്കുകയാണ്. അവൻ ഇവിടെ ഇല്ല. താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു (28:6) യേശുവിന്റെ ഉയിർപ്പിനെ സംബന്ധിച്ച് ഒരു പ്രതീക്ഷയും ഈ സ്ത്രീകളിൽ ഇല്ലായിരുന്നു. എന്നാൽ യേശുവിനെപ്പറ്റി അവർ ആകുലരും ക്രിസ്തു ചിന്തയാൽ നിറയപ്പെട്ടവരും ആയിരുന്നു. കാവർക്കാരേയും യഹൂദസമൂഹത്തേയും പ്രമാണികളേയും അവഗണിച്ചുകൊണ്ട് ക്രിസ്തുവിന്റെ കല്ലറയിലേക്ക് സ്ത്രീകൾ നടത്തുന്നത് തീർത്ഥാടനമാണ്. സ്വയത്തെ മറന്നുകൊണ്ടുള്ള യാത്രയാണ് തീർത്ഥാടനം. അഹം വളരുന്ന യാത്രകളാണ് 'ഇന്നിന്റെ സംഭാവന'. അത് യറുശലമിലേക്കായാലും മറ്റെവിടേക്കായാലും തീർത്ഥാടനത്തോളം വളരുന്നില്ല. തീർത്ഥാടനയാത്രകളല്ല, ഇന്നുള്ളതിൽ ഏറിയപങ്കും വിനോദയാത്രകളാണുള്ളത്. തീർത്ഥാടനത്തിന്റെ ഒടുവിൽ വെളിപാടുകളും നല്ല വാർത്തകളുമുണ്ട്. കർത്താവിന്റെ ദൂതന്റെ സാന്നിദ്ധ്യം സ്ത്രീകൾക്കൊരു വെളിപാടായിരുന്നു. ക്രിസ്തു ഉയിർത്തുവെന്ന വാദം അവർക്ക് പുതുജീവൻ നൽകുന്നതായിരുന്നു. പൗരസ്ത്യപാരമ്പര്യത്തിലെ ഉയിർപ്പിന്റെ പ്രഖ്യാപനം വിശ്വാസികൾക്ക് പുതുജീവൻ നൽകുന്നതാണ്. എല്ലാവിശുദ്ധർക്കും ഒരു പഴയകാലമുണ്ട്. എല്ലാ പാപികൾക്കും ഒരു വരുംകാലവുമുണ്ട്. ആത്മാർത്ഥതയും പരിശ്രമവുമുണ്ടെങ്കിൽ ആർക്കും വിശുദ്ധരാകാം. പ്രസ്തുത സ്ത്രീകളുടെ യാത്ര വിശുദ്ധിയിലേക്കുള്ള തീർത്ഥാടനം ആയിരുന്നു. തീർത്ഥാടനത്തിനൊടുവിൽ ലഭിക്കുന്ന നല്ലവാർത്തകൾ കൈമാറാനുള്ള ദൗത്യം തീർത്ഥാടകനുണ്ട്. വാക്കുകൾകൊണ്ടും ജീവിതംകൊണ്ടുമാണ് തീർത്ഥാടകന് ലഭിക്കുന്ന നല്ല സന്ദേശം കൈമാറേണ്ടത്. അല്ലെങ്കിൽ തീർത്ഥാടകജീവിതം വ്യർത്ഥമാകും. പ്രസ്തുത കൈമാറ്റം മറ്റുള്ളവരിൽ ഉണർവ്വുണ്ടാകും. ക്രിസ്തുവിന്റെ ക്രൂശീകരണത്താലും യഹൂദസമൂഹത്തിന്റെ അക്രമത്താലും മനംനൊന്ത് നിരാശയിലായ ശിഷ്യൻമാരിൽ ഉണർവ്വുണ്ടാക്കാൻ ഈ സ്ത്രീകൾക്ക് സാധിക്കുന്നു.

2. സത്യത്തെ മറിച്ചു കളയാത്തവരാകുക

(വി മത്തായി 28: 12,13)

യേശു ഉയിർത്തെഴുന്നേറ്റു എന്ന സത്യം അംഗീകരിക്കാൻ അന്നത്തെ മഹാപുരോഹിതന്മാർക്കും പ്രമാണിമാർക്കും കഴിഞ്ഞില്ല. സത്യത്തെ അംഗീകരിക്കാനുള്ള മനസ്സ് നഷ്ടപ്പെട്ട സമൂഹം ദൈവികത നഷ്ടപ്പെട്ട സമൂഹമാണ്. സത്യത്തിന് സാക്ഷികളായവരാണ് കല്ലറയിലെ കാവൽക്കാർ. അവർ പണംവാങ്ങി സത്യത്തെ മറിച്ചുകളയാൻ ശ്രമിച്ചവരാണ്. പണംകൊണ്ട് മറിക്കുവാൻ സാധിക്കുന്നതല്ല സത്യം. സത്യമായ ക്രിസ്തുവിനെ ലോകജനത അറിയുകയും ആരാധിക്കുകയും ചെയ്യുന്നത് കാവൽക്കാർക്ക് പണം നൽകി പ്രചരിച്ച ആരോപണത്തെ ലോകം തള്ളിക്കളഞ്ഞുകൊണ്ടാണ്. സത്യത്തെ നിഷേധിക്കുന്നത് അവനവനെ നിഷേധിക്കലാണ്.

കാവൽക്കാരുടെ മുമ്പിൽ പ്രമാണിമാരും പിൻപിൽ പണവുമെത്തിയപ്പോൾ കാവൽക്കാരിൽ സത്യം നഷ്ടപ്പെട്ടു. അവർ അവരിൽ നിന്നുതന്നെ നഷ്ടപ്പെട്ടു. പണം വാങ്ങി സത്യം മറിച്ചുകളയുന്നവരുടെ ലോകമാണിത്. മന്ത്രിമാർ മുതൽ പ്യൂൺതലംവരെ സത്യത്തെ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു. സത്യം പറയുന്നവരുടെ തലയെടുക്കാമെന്ന് ഹെരോദാവ് യോഹന്നാൻ സ്നാപകന്റെ തലയെടുക്കലിലൂടെ പഠിപ്പിച്ചു. എന്നാൽ സത്യത്തിന്റെ തല ഒരിക്കലും എടുക്കാൻ പറ്റില്ലെന്നും ലോകത്തെ ഹെരോദാവ് ആ സംഭവത്തിലൂടെ പഠിപ്പിക്കുകയായിരുന്നു. 'സത്യം പറയുവാൻ ത്രാണിയുണ്ടാകണം' എന്ന് കുട്ടികളെ നമ്മൾ കവിത പഠിപ്പിക്കാറുണ്ട്. പഠിപ്പിച്ചു കൊടുക്കുന്നവർക്ക് ത്രാണിയില്ലാത്തതുകൊണ്ടാകാം ഏറ്റു ചൊല്ലുന്നവരിൽ അത ത്രാണിയായി മാറാത്തത്.

'സത്യം പറയുന്ന അധരം എന്നേക്കും നിലനിൽക്കും
വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളൂ'
(സദൃ–12:19)

വ്യാജത്തിന്റെ ആയുസ്സ് ക്ഷണികമാണ്. സത്യം എന്നേയ്ക്കും നിലനിൽക്കുന്നതാണ്. താൽക്കാലിക ലാഭത്തിന് സത്യം മറിച്ചുകളയുന്ന പുതിയലോകത്തിന് ക്രിസ്തുവിന്റെ ഉയിർപ്പുപെരുനാൾ നൽകുന്ന സന്ദേശം സത്യത്തിനുവേണ്ടി നിലനിൽക്കുക എന്നതാണ്. ■

മ്നൊർത്തോ

പ. നോമ്പിന്റെ മദ്ധ്യത്തിൽ ദേവാലയത്തിന്റെ മദ്ധ്യഭാഗത്ത് വിശുദ്ധ സ്ലീബാ പ്രതിഷ്ഠിക്കുന്നതിനുള്ള ഉപാധിയാണ് 'മ്നൊർത്തോ' എന്നറിയപ്പെടുന്നത്. പാതിനോമ്പു മുതൽ ഓശാന ഞായർ വരെ ദേവാലയമദ്ധ്യത്തിലും, ഹാശായുടെ തിങ്കൾ മുതൽ ദു:ഖശനി വരെ അഴിക്കത്തും, തുടർന്ന് വി.മദ്ബഹായിലും സ്ഥിതിചെയ്യുന്ന 'മ്നൊർത്തോ' ഗോഗുൽത്താ എന്നും സാധാരണയായി വിളിക്കപ്പെടുന്നു. എബ്രായാ പദമായ 'മെനോറ' എന്നതിൽ രൂപപ്പെടുന്ന സുറിയാനി വാക്കാണ് മ്നൊർത്തോ എന്നുള്ളത്. ഇതിന് വിളക്കു കാലുകൾ (A Lamp Stand) എന്നാണർത്ഥം. മെഴുകുതിരിക്കാലുകളേയും (Candle Sticks) ഇങ്ങനെ അറിയപ്പെടുന്നു. അതോടൊപ്പം 'ഗോപുരം', 'മിനാരം' (Minaret) 'സ്തംഭം' എന്നിങ്ങനെയുള്ള അർത്ഥങ്ങളും 'മ്നൊർത്തോ' എന്ന വാക്കിനുണ്ട്.

വി.സ്ലീബായുടെ ഇരുവശത്തുമായി മെഴുകുതിരികൾ വയ്ക്കുന്നത് കൊണ്ടുമാത്രമല്ല ഇതിന് 'മ്നൊർത്തോ' എന്ന പേരുണ്ടായത്. പഴയനിയമ സഭയിൽ, മോശ ചമച്ച സമാഗമന കൂടാരത്തിൽ കൂടാരത്തെ മുഴുവൻ പ്രകാശിപ്പിക്കേണ്ടതിന് സദാസമയം കത്തിക്കൊണ്ടിരുന്ന ഇരുവശത്തേക്കും മൂന്ന് ശാഖകൾ വീതമുള്ള നിലവിളക്ക് ഉണ്ടായിരുന്നു. സാക്ഷ്യപ്പെട്ടകത്തിന് മുമ്പിലുള്ള തിരശ്ശീലയ്ക്ക് പുറത്തുണ്ടായിരുന്ന ഈ നിലവിളക്കിനെ 'മെനോറ' എന്നറിയപ്പെട്ടിരുന്നു. (പുറ. 25 : 31 - 40, 27 : 20- 21, 37 : 17-14 എബ്രാ 9 : 2) ഇതിനു സമാനമായി ക്രിസ്തീയ സഭയിൽ ലോകത്തെ പ്രകാശിപ്പിക്കുന്ന നമ്മുടെ കർത്താവിന്റെ സ്ലീബാ സ്ഥാപിക്കുന്നതുകൊണ്ടുമാകാം ഇതിന് 'മ്നൊർത്തോ' എന്ന പേര് സിദ്ധിച്ചത്. അതോടൊപ്പം മരുഭൂമിയിൽ മോശ താമ്രസർപ്പത്തെ ഉയർത്തിയ കൊടിമരത്തിന് സമാനമാണ് (സംഖ്യ 21 : 8) 'മ്നൊർത്തോ' എന്നൊരാശയവും ഉണ്ട്.

- ഫാ. മാത്യു വർഗീസ്, റോം

In Loving Memory of

Aleyamma George
(6.03.2005)

P. C. George
(12.01.2009)

Pakkandathil House,
Chandanapally

Inserted by

P. G. Cherian & Fly.
Mrs. P.G. Thomas & Fly.
P.G. Joy & Fly (Kalina, Mumbai)

In Loving Memory Of

K. K. ALEXANDER
(27.11.2001)

CHINNAMA ALEXANDER
(21.3.2008)

KARAMOOTTIL HOUSE
KOLAMALA, RANNI-PERUNAD
PATHANAMTHITTA

BETHANY ST: THOMAS ORTHDOX CHRUCH

Inserted By:-
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

14th Death Anniversary
26 Feb 2001

REV FR. P.C. GEEVARGHESE

Plankalayil House,
Anandapally, Adoor

Remembered
with prayers by
Family members

FOR THE
BLESSED MEMORY OF

MAR GABRIEL

CALLED TO THE LORD
AT KOTTAYAM CHERIYAPALLY

POULOSE JACOB
KIZHAKETTATHU

ഡയാലിസിസിന് സഹായം നൽകുന്നു

The True Friends Inc.

A friend in need is a friend indeed

വാഷിംങ്ടൺ ഡി. സി. ആസ്ഥാനമായി പ്രവർത്തിക്കുന്ന "True Friends" എന്ന ചാരിറ്റബിൾ സംഘടന, **കോലഞ്ചേരി എം. ഓ. സി. മെഡിക്കൽ കോളേജ്, പുതുപ്പള്ളി പാറേട്ട് മാർ ഈവാനിയോസ് ഹോസ്പിറ്റൽ, കോഴഞ്ചേരി മുത്തൂറ്റ് ഹോസ്പിറ്റൽ** എന്നിവിടങ്ങളിൽവച്ച് ഡയാലിസിസ് നടത്തുവാൻ സൗകര്യപ്പെടുന്ന മൂന്ന് രോഗികൾക്ക് സഹായം നൽകുന്നു. ഒരാൾക്ക് ആറു മാസത്തേയ്ക്ക് മാത്രമായിരിക്കും സഹായം നൽകുക. താൽപര്യമുള്ളവർ വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ സമീപമുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ സാക്ഷ്യപത്രം സഹിതം

True Friends,
Mar Baselios Dayara,
Njaliakuzhy, Vakathanam P.O, Kottayam - 686538

എന്നവിലാസത്തിൽ അയക്കുക.

കുറിപ്പ് :

1. മേൽപ്പറഞ്ഞ മൂന്നു ആശുപത്രികളിൽ മാത്രമേ ഡയാലിസിസ് സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.
2. ഡയാലിസിസ് തുക ആശുപത്രികൾക്ക് നേരിട്ടായിരിക്കും നൽകുക.

Navodaya Education Trust ®

NAVODAYA MEDICAL COLLEGE

ESTD. 1992

Navodaya Nagar, Manthralayam Road, Raichur Karnataka
www.navodaya.edu.in

Courses Offered

- M.B.B.S
- M.D,
- M.S,
- P.G.Diploma
- B.D.S
- M.D.S
- B.E.
- M.E
- B.Pharm
- D.Pharm
- M.Pharm
- Pharm.D.
- G.N.M.
- P.C.B.Sc (N)
- B.Sc (N),
- M.Sc (N)
- B.P.T.
- M.P.T.,
- B.Ed.,
- B.Sc (Paramedical Courses).
- Diploma (Paramedical Courses).

For Admission & Details : **Navodaya's Information Center,**
243/A, Suvarna Complex, KSRTC Way Out Road, Permbavoor, Kerala.
Fr. ELDHOSE SKARIA, Nedungottil Mob : +91 9400595736
RAISE VARGHESE Mob : +91 9447009186,
LAL MATHEW Mob : +91 9986700844, +91 9448040844

അമിത ധനാർത്തി അപകടകരം

കോട്ടയം:- അമിത ധനാർത്തിയും സുഖലോലുപതയും അപകടകരമായ വിധം വളർന്നിരിക്കുന്നു. എന്ന് പരിശുദ്ധ കാതോലിക്കാ ബാവാ. അതിന്റെ ഭാഗമായി സംഭവിച്ചിരിക്കുന്ന അമിത സൈബർ ആശ്രയത്വം അനേകം സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശാക്തീകരണ വിഭാഗത്തിന്റെ **'നേർവഴി'** എന്ന പദ്ധതിയുടെ നേതൃത്വ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആധുനിക മാധ്യമങ്ങളുടെ ഗുണാത്മക ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ദോഷഫലങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഇടവക, ഭദ്രാസന - സഭാതലങ്ങളിൽ ബോധവൽക്കരണം നടത്തുകയാണ് ഈ സന്തുലിത മാധ്യമ സാക്ഷരത പദ്ധതിയുടെ ലക്ഷ്യമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. ഫാ. സി. ജോൺ ചിറത്തലാട്ട്, ഫാ. തോമസ് വർഗ്ഗീസ് കാവുങ്കൽ, ഫാ. പി. എ. ഫിലിപ്പ്, ഫാ. തോമസ് ജോർജ്ജ്, ഫാ. ഒ. എസ്. കുര്യാക്കോസ്, ഫാ. ആൻഡ്രൂസ് ജോസഫ്, ഏകെ. ജോസഫ്, പ്രൊഫ. പി. സി. ഏലിയാസ്, ജോസഫ് അലക്സാണ്ടർ എന്നിവർ ചർച്ചകൾ നയിച്ചു.

മട്ടാഞ്ചേരി
കൂനൻകുരിശു തീർത്ഥാടന കേന്ദ്രം

മലങ്കര സഭയുടെ അഭിമാനമായി വളർന്നുവന്നുകൊണ്ടിരിക്കുന്ന മട്ടാഞ്ചേരി കൂനൻകുരിശു തീർത്ഥാടനകേന്ദ്രത്തിൽ, പ്രാർത്ഥന, ആരാധന ഇവ മുടങ്ങാതെ നടത്തുക, പള്ളിയും പള്ളിക്കെട്ടിടങ്ങളും പരിസരവും വൃത്തിയായി സൂക്ഷിക്കുക, തുടങ്ങിയ ജോലികൾ കൃത്യമായി ചെയ്യുന്നതിന് **പള്ളിമൂപ്പൻ, ശുശ്രൂഷകൻ** എന്നിവരെ ആവശ്യമുണ്ട്.

താമസസൗകര്യം, ന്യായമായ ശമ്പളം,
മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാണ്.

വിശദവിവരവും 2 ഫോട്ടോയും ഇടവക വികാരിയുടെ ശുപാർശ
കത്തുസഹിതം കാതോലിക്കേറ്റ് ഓഫീസുമായോ
മലങ്കര സഭാ ഓഫീസുമായോ നേരിട്ട് ബന്ധപ്പെടുക.

ശുശ്രൂഷകനെ ആവശ്യമുണ്ട്

ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലേക്ക് ശുശ്രൂഷകനെയും കെയർ ടേക്കറെയും ആവശ്യമുണ്ട്. മുൻ പരിചയവും ഇടവക വികാരിയുടെ ശുപാർശയുമായി 2015 മാർച്ച് 31-ാം തീയതിക്കു മുമ്പായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി,
ആറാട്ടുപുഴ, ചെങ്ങന്നൂർ - 689 123,
ഫോൺ : 9447057240, 9745045244

41-ാം ചരമദിനം, 7-03-2015

*"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ
നിൻ വലഭാഗത്തിൽ"*

KALLARACKAL KURIAKOSE (77)
St. Mary's Church Ambayathode
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

90-ാം വയസ്സിലേക്ക്

JOHN VARGHESE
OTTELIL, MAVELIKARA



With Prayers & Best Wishes From

Babu, Kumar, Tinku, Joyee & Charlie
Sunil, Beena, Lissa, Nisha
Relatives & Friends

P.C. Babychen *(Prop.)*
Pulimoottil

Mob : 9497748554
9995217132

PULIMOOTTIL METAL & VESSELS
Palace View
Changancherry - 686 101

Sales and Service : All Kinds of Church Goods

വിജയികൾ

സൺഡേസ്കൂൾ 12 -ാം ക്ലാസ്സ് പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ സന്ദ്രാ മേരി ഓഫർ. ഫാ തോമസ് കുന്നുംപുറത്തിന്റെ പുത്രിയും മീനടം സെ. മേരീസ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനിയുമാണ്.

സൺഡേസ്ക്കൂൾ സെൻട്രൽ സോൺ സബ് ജൂണിയർ വിഭാഗം സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി മേബിൾ സൂസൻ ജോർജ്. ദേവലോകം കാതോലിക്കേറ്റ് സൺഡേസ്ക്കൂൾ വിദ്യാർത്ഥിനി.

സൺഡേസ്ക്കൂൾ നോർത്ത് സോൺ സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ശില്പ ജോർജ്. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ പെരിയാമ്പ്ര സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം.

സൺഡേസ്ക്കൂൾ സോണൽ സീനിയർ പ്രസംഗ മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ച നവ്യാ ബീനാ മാത്യു. പന്തളം അറത്തിൽ സെന്റ് ജോർജ് മഹാ ഇടവകാംഗം.



സൺഡേസ്ക്കൂൾ സോണൽ സീനിയർ വാക്യ മത്സരത്തിലും പൊതുവിജ്ഞാനത്തിലും ഒന്നാം സ്ഥാനം നേടിയ എഫ്രേം ജോസഫ്.

സൺഡേസ്ക്കൂൾ നോർത്ത് സോൺ ഹയർസെക്കണ്ടറി വാക്യ മത്സരത്തിലും പൊതു വിജ്ഞാനത്തിലും ഒന്നാം സ്ഥാനം നേടിയ ഏഞ്ചൽ മരിയ ജോസഫ്. ഇരുവരും തൃശൂർ ചെമ്പുക്കാവ് സെ. തോമസ് ഓർത്തഡോക്സ് ഇടവകാംഗങ്ങളാണ്.

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

സമ്യഗ് ദർശനം

നാം വേലി കെട്ടിയ ഒരു പൂന്തോട്ടത്തിലേക്ക് പോവുകയാണ് വേലിയിട്ടത് കൊണ്ട് ബാഹ്യമായ ഒരു സ്പർശവും അതിൽ കടക്കാതിരിക്കുക എന്നതാണ് തോട്ടക്കാരന്റെ ലക്ഷ്യം അതിൽ മുളയ്ക്കുന്ന ഓരോ ചെടി നാമ്പിൽ നിന്നും പുതു പുഷ്പങ്ങൾ ഉണ്ടാവണമെന്ന് അയാൾ ആഗ്രഹിക്കുന്നു. എന്നാൽ ക്രമീകൃതമായി സൃഷ്ടിക്കപ്പെട്ട പൂന്തോട്ടത്തിൽ കുറച്ച് ഭാഗം മാത്രം പുഷ്പങ്ങൾ ഉള്ള ചെടികൾ നിൽക്കുകയാണ് ബാക്കി ഭാഗം കാട് കയറി നിറഞ്ഞിരിക്കുന്നു. ഒരു വൈരുദ്ധ്യമുള്ളത് ചെടി അനിയന്ത്രിതമായി വളർന്ന് കാടിനെ കീഴ്പ്പെടുത്തുകയില്ല കാട് അനിയന്ത്രിതമായി വളർന്ന് ചെടികളെയും പുഷ്പങ്ങളെയും ഇല്ലാതാക്കും. പൂന്തോട്ടം അങ്ങനെയൊരു ഭയത്തിൽ വീണ് പോവുകയും ചെയ്യുകയാണ്.

നാമും അങ്ങനെ ചില ഭയങ്ങളിൽ അകപ്പെടാറുണ്ട്. അല്പം ചില നന്മകൾ മാത്രമുണ്ട്. തിന്മകളുടെ വേലിയേറ്റം കൊണ്ട് നമ്മുടെ നന്മകൾ നഷ്ടപ്പെടുമോ.? വിശുദ്ധി അല്പം ഉണ്ട്. അശുദ്ധിയുടെ ഒരുപാടു വഴികളുണ്ട്. അശുദ്ധികൾ എല്ലാം കൂടി നമ്മുടെ വിശുദ്ധിയെ വിഴുങ്ങി കളയുമോ? മനുഷ്യൻ ആത്മീയമായി ഇങ്ങനെ സംഘർഷം അനുഭവിക്കുകയാണ്. നമ്മെ എല്ലാം വിഴുങ്ങിക്കളയുമെന്ന് ഭയപ്പെടുന്നു. തമ്പുരാൻ പറഞ്ഞിരിക്കുകയാണ്. "ഭയപ്പെടേണ്ടാ".

നാം മനസ്സിന്റെ ഒരു ഭാഗം വൃത്തിയായി പരിശീലിപ്പിച്ച് വച്ചിരിക്കുകയാണ്. അവിടെ അടുക്കും, ചിട്ടയും, ക്രമവും, വിശുദ്ധിയുമുണ്ട്. ബാക്കി ഭാഗം എതിർ ദിശയിലുമാണ്. രണ്ടും ഒരു മനസ്സിൽ തന്നെയുള്ളത് കൊണ്ട് ഒന്ന് ഒന്നിനെ ഭയപ്പാടോടെ നിരോധിച്ച് കൊണ്ടിരിക്കുന്നു. മറ്റെ ഭാഗം ഇതിനെ കീഴ്പ്പെടുത്താൻ പരിശ്രമിച്ച് കൊണ്ടിരിക്കുന്നു ആത്മീയതയിലും ധ്യാനത്തിലുമെല്ലാം ഇത് തന്നെയാണ് സംഭവിക്കുന്നത്.

നമ്മുടെ ഭക്തിയും ചിലപ്പോൾ അങ്ങനെയാണ് അതിന് നിഷ്ഠയുടെയും അനുഷ്ഠാനങ്ങളുടെയും വേലികളുണ്ട്. കൗദാശിക അനുഭവങ്ങളുടെ ചെടിയാകലും അതിന്റെ വളർച്ചയും പുഷ്പിക്കലും എല്ലാം ഉണ്ട്. ലൗകീകതയുടെ അതിപ്രസരം കാട് പോലെ ആത്മീയതയിലും സംക്രമിക്കുകയാണ്. പൂന്തോട്ടക്കാരൻ ഉള്ള തോട്ടമാണ് പൂർണ്ണതയിലേക്ക് വളരുക. നമ്മുടെ തോട്ടങ്ങളിലെ ചെടികൾ വാടിപ്പോകുന്നതും പുഷ്പങ്ങൾ വിരിയാത്തതുമെന്തേ? മുള്ളുകൾക്കിടയിലായിപ്പോയി എന്ന് വച്ച് ആത്മവിശ്വാസം നഷ്ടപ്പെട്ട് നാം തർന്ന് വീഴുന്നതെന്തേ? പുഷ്ടിയോടെ നിന്നിട്ടും കാലമാകട്ടെ എന്ന് വിചാരിച്ച് ഫലം കായ്ക്കാതെ മാലോകരെ കാണിക്കാൻ മാത്രം നാലുപാടേയ്ക്കും ശിഖരങ്ങൾ വീശി ലജ്ജയില്ലാതെ നിൽക്കുന്നതെന്തേ...? നാളത്തെ വെയിലേറ്റാൽ വാടിപ്പോകാനുള്ളതേയുള്ളൂ എന്ന് വിചാരമില്ലാതെ. ഇന്നിന്റെ നിൽപ്പ് കണ്ടില്ലേ എന്ന് ഭാവിച്ച്; തിരുത്തലുകൾക്ക് കാതോർക്കാൻ കഴിയാത്തതെന്തേ? നല്ല വള്ളികൾ നട്ടൊരു തോട്ടക്കാരൻ അയാളുടെ വേലി അത്ര ശക്തമായിരുന്നു. 'വരുവാനുള്ള ലോകത്തെ പ്രതീക്ഷയായി അയാൾ ഒരു ചക്കും കുഴിച്ചുനാട്ടി എന്നിട്ടുമെന്തേ നമ്മൾക്കുള്ളിൽ കാട്ടുവള്ളികൾ തഴയ്ക്കുന്നു...?

വേലിയുടെ അവസാനത്തെ കൊമ്പും പിഴുതെറിഞ്ഞ് വള്ളിയുടെ നാരായ വേരിന്റെ അവസാനത്തെ പൊടിപ്പ് പോലും ശേഷിപ്പിക്കാതെ ചിന്തിക്കളഞ്ഞ് സംഹാര താണ്ഡവം നടത്തുന്ന യജമാനന്റെ രൗദ്രഭാവം ഇന്നും നാമത്ര ഗണ്യമാക്കാത്തതെന്തേ?

> **"ക്ഷുദ്രം ചെയ്ത് മയക്കിയവന്റെ പേക്കിനാവുകൾക്ക് കുട പിടിച്ച് നടന്നിട്ട്, കുരിശിന്റെ പിൻവിളി കേൾക്കാത്ത പൊട്ടയണലിയെപോലെ...? ആത്മീയതയുടെ കള്ള നാണയങ്ങളായ നാം അവന്റെ വിലാവിലേക്ക് നടത്തിയ ഓരോ കുന്തമുന മുറിവുകളിൽ നിന്നും ഒഴുകിയ ചുടുരക്തവും നീരും നമ്മുടെ അന്ധകാരക്കടലുകളിലേക്ക് ഇന്നും ഇറ്റിച്ച് വീഴുമ്പോഴും അകക്കാഴ്ചകളുടെ തെളിനീരുറവ പിറക്കാത്തതെന്തേ?"**

E-mail: fr.thirumangalam@gmail.com

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി

പുന്നമൂട്, മാവേലിക്കര - സ്ഥാപിതം 1945

Phone : 04792300674, Web : www.kochuthirumeni.org, Email: kochuthirumeni1945@gmail.com

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള പ്രഥമ ദേവാലയം

സപ്തതി നിറവിൽ

സപ്തതിയോടനുബന്ധിച്ച് നടത്തുന്ന (ക്യാൻസർ-ഹൃദയ-കിഡ്നി രോഗികൾക്ക് വേണ്ടി) ചികിത്സാ ധനസഹായ വിതരണം ഒന്നാം ഘട്ടമായി 10 രോഗികൾക്ക് 2014 ഒക്ടോബർ 31 ന് ധനകാര്യമന്ത്രി ശ്രീ. കെ.എം.മാണിയും അഭി.ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തായും ചേർന്നും, രണ്ടാംഘട്ടം 2015 ജനുവരി 4 ന് 30 രോഗികൾക്ക് ആഭ്യന്തര മന്ത്രി ശ്രീ.രമേശ് ചെന്നിത്തലയും അഭി.എം.ഡി. യൂഹാനോൻ റമ്പാനും ചേർന്നും മൂന്നാംഘട്ടം 2015 ഫെബ്രുവരി 13 ന് ഇടവകയുടെ കീഴിലുള്ള എം.ജി.എം സ്ക്കൂളിന്റെ 38 ാം വാർഷികത്തോടനുബന്ധിച്ച് വേദിയിൽ 15 രോഗികൾക്ക് അഭി.ഡോ. യൂഹാനോൻ മാർ ദേവോദോറോസ് മെത്രാപ്പോലീത്തായും മജീഷ്യൻ സാമ്രാജും ചേർന്നും നൽകി. മൂന്ന് ഘട്ടങ്ങളിലായി 55 രോഗികൾക്ക് 10000 രൂപാ വീതമുള്ള ധനസഹായം വിതരണം ചെയ്യാൻ സാധിച്ചു.

കാതോലിക്കാ ദിനത്തോടനുബന്ധിച്ച് 2015 മാർച്ച് 22-ന് തീയതി ഞായറാഴ്ച വിശുദ്ധ കുർബ്ബാനയെ തുടർന്ന് അഭി.ഡോ.ജോഷ്വാമാർ നിക്കോദിമോസ് മെത്രാപ്പോലീത്തായുടെ മഹനീയ സാന്നിദ്ധ്യത്തിൽ നടത്തുന്ന ചടങ്ങിൽ 50 രോഗികൾക്ക് 10000 രൂപാ വീതം നൽകുന്നതായിരിക്കും. (ക്യാൻസർ-കിഡ്നി-ഹൃദയരോഗികൾ) **മാതൃഇടവകയിലേക്ക് ചീഫ് സെക്രട്ടറിയായി ചുമതലയേറ്റതിന് ശേഷം എത്തുന്ന ശ്രീ. ജിജി തോംസൺ I.A.S മുഖ്യാതിഥി ആയിരിക്കും.** അന്നേദിവസം ഒരു സൗജന്യ തയ്യൽപരിശീലനകേന്ദ്രവും ആരംഭിക്കുന്നതാണ്.

സമൂഹത്തിലുള്ള ക്യാൻസർ-ഹൃദയ-കിഡ്നി രോഗികൾക്ക് നൽകുന്ന ചികിത്സാ സഹായം ആവശ്യമുള്ള ഏറ്റവും അർഹരായ രോഗികൾ അവരുടെ അപേക്ഷയും രോഗവിവരത്തിന്റെ വിശദവിവരവും അവരുടെ താമസ സ്ഥലത്തെ പഞ്ചായത്ത്/മുനിസിപ്പൽ മെമ്പർമാരുടെയും ഇടവക വികാരയുടെയും ശുപാർശ കത്തുമായി അപേക്ഷിക്കേണ്ടതാണ്. ഓർത്തഡോക്സ് അംഗങ്ങളാത്തവർ സമീപത്തുള്ള ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശ കത്ത് അപേക്ഷയോടൊപ്പം നൽകണം.

- ക്യാൻസർ ചികിത്സാ സഹായ പദ്ധതി
- കിഡ്നി ഡയാലിസിസ് സഹായം
- ഹൃദ്രോഗ ചികിത്സാ സഹായ പദ്ധതി
- ഹൃദ്രോഗ ചികിത്സാ സഹായ പദ്ധതി
- അവയവദാന ബോധവൽക്കരണം
- ഏഴ് പെൺകുട്ടികളുടെ വിവാഹം
- 70 തയ്യൽ മെഷീൻ വിതരണം
- ഭവന നിർമ്മാണം
- സ്വയം തൊഴിൽ പരിശീലന പദ്ധതി
- മെഡിക്കൽ ക്യാമ്പുകൾ
- കാർഷിക പദ്ധതികൾ

റവ. ഫാ.ജോൺ എ. ജോൺ
(വികാരി), 9605945710

ഷാജി ഡാനിയേൽ
(ട്രസ്റ്റി) 9645664816

ടിനുജോയി
(സെക്രട്ടറി), 9847113398

ഡോ. ജോഷ്വ മാർ നിക്കോദിമോസ്

ജിജി തോംസൺ I.A.S. (മുഖ്യാതിഥി)

ആശംസകളോടെ,
M.G.M - ഇംഗ്ലീഷ് മീഡിയം സ്കൂൾ
പുന്നമൂട്, ഫോൺ: 0479 23006 74

9-ാം പേജിൽ നിന്നു തുടർച്ച...



ആഴ്ചയിൽ ഒരു ദിവസം പരുമല പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും കബറിങ്കൽ ധൂപം അർപ്പിക്കുകയും ചെയ്യുന്ന പതിവ് അദ്ദേഹം കൃത്യമായി പാലിച്ചു പോന്നു.

അടയാറിൽ ചികിത്സയിൽ കഴിയുമ്പോൾ അദ്ദേഹത്തിനാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ അതിന്റെ സമീപത്തു താമസിക്കുന്ന നമ്മുടെ സഭാംഗങ്ങളായ ചില കുടുംബക്കാർ സന്നദ്ധരായി. അവരെപ്പറ്റി അത്യന്തം സ്നേഹത്തോടും കൃതജ്ഞതയോടും അദ്ദേഹം അനുസ്മരിച്ചത് എനിക്കറിയാം. അടയാറിൽ ' ചെക്കപ്പിനു ' പോകുമ്പോൾ അവരെ സന്ദർശിക്കുകയും, സൗഹൃദം നിലനിർത്തുകയും ചെയ്തു. പ്രകടനപരമോ, പ്രദർശനപരമോ ആയിരുന്നില്ല അദ്ദേഹത്തിന്റെ സ്നേഹപ്രതികരണങ്ങൾ. പക്ഷേ ആ വാക്കിലും, നോക്കിലും, പെരുമാറ്റത്തിലുമെല്ലാം സ്നേഹവും, നന്ദിയും, കരുതലുമെല്ലാം നിറഞ്ഞു നിൽക്കുന്നതായി അനുഭവപ്പെടും. അദ്ദേഹത്തിന്റെ സൗഹൃദത്തെപ്പറ്റിയും വ്യക്തിബന്ധങ്ങളെപ്പറ്റിയും പ്രത്യേകം പ്രതിപാദിക്കേണ്ട വിഷയമാണ്.

മദ്രാസിലെ ചികിത്സയ്ക്കുശേഷം സെമിനാരിയിലെ സോഫിയാസെന്ററിൽ താമസിക്കുന്ന രംഗം എന്റെ ഓർമ്മയിൽ വരുന്നു. കീമോത്തെറാപ്പിയുടെ ഫലമായി മുടിയും താടിമീശയുമെല്ലാം കൊഴിഞ്ഞു. മൊട്ടയിൽ നിന്നു വിരിഞ്ഞ കോഴിക്കുഞ്ഞിനെപ്പോലെ കാണപ്പെട്ട ആ ചിത്രം ദൈന്യത ഉളവാക്കുന്നതായിരുന്നു. സെമിനാരി കുടുംബം എപ്പോഴും ഏതു സഹായവും ചെയ്തുകൊടുക്കാൻ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കാൻസറിൽ നിന്നു പൂർണ്ണമായ മുക്തിനേടിയ വ്യക്തി എന്ന നിലയിൽ അദ്ദേഹം സമൂഹത്തിൽ കൂടുതൽ ശ്രദ്ധേയനായിത്തീർന്നു. പ്രത്യേകിച്ച് കാൻസർ രോഗികൾക്ക് അദ്ദേഹത്തെ കാണുന്നതും, കേൾക്കുന്നതും അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ ശരണപ്പെടുന്നതും ആശ്വാസം പകരുന്ന അനുഭവമായി. തങ്ങളുടെ അനുഭവത്തിൽ കൂടി കടന്നുപോയി അനുഗ്രഹകരമായി രോഗത്തെ തരണം ചെയ്ത വ്യക്തികളുടെ വാക്കുകളും സാന്ത്വനങ്ങളും അത്യന്തം ഹൃദ്യമായി അനുഭവപ്പെടും. കാൻസർ ബാധിച്ചു എന്ന അറിവുണ്ടായ പലരും എന്നെ സമീപിച്ചിട്ടുള്ളതു ഞാനോർക്കുന്നു. കൂടുതൽ ധൈര്യത്തോടും ആത്മവിശ്വാസത്തോടും മടങ്ങിപ്പോകാൻ ആ കൂടിക്കാഴ്ച സഹായകമായിട്ടുണ്ട്.

സഭയിൽ എപ്പിസ്ക്കോപ്പൽ സ്ഥാനാർത്ഥികളെ നിർണ്ണയിക്കുന്നതിനും തിരഞ്ഞെടുക്കുന്നതിനുമുള്ള അവസരമുണ്ടായപ്പോൾ ഫാദർ. കെ. ജി. ജോർജ്ജ് പരിഗണിക്കപ്പെട്ടു. കാൻസർ രോഗബാധിതനായിരുന്നു എന്നത് ഒരു അയോഗ്യതയായി ആരും കരുതിയില്ല. ഫലം കായിക്കുന്ന മുന്തിരിച്ചില്ലകൾ അധികം ഫലം പുറപ്പെടുവിക്കുന്നതിനുവേണ്ടി ചെത്തിവെടിപ്പാക്കുന്നു എന്നതു പോലെ ചിലർക്കു രോഗങ്ങൾ അപ്രകാരമുള്ള ഒരു പ്രക്രിയ ആയി അനുഭവപ്പെടാം. ഏതായാലും നമ്മുടെ ഫാ. കെ. ജി. ജോർജിന്റെ അനുഭവം അവ്വിധമായിരുന്നു. പ്രാർത്ഥനയിലും ജാഗരണത്തിലും, നോമ്പിലും, ഉപവാസത്തിലും കൂടുതൽ ജാഗ്രതയുള്ളവനാക്കിത്തീർക്കുകയായിരുന്നു. അതാണ് അദ്ദേഹത്തെ എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് ഉയർത്തുവാൻ കാരണമായത്. ശ്രോതാക്കളെ കോരിത്തരിപ്പിക്കുന്ന വചോവിലാസമോ, കർണ്ണപീയൂഷം ചൊരിയുന്ന ആലാപനമാധുര്യമോ, ഒന്നും അദ്ദേഹത്തിനു കൈമുതലായിട്ടില്ലായിരുന്നു. എക്യുമെനിക്കൽ രംഗത്തെ പ്രവർത്തന നേട്ടങ്ങളും അവകാശപ്പെടാനില്ല. വേദശാസ്ത്രരചനകൾ കൊണ്ട് ജനസ്വാധീനം വരുത്തിയിട്ടുമില്ല. ഏതെങ്കിലും പൈതൃകത്തിന്റെ പിൻബലവും സഹായത്തിനില്ല.

അദ്ദേഹത്തിനവകാശപ്പെട്ടത്, രോഗത്തിന്റെ അഗ്നിശോധനയിൽ സ്ഫുടം ചെയ്യപ്പെട്ട ഒരു വ്യക്തിത്വം; നോമ്പ്, ഉപവാസം, ജാഗരണം, എന്നിവയിൽ കൂടി രൂപപ്പെടുത്തിയ ആദ്ധ്യാത്മികത; പിതാക്കൻമാരുടെ കൃതികൾ പാരായണം ചെയ്തും തിരുവചനം വായിച്ചും ധ്യാനിച്ചും ലഭിച്ച ആത്മിക വിജ്ഞാനം, ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞ സഹാനുഭൂതി എന്നിവയൊക്കെ ആയിരുന്നു. അങ്ങനെ അദ്ദേഹം മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടപ്പോൾ കോട്ടയം ഭദ്രാസനത്തിന്റെ സാരഥ്യത്തിൽ അവരോധിക്കപ്പെട്ടത് ദൈവനിയോഗം ഒന്നു കൊണ്ടു മാത്രം. അതുവഴി അദ്ദേഹം പാമ്പാടിത്തിരുമേനിയുടെ യഥാർത്ഥ പിൻഗാമിത്വത്തിലേക്കു വരികയായിരുന്നു. തപോധനനും, പ്രാർത്ഥനാനിരതനും ഔദാര്യത്തിന്റെ മൂർത്തീഭാവവുമായിരുന്ന പാമ്പാടി തിരുമേനിയുടെ പാതയിൽ തന്നെ പാദം വച്ചാണ് ഭദ്രാസനച്ചുമതല ഏറ്റെടുത്തത്. ഏലിയായുടെ പുതപ്പ് ഏലിശായുടെ മേൽ വീണ പ്രതീതിയാണ് മാർ ഈവാനിയോസ്(മെത്രാപ്പോലീത്താ ആയപ്പോൾ സ്വീകരിച്ച നാമം) തന്റെ ശുശ്രൂഷയിൽ കൂടി വെളിപ്പെടുത്തിയത്. പാമ്പാടിത്തിരരുമേനിയെ വ്യതിരിക്തനാക്കിയത് അദ്ദേഹത്തിന്റെ പ്രാർത്ഥനാനിരതമായ ജീവിതം, അനാഡംബരവും ലാളിത്യവും നിറഞ്ഞ ജീവിതശൈലി, എല്ലാമനുഷ്യരിലേക്കും വഴിഞ്ഞൊഴുകുന്ന സ്നേഹവായ്പ്, പക്ഷിമൃഗാദികളോടും സസ്യലതാദികളോടുമുള്ള മമത ഇവയൊക്കെ പിൻഗാമിയായ നമ്മുടെ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയിലും അളവറ്റവിധം പ്രകടമായത് അത്ഭുതമെന്നേ വിശേഷിപ്പിക്കാനാവൂ. ■

Form IV
Malankara Sabha

Place of Publication	: Kottayam
Periodicity	: Monthly
Printer	: Fr. Deepu Philip
Whether Citizen of India	: Yes
Address	: Catholicate Aramana, Kottayam
Publisher	: Fr. Deepu Philip
Address	: Item No.5
Editor	: Fr. John Thomas Karingattil
Whether Citizen of India	: Yes
Address	: P.O. Box 98, Kottayam-1
Name&Address of the owner	: Orthodox Viswasa Paripalana Samithy Devalokam, Kottayam-04

I, Fr. Deepu Philip here by declare that the particulars given above are true to the best of my knowledge and belief.

10.03.2015 Fr. Deepu Philip

സ്നേഹദീപം

(സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ - SGOC)

ധനസഹായ അപേക്ഷാ ഫോറം

ഏതു തരത്തിലുള്ള സഹായത്തിനു അപേക്ഷിക്കുന്നു...

പേര്... വയസ്.................. തൊഴിൽ .... മേൽവിലാസം...

.... പിൻകോഡ്.......................... ഫോൺനമ്പർ...........................

ഭൂസ്വത്ത് വിവരം ....

ബാങ്ക് അക്കൗണ്ടിലെ പേര് ....ബ്രാഞ്ച്...

അക്കൗണ്ട് നമ്പർ..ഐ.എഫ്.സി കോഡ് ....

ഇടവക .... ഭദ്രാസനം ....

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തങ്ങളില് പങ്കെടുക്കുന്ന വിവരം ....

ഇതിനു മുൻപ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ?..സഹായം ലഭിച്ചിട്ടിട്ടുണ്ടോ?...

ഉണ്ടെങ്കിൽ വർഷം .... എന്താവശ്യത്തിനു .... ലഭിച്ചതുക ....

കുടുംബാംഗങ്ങളുടെ/ ആശ്രിതരുടെ പൂർണ വിവരം.

പേര്	അപേക്ഷകനുമായുള്ള ബന്ധം	വയസ്സ്	തൊഴിൽ	പ്രതിമാസ വരുമാനം

പരിഗണനാർഹമായ മറ്റുപരാതികൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

അപേക്ഷകന്റെ ഒപ്പ് .... സ്ഥലം/തീയതി ....

എല്ലാ അപേക്ഷയോടുമൊപ്പം ഇടവക വികാരിയുടെ ഒപ്പും, സീലും, പേരും, പൂർണമേൽവിലാസവും, പള്ളിയുടെ ലെറ്റർ പാഡിൽ സീലും ഉണ്ടായിരിക്കണം.

അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

- ചികിത്സാ സഹായത്തിനു മൂന്നു മാസത്തിനുള്ളിൽ നല്കിയിട്ടുള്ള മെഡിക്കല് സര്ട്ടിഫിക്കേറ്റ് ഉണ്ടായിരിക്കണം. മാരകരോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നല്കുന്നു.
- വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരക രോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മീയ സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നല്കുന്നതായിരിക്കും.
- വിദ്യാഭ്യാസ സഹായത്തിനു അവസാനവർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റും, ഇപ്പോഴത്തെ കോഴ്സ് സർറ്റിഫിക്കേറ്റും പഠനത്തിൽ സമർത്ഥനാണെന്നുള്ള വികാരിയുടെ ശുപാർശ കത്തും ഉണ്ടായിരിക്കേണം.
- ഭവനിർമ്മാണ സഹായത്തിനും, ജീവസന്ധാരണത്തിനും വികാരിയുടെ ശുപാർശ കത്തിൽ കമ്മറ്റിക്കാരുടെയും പേരും ഒപ്പും, കമ്മറ്റിയുടെ പൂർണ ഉത്തരവാദിത്വത്തിൽ പണി പൂര്ത്തികരിച്ചു കൊള്ളാമെന്നുള്ള ഉറപ്പും ഉണ്ടായിരിക്കണം.
- ചികിത്സാ സഹായമൊഴികെ മറ്റു സഹായങ്ങൾക്ക് ഓർത്തഡോക്സ് സഭാ വിശ്വാസികൾ അല്ലാത്തവർ അപേക്ഷിക്കാൻ പാടില്ല. കൂടുതൽ പരിഗണാനാർഹമായവ മാത്രം തെരെഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണു.
- നിർധനയായ ഒരു പെൺകുട്ടിയുടെ വിവാഹം നടത്തി കൊടുക്കാനുള്ള അപേക്ഷ വികാരിയുടെയും, കമ്മറ്റിക്കാരുടെയും പേരും ഒപ്പും സഹിതമുള്ള ശുപാർശയോടു കൂടി അയയ്ക്കുക. കമ്മറ്റിയുടെ പൂർണ ഉത്തരവാദിത്വത്തിൽ വിവാഹം നടത്തി കൊള്ളാം എന്ന ഉറപ്പ് ശുപാർശ കത്തിൽ രേഖപ്പെടുത്തണം.
- മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണമായും സത്യസന്ധമായും നിർബന്ധമായും എഴുതി വേണ്ട രേഖകളും ശുപാർശയും സഹിതം സാധാരണ തപാലിൽ **Office Coordinator, SGOC, Basil Jubilee Center, Bethany Aramana, Thiruvalla, Kerala- 689 101** എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണമേൽവിലാസവും, പിൻകോഡും, ബാങ്ക് അക്കൌണ്ട് വിവരങ്ങളും എഴുതുവാൻ മറക്കരുത്. രേഖകൾ ഇല്ലാത്തതും അപൂർണവുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.



പുസ്തകശാല

വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ്

ഇസഡ് എം. പാറേട്ട്



പ. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ ജീവചരിത്രവും ആ കാലഘട്ടവും (1908-1934) സമഗ്രമായി പ്രതിപാദിക്കുന്നു. 1965-ലെ ഈ കൃതി ഡോ. എം. കുര്യൻ തോമസ് ജനറൽ എഡിറ്ററായി പഠനത്തോടെ പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നു. എം.ഒ.സി., ദേവലോകം, പേജ്. 576, വില. 300

മൂന്നു പരദേശ യാത്രകൾ

ഡോ. എം. കുര്യൻ തോമസ്



കുറിച്ചി ബാവാ എന്നറിയപ്പെടുന്ന പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അന്തർദേശീയ സഭാ ബന്ധം വിശദീകരിക്കുന്ന മൂന്നു പരദേശ യാത്രകൾ. ഇതിലെ 'യറുശലേം യാത്രകൾ' മലയാളത്തിൽ കത്തുകളുടെ രൂപത്തിൽ ലഭ്യമാകുന്ന ആദ്യത്തെ യാത്രാവിവരണമാണ്. അവതാരിക: ഫാ. ഡോ. കെ.എം. ജോർജ്, എം.ഒ.സി., സോപാന, കോട്ടയം-4, പേജ് 328, വില 200.

കെ. കെ. ജോൺ.. ഗുരുശ്രേഷ്ഠൻ

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ, കെ. വി. മാമ്മൻ



ആദർശനിഷ്ഠരും നിസ്വാർത്ഥമതികളും വിനയത്തോടും പക്വതയോടും വസ്തുനിഷ്ഠമായും സാഹചര്യങ്ങളെ വിലയിരുത്തുന്നവരുമായ നേതാക്കൾ അപൂർവ്വമായിരിക്കുമ്പോൾ കുറിച്ചി കോലത്തുകളത്തിൽ കെ. കെ. ജോണിന്റെ വ്യക്തിത്വം മാതൃകാപരം. അവതാരിക: ഫാ.ഡോ.കെ.എം.ജോർജ്, പേജ്. 208

കയ്യൊപ്പുകൾ...

പ്രൊഫ. കെ.കെ. ഏബ്രഹാം



'ചർച്ച് വീക്കിലി'യിൽ എഴുതിയ പത്രാധിപക്കുറിപ്പുകളുടെ സമാഹാരവും ഓർമ്മക്കുറിപ്പുകളും. മതം, രാഷ്ട്രം, ചരിത്രം, വിദ്യാഭ്യാസം, പൊതുസമൂഹം എന്നിങ്ങനെ സംസ്കാര സംബന്ധിയായ വിഷയങ്ങളുടെ സമാഹരണം. അവതാരിക: ഫാ. ഡോ. കെ.എം. ജോർജ് പേജ്, 196, വില 150 രൂപ.

വൈദിക ചരമം

മാവേലിക്കര ഭദ്രാസനത്തിലെ പത്തിച്ചിറ സെന്റ് ജോൺസ് ഇടവക വികാരി ചേപ്പാട് വടക്കടത്ത് ഫാ. രാജു വർഗീസ് നിര്യാതനായി (54). ഹരിപ്പാട് സെന്റ് തോമസ് ഓർത്തഡോക്സ് മിഷൻ സെന്റർ വൈസ് പ്രസിഡന്റായിരുന്നു. സഹധർമ്മിണി: സൂസമ്മ രാജു, മക്കൾ: ഷെറിൻ, മെറിൻ.

സത്യം ക്രൂശിക്കപ്പെടുന്നു...

11-ാം പേജിൽ നിന്നു തുടർച്ച...

യിക്കാൻ കഴിയാതെ പോകുന്നവരെ ഓർത്ത് വിലാപകാവ്യങ്ങളല്ലാതെ മറ്റൊന്നുമില്ല ബാക്കി.

4. മാധ്യമങ്ങളുട കൗശലം (Media Manipulation)

"പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്തു. അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്ന് ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടുപോയി എന്നുപറയുവിൻ" (മത്തായി 28:13).

വളച്ചൊടിക്കപ്പെട്ട വാർത്തകൾ എന്നും സത്യത്തെ ക്രൂശിക്കാറുണ്ട്. ഉത്ഥാനത്തിന്റെ പരമമായ യാഥാർത്ഥ്യത്തെ വികലമായ വാർത്തകൾ കൊണ്ട് ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇവിടെ വ്യക്തമാക്കുന്നത്. അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന സുവാർത്തയെ തെറ്റായ വാർത്തകൾകൊണ്ട് ദിശ തെറ്റിക്കുന്ന അധികാരതന്ത്രം ക്രിസ്തുവിന്റെ പീഠാനുഭവത്തിൽ ശക്തമാണ്. വി. മത്തായി 28:15ൽ നാം വായിക്കുന്നു "ഈ കഥ ഇന്നുവരെ യഹൂദന്മാരുടെ ഇടയിൽ പരക്കെ നടപ്പായിരിക്കുന്നു" എന്ന്. കോട്ടിവളയ്ക്കപ്പെട്ട ഇത്തരം വാർത്തകൾക്ക് ഉത്തരം എന്നനിലയിൽ ആകണം നമ്മുടെ ആരാധനാക്രമത്തിൽ അവൻ വാസ്തവമായും കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു എന്ന വിശ്വാസപ്രഖ്യാപനം ഉണ്ടായത്. പുനരുത്ഥാനം ഒരു തോന്നലോ കളവോ അല്ലായെന്നും അത് ഒരു ചരിത്രയാഥാർത്ഥ്യമാണെന്നുമുള്ള വിശ്വാസ പ്രഖ്യാപനമാണ് ഉയിർപ്പിന്റെ ശുശ്രൂഷയിലൂടെ നിർവ്വഹിക്കുന്നത്. വാർത്തകളിലെ വസ്തുതകളെക്കാളേറെ വാർത്തകളിലെ എരിവും പുളിയും ആസ്വദിക്കുന്ന സമൂഹത്തിന് എന്നും സത്യം ഒരു മരീചികയാണ്. സത്യം എന്നപേരിൽ അവതരിപ്പിക്കപ്പെടുന്ന ഒരുപിടി കെട്ടുകഥകളുടെ നടുവിൽ ചിലപ്പോഴെങ്കിലും ആ വിലാപമുണ്ട് എന്താണ് സത്യമെന്ന്.

ന്യായധിപന്മാരും ഭരണാധികാരികളും സത്യം മുമ്പിൽ നിൽക്കെ സത്യമെന്താണ് എന്നുചോദിച്ചാൽ വീണ്ടും കാൽവറികൾ ഒരുക്കേണ്ടിവരും. ക്രിസ്തു ഒരിക്കലായി കാൽവറിയിൽ മരിച്ചു. വീണ്ടും നമ്മുടെ ഹൃദയങ്ങളിൽ മരിച്ച് കൊണ്ടിരിക്കുന്നു. ക്രിസ്തു ഒരിക്കലായി യൗസേപ്പിന്റെ കല്ലറയിൽ നിന്ന് ഉത്ഥാനം ചെയ്തു. വീണ്ടും ഉത്ഥാനം ചെയ്യേണ്ടത് നമ്മുടെ ഹൃദയങ്ങളിലാണ്. മുമ്പിൽ നിൽക്കുന്ന സത്യത്തെ കൈനീട്ടി തൊടാൻ കഴിയാത്തവരോട് എന്താണ് സത്യമെന്ന് വിശദീകരിക്കുവാൻ ക്രിസ്തു തയ്യാറാകുന്നില്ല. അവിടെയാണ് ക്രിസ്തുവിന്റെ സുദീർഘമായ മൗനം പിറക്കുന്നത്. ഒരു കൈപ്പാടകലെ സത്യം നിൽക്കുമ്പോൾ സത്യം എന്തെന്ന് വിലപിക്കുന്നവരോട് നിശ്ശബ്ദത അല്ലാതെ പിന്നെയെന്താണ് ഉത്തരം. ക്രിസ്തു നമ്മെ പഠിപ്പിച്ചത് ഓർക്കുക "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. പണവും നിയമങ്ങളും ജനശക്തിയും മാധ്യമങ്ങളും സത്യത്തിനുനേരെ നിരന്തരം കണ്ണടച്ചാലും പരമമായ സത്യം ഉയിർത്തെഴുന്നേൽക്കുകതന്നെ ചെയ്യും എന്നത് നമ്മുടെ പ്രതീക്ഷകൾക്ക് നിറവും ചാരുതയും പകരുന്നു. അതാണ് ഈസ്റ്ററിന് പങ്കുവയെക്കുവാനുള്ള സുവാർത്ത. ■

ഐക്യമത്യത്തോടെ മുന്നേറുക : പരിശുദ്ധ ബാവാ

കോട്ടയം: ദൈവത്തിൽ ആശ്രയിച്ച് ഐക്യമത്യത്തോടെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി പ്രവർത്തിച്ച് മുന്നേറണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു പരിശുദ്ധ ബാവാ. ഫെബ്രുവരി 23-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആരംഭിച്ച യോഗം 27-ന് സമാപിച്ചു.

സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ. എബ്രഹാം മാർ സെറാഫിം (ബാംഗ്ലൂർ ഭദ്രാസനം), ഡോ. ഗീവർഗീസ് മാർ യൂലിയോസ് (അഹമ്മദാബാദ്), കുര്യാക്കോസ് മാർ ക്ലിമ്മീസ് (തുമ്പമൺ), ഡോ. ജോഷ്വാ മാർ നിക്കോദിമോസ് (നിലയ്ക്കൽ), ഡോ. യാക്കോബ് മാർ ഏലിയാസ് (ബ്രഹ്മവാർ) എന്നിവർ ധ്യാനം നയിച്ചു.

ഡോ. സഖറിയാസ് മാർ അപ്രേം അവതരിപ്പിച്ച വനിതാ സമാജം ഭരണഘടനയും വൈദികർക്കായുള്ള സാമ്പത്തീക സഹായപദ്ധതിയുടെ നിയമാവലിയും, ഫാ. അശ്വിൻ ഫെർണ്ണാണ്ടസ് അവതരിപ്പിച്ച എക്യുമനിക്കൽ റിലേഷൻസ് വകുപ്പ് റിപ്പോർട്ടും യോഗം അംഗീകരിച്ചു. ഈജിപ്റ്റ്, സിറിയ, ഇറാഖ് തുടങ്ങിയ രാജ്യങ്ങളിൽ മതതീവ്രവാദികൾ നടത്തുന്ന മനുഷ്യക്കുരുതിയിൽ യോഗം ആശങ്ക അറിയിച്ചു.

കേരള സംസ്ഥാന ചീഫ് സെക്രട്ടറി ജിജി തോംസൺ ഐ. എ. എസ്, ആൾ ഇന്ത്യ കൗൺസിൽ ഓഫ് ക്രിസ്ത്യൻ വിമൻ പ്രസിഡന്റ് ഡോ. സാറാമ്മ വർഗ്ഗീസ് എന്നിവരെ അനുമോദിച്ചു.

കോട്ടയം വൈദിക സെമിനാരിയുടെയും നാഗ്പൂർ സെമിനാരിയുടെയും വൈസ്പ്രസിഡണ്ടുമാരായി ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നിവരെ നിയമിക്കാനും ഫാ. ഡോ. ജേക്കബ് കുര്യൻ കാലാവധി പൂർത്തിയാക്കുന്ന ഒഴിവിലേക്ക് ഫാ. ഡോ. ഒ. തോമസിനെ കോട്ടയം പഴയ സെമിനാരി പ്രിൻസിപ്പലായി നിയമിക്കാനും സുന്നഹദോസ് തീരുമാനിച്ചു.

മഹാത്മാക്കളെ പഴിക്കരുത്

കോട്ടയം:- മഹാത്മാഗാന്ധി, മദർ തെരേസ തുടങ്ങിയ മഹാത്മാക്കളെ നിന്ദിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന പ്രവണത അപലപനീയമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. സമൂഹത്തിൽ തിരസ്കൃതരും നിസഹായരുമായവർക്ക് നിസ്വാർത്ഥ സേവനമനുഷ്ഠിച്ച് മഹത്തായ മാതൃകകാട്ടിയവരെ അനാവശ്യ വിവാദങ്ങൾ സൃഷ്ടിച്ച് സമൂഹത്തിൽ അസ്വസ്ഥത പരത്താൻ ശ്രമിക്കുന്നത് അനാരോഗ്യകരമായ നടപടിയാണെന്നും ആദരിക്കേണ്ടവരെ അപകീർത്തി പ്പെടുത്തുന്നതു വഴി അടുത്ത തലമുറയ്ക്ക് തെറ്റായ സന്ദേശമാണ് നൽകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

- പ്രൊഫ. പി.സി. ഏലിയാസ്
(പി.ആർ.ഒ.)

സൈബർ ഫാസ്റ്റ്

മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവശാക്തീകരണ വിഭാഗം ഈ വർഷം നടപ്പിലാക്കുന്ന നേർവഴി എന്ന സന്തുലിത മാധ്യമ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ഏപ്രിൽ 3 വെള്ളിയാഴ്ച (ദുഃഖവെള്ളി) സൈബർ ഫാസ്റ്റ് ആചരിക്കുന്നതാണ്. മത്സ്യ-മാംസാദികൾ വർജ്ജിച്ചും ഉപവസിച്ചും പ്രാർത്ഥിച്ചും പരമ്പരാഗതമായി നോമ്പ് ആചരിക്കുന്നതിനോടൊപ്പം പ്രതീകാത്മകമായി ഒരു ദിവസം ടി. വി, കമ്പ്യൂട്ടർ, ഇന്റർ നെറ്റ്, മൊബൈൽ ഫോൺ, ഫെയ്സ്ബുക്ക്, വാട്ട്സ് ആപ്പ്, ടിറ്റർ, ലിങ്ക്ഡ്ഇൻ തുടങ്ങിയവയിൽ നിന്ന് ഡിസ്കണക്റ്റഡ് (ബന്ധം വിച്ഛേദിച്ച്) ആയി സൈബർ ഫാസ്റ്റ് ആചരിക്കുന്നതിനാണ് ആഹ്വാനം. ആധുനിക മാധ്യമങ്ങളോടുള്ള അമിത ആശ്രയ ലഹരിയിൽ നിന്ന് വിടുതൽ പ്രാപിക്കുന്നതിനും മീഡിയായുടെ ദോഷ ഫലങ്ങൾ ഒഴിവാക്കി ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തി സന്തുലിത മാധ്യമസാക്ഷരത കൈവരിക്കുന്നതിന് സഹായകരമായ ബോധവൽക്കരണത്തിന്റെ ഭാഗമായി ഇടവക-ഭദ്രാസന-സഭാ തലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

സുവർണ്ണജൂബിലി ആഘോഷ പരിപാടികൾ മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി നിർവഹിക്കുന്നു.

ചരിത്രസെമിനാറും, പുരാവസ്തു പ്രദർശനവും സാംസ്കാരിക വകുപ്പു മന്ത്രി ശ്രീ. കെ. സി. ജോസഫ് നിർവ്വഹിക്കുന്നു



Proposed Jubilee Block

Proposed College Gate

Proposed Amphi Theatre

Proposed College Higher Secondary School Building

Executed Aramana Cross Tower & Gate

H. H. Baselios Marthoma Poulose II
Educational Agency

H.G Abraham Mar Epiphanios Metropolitan
Manager

CA George Mathai Nooranal
Secretary, Governing Board

Prof. Premji Issac
Principal

St. John's Orthodox Church

Orangeburg, NewYork, USA

ഇടവകയുടെ ആശംസകൾ...

മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മർത്ത മറിയം സമാജം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ തുടർച്ചയായി മൂന്നാം വർഷവും കിരീടം നേടി എവറോളിംഗ് ട്രോഫി സ്വന്തമാക്കിയ ന്യൂയോർക്ക് ഓറഞ്ചുബർഗ് സെ. ജോൺസ് ടീം ഡോ. സ്മിത സൂസൻ വർഗീസ്. എലിസബത്ത് എബ്രഹാം, മറിയാമ്മ ജോർജ്, ഷീല ഗീവർഗീസ്, ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നായി അഞ്ഞൂറിൽപ്പരം സമാജാംഗങ്ങൾ മൽസരത്തിൽ പങ്കെടുത്തു.



നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്ക്കൂൾ മത്സരത്തിൽ 50-ഇടവകയിൽ നിന്നുള്ള ടീമുകളെ പിന്നിലാക്കി ബൈബിൾ ക്വിസ് കിരീടം നേടിയ ഓറഞ്ച്ബർഗ് സെന്റ് ജോൺസ് ടീം ആദർശ് പോൾ വർഗീസ്, ജസ്റ്റിൻ ജോർജ്, മറിയം അലക്സ്.



നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വൈദിക സംഘം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ.ഡോ. വർഗീസ് എം. ഡാനിയേൽ. കോന്നി സെ. ജോർജ് മഹാ ഇടവക അംഗമായ ഇദ്ദേഹം വൈദിക സെമിനാരി പഠനത്തിനുശേഷം ബയോഎത്തിക്സിൽ യൂറോപ്യൻ ഫെലോഷിപ്പോടുകൂടി ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും മെൽബണിൽ നിന്ന് തിയോളജി & എത്തിക്സിൽ പി.എച്ച്.ഡി.യും യേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പോസ്റ്റ് ഡോക്ട്രൽ ഫെലോഷിപ്പും പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ന്യൂയോർക്കിലെ Fordham University-ൽ വിസിറ്റിംഗ് ഫെല്ലോ ആണ്. ബഹു. അച്ചനു ഇടവകയുടെ ആശംസകൾ.



നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്ക്കൂൾ മത്സരത്തിൽ പ്രസംഗം, ബൈബിൾ ക്വിസ്, ഉപന്യാസം എന്നിവയിൽ ഒന്നാം സ്ഥാനവും കേന്ദ്ര പരീക്ഷയിൽ രണ്ടാം സ്ഥാനവും നേടിയ ആദർശ് പോൾ വർഗീസ്, ഫാ.ഡോ. വർഗീസ് എം. ഡാനിയേലിന്റെയും ഡോ. സ്മിത സൂസൻ വർഗീസിന്റെയും മകൻ.

ആത്മീക വളർച്ചക്ക് പ്രാധാന്യം നൽകുന്നതിനെ ഇടവക മെത്രാപ്പോലീത്ത അഭി. സക്കറിയ മാർ നിക്കോളോവോസ് ശ്ലാഘിച്ചു. വികാരി റവ. ഡോ. വർഗീസ് എം. ഡാനിയേലിന്റെ പരിശീലനത്തിൽ ഒരു വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന ബൈബിൾ, വിശ്വാസ പഠന ക്ലാസ്സുകൾ മുതിർന്നവർക്കും കുഞ്ഞുങ്ങൾക്കും ഒരുപോലെ ആത്മീയ പോഷണം നൽകുന്നു വെന്ന് ഭദ്രാസന കൗൺസിൽ അംഗം അജിത് വട്ടശ്ശേരിൽ കെ.ജി. ഉമ്മൻ (ജെയ്), ജോസഫ് എബ്രഹാം, അബി വർഗീസ്, ആലിസ് തുകിലിൽ എന്നിവർ ആശംസകൾ അർപ്പിച്ചു പറഞ്ഞു. ജോർജ് വർഗീസ് ട്രസ്റ്റിയായും ഫിലിപ്പ് ഈശോ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു.



A Non Profitable , Service Oriented Venture By Shepherd's Valley Public Charitable Trust

ELDER'S CASTLE

(Senior Citizen's Home)

റിട്ടയർ ചെയ്തവർക്കും, മക്കൾ വിദേശത്തായതിനാൽ സംരക്ഷണവും പരിചരണമാവശ്യമുള്ളവർക്കും വേണ്ടി ആജീവനാന്തം താമസിക്കുന്നതിന് കോട്ടയം ജില്ലയിൽ പാമ്പാടിക്ക് സമീപം കെ.കെ. റോഡിന് വളരെയടുത്തുള്ള പ്രകൃതിരമണീയമായ 8.5 ഏക്കർ വിസ്തീർണ്ണമുള്ള ഷെപ്പേർ ഡ്സ് വാലി ക്യാമ്പസിൽ 20,000 sqt. ൽ പണിയുന്ന മൂന്ന നില അപ്പാർട്ടമെന്റാണ് ELDER'S CASTLE . അതിൽ 485 sqt. ഉള്ള ഒരു യൂണിറ്റിൽ Bed Room, Drawing Room, Bath Room, Nano Kitchen, Balcony എന്നിവയാണുള്ളത്. Lift, Ramp, Stair case എന്നീ സൗകര്യങ്ങളോടുകൂടിയ അപ്പാർട്ടുമെന്റിൽ 30 യൂണിറ്റുകളാണ് ഉള്ളത്. സുഖകരമായ താമസം, ഭക്ഷണം, വൈദ്യസഹായം വൈദികരുടെ നേതൃത്വത്തിലുള്ള ആത്മീയ ശുശ്രൂഷ, മാനസിക സന്തോഷത്തിനാവശ്യമായ പ്രോഗ്രാമുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. അനുബന്ധ സ്ഥാപനങ്ങളായി പാലിയേറ്റീവ് കെയർ, ചാപ്പൽ, റിട്രീറ്റ് സെന്റർ എന്നിവ ഷെപ്പേർഡ്സ് വാലി പ്രോജക്ടിന്റെ പ്രത്യേകതകളാണ്. ദൈവകൃപയാൽ 2016-ൽ പ്രവർത്തന സജ്ജമാകുന്ന അപ്പാർട്ട്മെന്റിൽ ആയുഷ്ക്കാലം താമസിക്കാൻ താല്പര്യമുള്ളവർക്ക് മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

Blissful Living for Families

ഷെപ്പേർഡ്സ് വാലി ക്യാമ്പസിൽ സ്വന്തമായി ഒരു പ്ലോട്ട് വാങ്ങി വീടു വെച്ച് താമസിക്കുന്നതിന് പത്തു സെന്റ് വീതമുള്ള 30 പ്ലോട്ടുകൾ ക്രമീകരിച്ചിരിക്കുന്നു. വിദേശത്തുള്ളവർക്ക് മാതാപിതാക്കളെ സംരക്ഷിക്കുന്നതിനും, മക്കളുടെ പഠനത്തിനും, സ്ഥിര താമസത്തിനുമായി ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ഇനി 15 പേർക്കു മാത്രമെ അവസരമുള്ളു. ഇവിടെ താമസിക്കുന്നവർക്ക് ഈ കാമ്പസിലെ മുഴുവൻ സൗകര്യങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

Common Facilities :-

- Palliative care center - "Ashraya"
- Chappel & Retrat Centre
- Ambulance Service
- Restaurant
- Common meeting place.
- Reading room..
- 24hr Security
- Professionally landscaped parks, orchards
- A spacious lounge with T.V and Wi-Fi acces

വിശദവിവരങ്ങൾക്ക്

The Director, Shepherd's Valley Public Charitabe Trust, 13th mile, K.K Road, Pulickal kavala P.O, , Kottayam dist., Kerala- 686515

Email: blissfullivings5@gmail.com,
www.shepherdsvalleykottayam.com

Contact:
+91 9447281859
(Chairman, Peelikutty Babu),
+91 9446921659
(Director, Rev. Fr. P.A. Thomas)

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004
Published on 10/March/2015

RNI No. 3076/57, Reg. No. KL/KTM/39/2015-17



PRINTED AND PUBLISHED BY FR. DEEPU PHILIP, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, CHIEF EDITOR FR. JOHN THOMAS KARINGATTIL Rs. 15/-